

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 92 ● ലക്കം 04 ● ഒക്ടോബർ 2019

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ : 19 Ch. 227-302 ........ 07
സർക്കുലർ : Prot. No. 1345/2019 ........ 11
മാർ തോമസ് തറയിൽ പിതാവിന്റെ കത്ത് ........ 19
കർദ്ദിനാൾ ലെയനാർദോ സാന്ദ്രിയുടെ കത്ത് ........ 22
GUIDELINES ON VICAR OF MAJOR ARCHBISHOP ........ 25
കച്ചേരിക്കാര്യം ........ 28
WAYANAD FLOOD RELIEF CONTRIBUTION - PARISHES ........ 30
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 35
സന്ദേശനിലയം ........ 36
ചെറുപുഷ്പ മിഷൻലീഗ് ........ 41
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 44
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 47
യുവദീപ്തി ........ 51
കെ.സി.എസ്.എൽ. ........ 53
കത്തോലിക്കാ കോൺഗ്രസ് ........ 54
ചാസ് ........ 55
കേരളാ ലേബർ മൂവ്മെന്റ് ........ 64
പ്രവാസി അപ്പോസ്തലേറ്റ് ........ 66
ആത്മതാകേന്ദ്രം ........ 69
ദലിത് കത്തോലിക്കാ മഹാജനസഭ ........ 70
ആവേമരിയ ........ 71
ഫ്രാൻസിസ്കൻ അല്മായസഭ ........ 73
വിൻസെൻഷ്യൻ വേദി ........ 75
മാനവ വിഭവശേഷി വികസനട്രസ്റ്റ് ........ 77
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 79
കരിസ്മാറ്റിക് നവീകരണം ........ 81
പൗരോഹിത്യ ആദ്ധ്യാത്മികത ........ 85
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 91
Engagements ........ 96

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# 50-ാം ചരമവാർഷികം



## ദൈവദാസൻ
## മാർ മാത്യു കാവുകാട്ട് പിതാവ്

**ഒക്ടോബർ 9, 2019**

# 70-ാം ചരമവാർഷികം



**ഭാഗ്യസ്മരണാർഹനായ**

## അഭി. ജെയിംസ് കാളാശ്ശേരി പിതാവ്

**ഒക്ടോബർ 27, 2019**

# സർക്കുലർ

**19 Ch. 227-302**

ബഹുമാനപ്പെട്ട വൈദീകരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

കേരളക്രൈസ്തവസമൂഹത്തിന്റെ ദുരവസ്ഥകളെക്കുറിച്ചും അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ഗൗരവമായി ചിന്തിക്കുകയും ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഇവിടുത്തെ ക്രൈസ്തവസമൂഹം അടിക്കടി പിന്നോക്കാവസ്ഥയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളസംസ്ഥാന രൂപീകരണ സമയത്ത് ഇവിടുത്തെ രണ്ടാമത്തെ വലിയസമൂഹം ആയിരുന്ന ക്രൈസ്തവർ ഇന്ന് 18.38% മാത്രമാണ്. സമീപ വർഷങ്ങളിൽ നമ്മുടെ കുട്ടികളുടെ ജനന നിരക്ക് 14% ആയി കുറഞ്ഞിരിക്കുന്നു. ഇതു വളരെ ആശങ്കാകരമായ ഒരു സ്ഥിതി വിശേഷമാണ്. നമ്മുടെ യുവജനങ്ങൾ മിക്കവരും പ്രവാസികളായി കൊണ്ടിരിക്കുകയാണ്. 30 വയസ്സിനു മുകളിൽ പ്രായമായിട്ടും വിവാഹം കഴിക്കാൻ സാധിക്കാതെ വിഷമിക്കുന്ന പുരുഷന്മാരുടെ എണ്ണം സീറോമലബാർ സഭയിൽതന്നെ ഒരു ലക്ഷത്തിനടുത്തുവരും എന്ന് ഈയിടെ നടത്തിയ ഒരു അനൗദ്യോഗിക കണക്കെടുപ്പ് സൂചിപ്പിക്കുന്നു. രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയാണ് ഇതിനെല്ലാം പ്രധാന കാരണം. ക്രൈസ്തവരുടെ ഇടയിലാണ് തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായിരിക്കുന്നത് എന്ന് കേന്ദ്രന്യൂനപക്ഷവകുപ്പ് മന്ത്രി ഈയിടെ പാർലമെൻറിൽ പ്രസ്താവിക്കുകയുണ്ടായല്ലോ. കാർഷികമേഖല തകർന്നു കഴിഞ്ഞു. റബർ നമ്മുടെ ഒരു പ്രധാന വരുമാന സ്രോതസായിരുന്നു. ചെറുകിട ബിസിനസുകളുടെയും വ്യവസായങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. മത്സ്യബന്ധന മേഖലയിലും ഗുരുതരമായ പ്രതിസന്ധികളാണ് ഉള്ളത്. പ്രളയവും പ്രകൃതിക്ഷോഭങ്ങളുംമൂലം മലയോര പ്രദേശങ്ങളിലും കുട്ടനാട്ടിലും ദുരിതമനുഭവിക്കുന്നവരിൽ ഏറെയും ക്രൈസ്തവരാണ്. ഈ പ്രശ്നങ്ങൾ എല്ലാം

കൂടി കേരളക്രൈസ്തവസമൂഹത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കിയിരിക്കുകയാണ്. ഇവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് നമ്മൾ ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

നിലനിൽപ്പ് അപകടത്തിൽ ആയിരിക്കുന്ന സമൂഹങ്ങളെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാർ 2006 ൽ ന്യൂനപക്ഷ ക്ഷേമവകുപ്പ് രൂപീകരിക്കുകയും മാറിമാറി വരുന്ന സർക്കാരുകൾ നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. 4700 കോടിരൂപയാണ് നിലവിൽ വാർഷിക ബഡ്ജറ്റിൽ കേന്ദ്രസർക്കാർ ഇതിനായി നീക്കിവച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരുകളുടെ ഫണ്ടുകൾ വേറെയുമുണ്ട്. ഒരുകോടിയോളം ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും നൽകുന്നുണ്ട്. കൂടാതെ പിഎസ്സി, ബാങ്ക് കോച്ചിംഗ് തുടങ്ങിയ മത്സര പരീക്ഷകൾക്കായി സൗജന്യ പരിശീലന കേന്ദ്രങ്ങൾ, സ്വയംതൊഴിൽ പരിശീലനം എന്നിവ നടത്തുകയും വിദ്യാഭ്യാസ, സ്വയംതൊഴിൽ വായ്പകൾ കുറഞ്ഞ പലിശയിൽ നൽകുകയും ചെയ്തുവരുന്നു. എന്നാൽ ക്രൈസ്തവർ ഇത്തരം പദ്ധതികളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുകയോ യഥാസമയം അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് നമ്മുടെ സമൂഹത്തിന്റെ ഒരു പരാജയമാണ്. അതോടൊപ്പം സർക്കാർ ജോലികളിൽ നിന്നും നമ്മുടെ സമൂഹം മുഖം തിരിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ ജോലികൾ വെറും ഉപജീവനമാർഗ്ഗം മാത്രമല്ല സമുദായത്തിന് അധികാരത്തിലുള്ള പങ്കാളിത്തം കൂടിയാണ്. ഇപ്പോൾ സാമ്പത്തിക സംവരണം നിലവിൽ വന്നിരിക്കുന്നതിനാൽ നമുക്ക് ശുഭപ്രതീക്ഷകളാണ് ഉള്ളത്. ഈ സുവർണ്ണ അവസരം പ്രയോജനപ്പെടുത്താൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ഈ ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ വിതരണത്തിലും നടപ്പാക്കലിലും ക്രൈസ്തവസമൂഹം തികഞ്ഞ അനീതികളെ നേരിട്ടുകൊണ്ടിരിക്കുന്നു എന്നതാണ്. പദ്ധതികൾ അനുവദിച്ചിരിക്കുന്നത് കേന്ദ്രസർക്കാർ ആണെങ്കിലും പദ്ധതി നിർവഹണത്തിന്റെ ചുമതല സംസ്ഥാന സർക്കാരിനാണ്. സർക്കാർ ഇതിനായി രൂപീകരിച്ച വകുപ്പുകളിലും സമിതികളിലും ക്രൈസ്തവ പ്രാതിനിധ്യം തുലോം തുച്ഛമാണ്. മാത്രമല്ല ഈ പദ്ധതികളെല്ലാം തികച്ചും അനീതിപരമായാണ് പങ്കുവെച്ചുകൊണ്ടിരിക്കുന്നത്. നമുക്ക് ഒരു പരിശീലനകേന്ദ്രം പോലും അനുവദിച്ചു നൽകിയിട്ടില്ല. നമുക്കുവേണ്ടി യാതൊരു ക്ഷേമപദ്ധതികളും നടപ്പിലാക്കപ്പെടുന്നില്ല. നമ്മുടെ പിന്നോക്കാവസ്ഥയെകുറിച്ച് പഠിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതുവരെ തയ്യാറായിട്ടില്ല.

ഈ അവഗണനയ്ക്കെതിരെ നമ്മുടെ സമുദായത്തിൽ നിന്നും ശക്തമായ പ്രതിഷേധം ഉയരേണ്ടതുണ്ട്. കൂടാതെ നമ്മുടെ പിന്നോക്കാവസ്ഥയെകുറിച്ചും ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ചും അവയുടെ നടപടിക്രമങ്ങളെകുറിച്ചും നിരന്തരമായ ബോധവൽക്കരണം നടത്തേണ്ടതുമുണ്ട്. ഈ കാര്യങ്ങളെ മുൻപിൽ കണ്ടുകൊണ്ട് നമ്മൾ ചില ക്രമീകരണങ്ങൾ നടത്തുകയാണ്.

**ക്രമീകരണങ്ങൾ**

1. മുകളിൽ പറഞ്ഞ കാര്യങ്ങൾ വിശദമാക്കികൊണ്ട് ഒരു പഠനഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതാണ്.
2. ഈ കാര്യങ്ങളെക്കുറിച്ച് ഇടവകതലത്തിലും സംഘടനാതലങ്ങളിലും ബോധവൽക്കരണം നടത്തുന്നതിനായി ഒരു ടീച്ചിംഗ് ടീം രൂപീകരിക്കുകയാണ്. ഈ ടീച്ചിംഗ് ടീമിനുള്ള പരിശീലന പരിപാടി ഒക്ടോബർ 12 രണ്ടാം ശനിയാഴ്ച രാവിലെ 9:30ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെടുന്നു. ഇതിൽ പങ്കെടുക്കാൻ യോഗ്യരും സന്നദ്ധരുമെന്നു തോന്നുന്നവരെ ബഹു. വികാരിയച്ചൻമാർ മുൻകൂട്ടി അറിയിച്ചശേഷം പറഞ്ഞയക്കുമല്ലോ.
3. ഈ ടീച്ചിംഗ് ടീമംഗങ്ങളെകൊണ്ട് ഇടവകകൾതോറും പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ, സൺഡേസ്കൂൾ അധ്യാപകർ, താൽപര്യപ്പെടുന്ന മറ്റുള്ളവർ എന്നിവരെ വിളിച്ചുചേർത്ത് ക്ലാസ്സുകൾ നൽകേണ്ടതാണ്.
4. കൂട്ടായ്മകൾ തോറും മുകളിൽ പറഞ്ഞ പഠനഗ്രന്ഥം വായിച്ച് ചർച്ച ചെയ്യേണ്ടതാണ്.
5. നവംബർ 24 ഞായറാഴ്ച മിശിഹായുടെ രാജത്വതിരുനാൾ ദിവസം നമ്മൾ സമുദായസംരക്ഷണദിനമായി ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിക്കുക, ക്ഷേമപദ്ധതികളിലെ വിവേചനം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു ഭീമഹർജി സമർപ്പിക്കുന്നതിന് വേണ്ടി എല്ലാ ഇടവകകളിലും ഒപ്പുശേഖരണം നടത്തേണ്ടതാണ്. കൂടാതെ ഇടവകതലത്തിലും സംഘടനാതലത്തിലും ബോധവത്കരണ പരിപാടികൾ നടത്തേണ്ടതാണ്.
6. അതിരൂപതയുടെ ആഭിമുഖ്യത്തിൽ ഹെൽപ്പ് ഡെസ്ക്കുകൾ ഇടവകൾ തോറും ആരംഭിക്കുന്നതാണ്. കൂടാതെ സ്കൂളുകൾ,

കോളേജുകൾ തുടങ്ങി അതിരൂപതയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇപ്രകാരം ഹെൽപ് ഡെസ്ക്കുകൾ രൂപീകരിക്കുന്നതാണ്.

7. ഈ ഹെൽപ്പ് ഡെസ്ക്കുകൾ മുഖേന വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും അവയ്ക്ക് അപേക്ഷിക്കേണ്ട നടപടിക്രമങ്ങളും വ്യക്തമാക്കിത്തരുകയും അപേക്ഷകൾ നൽകുവാൻ സഹായിക്കുകയും ചെയ്യുന്നതാണ്.

8. വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിയിപ്പുകൾ ദർശനം ഓൺലൈൻ എന്ന ന്യൂസ് പോർട്ടലിലൂടെ യഥാസമയം നൽകുന്നതാണ്. ഇതിന്റെ മൊബൈൽആപ്പ് പ്ലേസ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യുന്നവർക്ക് മൊബൈലിൽ നോട്ടിഫിക്കേഷനായി വിവരങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ സത്യദർശനം, കുടുംബജ്യോതി എന്നീ മാസികകളിൽകൂടിയും വിവരങ്ങൾ കൈമാറുന്നതാണ്.

9. സർക്കാർ ഉദ്യോഗസ്ഥരായ വ്യക്തികൾ തങ്ങളുടെ മേഖലകളിലുള്ള സമുദായത്തിന് പ്രയോജനപ്രദവും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങൾ അതിരൂപതയെ അറിയിച്ചാൽ അവ എല്ലാവർക്കും കൈമാറാൻ സാധിക്കും.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B: *ഈ സർക്കുലർ ഒക്ടോബർ 6 ഞായറാഴ്ച എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

Prot. No. 1345/2019

# സർക്കുലർ

**2019 ഓഗസ്റ്റ് 19 മുതൽ 30 വരെ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സിനഡിനു ശേഷം സീറോ മലബാർ സഭയിലെ പിതാക്കന്മാർ സംയുക്തമായി പുറപ്പെടുവിക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയമുള്ളവരേ,

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവിന്റെ ജനനത്തിരുനാളിന് നാം ഒരുങ്ങുകയാണല്ലോ. ദൈവകൃപയാലും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യതയാലും സീറോ മലബാർ സഭയ്ക്ക് നാളിതുവരെ ലഭിച്ചിട്ടുള്ള എല്ലാ നന്മകൾക്കും നമുക്ക് ദൈവത്തിന് നന്ദി പറയാം. ഭാരതം മുഴുവനും പ്രേഷിത പ്രവർത്തനത്തിന് വഴി തുറന്നു കിട്ടിയതും ഭാരതത്തിനു വെളിയിൽ വിവിധ ഭൂഖണ്ഡങ്ങളിൽ രൂപതകൾ ഉൾപ്പെടെ അജപാലന സൗകര്യങ്ങൾ ലഭിച്ചതും നമ്മുടെ സഭയോടുള്ള ദൈവത്തിന്റെ കരുതലായി നമുക്ക് മനസ്സിലാക്കാം.

എന്നാൽ, സീറോ മലബാർ സഭയുടെ ചരിത്രത്തിലെ വളരെ വേദനാജനകമായ നാളുകളിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സഭ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്ക് ദൈവഹിതപ്രകാരമുള്ള പരിഹാരം കണ്ടെത്തുവാനായി ദൈവജനം മുഴുവൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു എന്നത് ഞങ്ങൾ നന്ദിയോടെ ഓർമ്മിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയുടെ ഫലം സിനഡു പിതാക്കന്മാരുടെ ചർച്ചകളിൽ പ്രകടമായിരുന്നു. ദൈവതിരുമുമ്പിൽ ഏറെ വിനയത്തോടും പരിശുദ്ധാത്മ പ്രേരണയാലുള്ള കൂട്ടായ്മയിലുമാണ് സിനഡിലെ ചർച്ചകൾ നടന്നത്. ഇത്തവണത്തെ സിനഡിന്റെ കൂടുതൽ ദിവസങ്ങളും എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാനാണ് സിനഡ് പ്രാർത്ഥനാപൂർവ്വം ചിലവഴിച്ചത്. ഇക്കാര്യത്തിൽ പരിശുദ്ധ സിംഹാസനത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും സിനഡിനു മുന്നിലുണ്ടായിരുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമിവിവാദം, വ്യാജ

രേഖ കേസ്, അതിരൂപതയിലെ ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാനുള്ള ക്രമീകരണങ്ങൾ, അതിരൂപതയിൽ സംഭവിച്ച അച്ചടക്ക ലംഘനങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ഈ സിനഡിൽ ചർച്ച ചെയ്തത്. ഓരോ വിഷയത്തിലും സിനഡു പിതാക്കന്മാർ എല്ലാവരും തങ്ങളുടെ അഭിപ്രായങ്ങൾ ഹൃദയം തുറന്ന് പങ്കുവച്ചത് വലിയ കൃപയുടെ നിമിഷങ്ങളായിരുന്നു. സഭാഗാത്രത്തിലെ പ്രതിസന്ധികളിൽ വേണ്ട രീതിയിൽ ഇടപെട്ട് യഥാസമയം പരിഹരിക്കാൻ കഴിയാതിരുന്നതിലും ദൈവജനത്തിന് സുവിശേഷാധിഷ്ഠിത സാക്ഷ്യം നല്കുന്നതിൽ വീഴ്ച വന്നതിലും സിനഡു പിതാക്കന്മാരായ ഞങ്ങൾക്ക് പറ്റിയ തെറ്റ് ദൈവത്തിനും ദൈവജനത്തിനും മുമ്പിൽ എളിമയോടെ ഏറ്റുപറഞ്ഞ് മാപ്പ് ചോദിക്കുന്നു.

## ഭൂമി വിവാദം

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിലധികമായി സഭയെ ആഴത്തിൽ മുറിവേൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടത് സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിനെതിരേയാണ് എന്നത് പ്രതിസന്ധികളെ കൂടുതൽ ഗുരുതരമാക്കി. ഭൂമിവിവാദവുമായി ബന്ധപ്പെട്ട വിവിധ പഠനങ്ങളും വിലയിരുത്തലുകളും സിനഡിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

വിവാദമായ ഭൂമി ഇടപാടിൽ അതിരൂപതയിലെ കാനോനിക സമിതികളുടെയും സഹായ മെത്രാന്മാരുടെയും മെത്രാപ്പോലീത്തയുടെയും കൂട്ടായ ഉത്തരവാദിത്തത്തിൽ വീഴ്ചകളുണ്ടായിട്ടുണ്ട് എന്ന് സിനഡ് മനസ്സിലാക്കുന്നു. വിവിധ പഠനങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാകുന്നത് കർദിനാളോ സഹായ മെത്രാന്മാരോ, അതിരൂപതയിലെ വൈദികരോ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് യാതൊരുവിധ സാമ്പത്തിക നേട്ടവും ഉണ്ടാക്കിയിട്ടില്ല എന്നാണ്. ഇടനിലക്കാർ റിയൽ എസ്റ്റേറ്റ് രീതിയിൽ സാമ്പത്തിക നേട്ടം മുന്നിൽ കണ്ടു പ്രവർത്തിച്ചത് യഥാസമയം കണ്ടെത്താനോ നടപടികൾ എടുക്കാനോ അതിരൂപതാ നേതൃത്വത്തിനോ കാനോനിക സമിതികൾക്കോ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടിരുന്ന വൈദികർ തങ്ങളുടെ ഉത്തരവാദിത്വത്തിൽ സാരമായ വീഴ്ച വരുത്തിയിട്ടുണ്ട്. ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധക്കുറവും ഇടനിലക്കാരുടെ അന്യായമായ ലാഭേച്ഛയുംമൂലം അതിരൂപതയുടെ വസ്തുക്കൾ നഷ്ടപ്പെട്ട് പോകുമോ എന്നോർത്ത് അതിരൂ

പതയിലെ വൈദികരും സന്യസ്തരും അല്മായരും പ്രകടിപ്പിച്ച വികാരങ്ങൾ ഞങ്ങൾ മനസ്സിലാക്കുന്നു.

ഭൂമി ഇടപാടിലൂടെ അതിരൂപതയ്ക്ക് നഷ്ടം വന്നിട്ടുണ്ടെങ്കിൽ അത് ശാസ്ത്രീയമായ പഠനങ്ങളിലൂടെ കണ്ടെത്തേണ്ടതും വീണ്ടെടുക്കേണ്ടതുമാണ്. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ മെത്രാപ്പോലീത്തൻ വികാരി നേതൃത്വമെടുത്ത് സ്ഥിരം സിനഡ് അംഗങ്ങളുടെ സഹായത്തോടെ ഇതിനായി സമയബന്ധിതമായി പരിശ്രമിക്കുന്നതാണ്. ഭൂമി വിവാദത്തിന് ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കുവാനായി സിനഡ് നേതൃത്വം നല്കുന്ന കർമ്മപദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മുൻവിധികൾ മാറ്റിവച്ച് തുറന്ന മനസ്സോടെ, അതിരൂപത ഒരു കുടുംബമാണ് എന്ന ചിന്തയോടെ, പരിശ്രമിച്ചാൽ ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ നമുക്ക് കഴിയും. അതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങൾക്കും ഈ സിനഡ് പ്രതിജ്ഞാബദ്ധമാണ്.

## വ്യാജരേഖാ വിവാദം

ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ആരോപണങ്ങളെ സാധൂകരിക്കുന്ന തരത്തിലുള്ള ചില വ്യാജരേഖകളും പ്രത്യക്ഷപ്പെട്ടു എന്നത് ഏറെ ദൗർഭാഗ്യകരമാണ്. ഈ വ്യാജരേഖകളുടെ യഥാർത്ഥ ഉറവിടം കണ്ടെത്തുവാനായി സിനഡിന്റെ അംഗീകാരത്തോടെ നൽകിയ കേസിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവും ബഹു. പോൾ തേലക്കാട്ടച്ചനും പ്രതിചേർക്കപ്പെട്ടത് വ്യാജരേഖാ കേസിന് പുതിയ മാനങ്ങൾ നല്കി. സിനഡിനുവേണ്ടി പരാതി നൽകിയ വൈദികന്റെ മൊഴിക്ക് വിരുദ്ധമായി പ്രതിചേർക്കപ്പെട്ട ഇവരെ പ്രതിപട്ടികയിൽ നിന്നും ഒഴിവാക്കാൻ പരാതിക്കാരൻ CrPC 164 വകുപ്പ് പ്രകാരം മജിസ്ട്രേറ്റിനു മുമ്പിൽ മൊഴി നൽകിയിട്ടുണ്ട്. ഈ കേസിനോടനുബന്ധിച്ച് പരാതിക്കാരന്റേതായി നിയമപരമായി നിലനിൽക്കുന്ന ഏക മൊഴി ഇതു മാത്രമാണ്. ഈ കേസിൽ സിനഡിനുവേണ്ടി നല്കിയ പരാതിയിൽ ഇവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താൻ സിനഡ് ഉദ്ദേശിച്ചിരുന്നില്ല എന്ന നിലപാട് ഔദ്യോഗികമായി ആവർത്തിക്കുന്നു. പരാതിയിൽ ഉന്നയിച്ച വസ്തുതകൾക്ക് വിരുദ്ധമായി വ്യത്യസ്ത പ്രഥമവിവര മൊഴികൾ (FIS) പോലീസ് ഹാജരാക്കിയതിനു പിന്നിൽ ചില സഭാവിരുദ്ധ ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ട് എന്ന് സിനഡ് സംശയിക്കുന്നു. ഈ കേസുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോ അല്മായരോ അകാരണമായി അപമാനിക്കപ്പെട്ടിട്ടുണ്ടെങ്കിൽ

അവരുടെ ദുഃഖത്തിൽ സിനഡു പിതാക്കന്മാർ പങ്കുചേരുന്നു. വ്യാജരേഖയുടെ യഥാർത്ഥ ഉറവിടം കണ്ടെത്തണം എന്ന ലക്ഷ്യത്തിലുറച്ചു നിൽക്കുമ്പോഴും ഈ കേസുമായി ബന്ധപ്പെട്ട് അന്യായമായി ആരും പീഡിപ്പിക്കപ്പെടരുതെന്ന് സിനഡിന് നിർബ ന്ധമുണ്ട്. ഇക്കാര്യത്തിൽ നിയമപരമായി സാധ്യമായ ഇടപെടലുകൾ നടത്തുന്നതാണ്.

## അച്ചടക്ക ലംഘനം.

വിവാദങ്ങൾക്കിടയിലും സഭയുടെ പൊതുനന്മയെ മുൻനിർത്തി ആത്മസംയമനത്തോടെ സഭാശുശ്രൂഷ നിർവ്വഹിച്ച എറണാകു ളം-അങ്കമാലി അതിരൂപതയിലെ വൈദികരേയും സന്യസ്തരേയും അല്മായരേയും സിനഡ് നന്ദിപൂർവ്വം ഓർമ്മിക്കുന്നു. എന്നാൽ, ഭൂമി വിവാദത്തോടനുബന്ധിച്ചുണ്ടായ പ്രതിഷേധങ്ങളിൽ പലതും സഭയിൽ പാലിക്കേണ്ട അച്ചടക്കത്തിന്റെ സകല സീമകളും ലംഘിക്കുന്ന തായിരുന്നു. സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിന്റെ കോലം കത്തിച്ച ചില വ്യക്തികളുടെ നടപടി സഭയ്ക്ക് തീരാകളങ്കമാണ് വരുത്തിവച്ചത്. വൈദികർ അതിരൂപതാ കാര്യാലയത്തിലേക്കു പ്രതിഷേധ പ്രകടനമായി ചെന്ന് നിവേദനം നല്കിയതും അതിരൂപതാധ്യക്ഷനെതിരേ ആക്ഷേപ കരമായ വിശേഷണങ്ങളോടെ പത്രസമ്മേളനങ്ങൾ ആവർത്തിച്ചു നടത്തിയതും കത്തോലിക്കാ പൗരോഹിത്യ സംസ്കാരത്തിന് അന്യവും സഭയുടെ ശത്രുക്കൾക്ക് വിരുന്നൊരുക്കുന്നതുമായ നടപടി കളായിരുന്നു.

അതിമെത്രാസന മന്ദിരത്തിൽ ഒരു വൈദികൻ ഉപവാസസമരം നടത്തിയതും അതിന് ഏതാനും വൈദികർ പിന്തുണ പ്രഖ്യാപിച്ചതും സഭാഗാത്രത്തിൽ വലിയ ക്ഷതമാണ് ഏൽപ്പിച്ചത്. ഇത്തരം തെറ്റായ നടപടികളെ സീറോ മലബാർ സഭയുടെ സിനഡ് ശക്തമായി അപലപി ക്കുകയും സഭയുടെ മുഴുവൻ ദുഃഖം ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ദൈവജനത്തിനുണ്ടായ മനോവേദനയും ദുർമാതൃകയും എത്ര വലുതായിരുന്നുവെന്ന് ഇതിൽ ഉൾപ്പെട്ടവർ മനസ്സിലാക്കുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. ഇത്തരം അച്ചടക്ക ലംഘനങ്ങൾ ആവർത്തിക്കരുതെന്ന് സിനഡ് എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയെ ആഴത്തിൽ മുറിവേൽപ്പിച്ച ഈ പ്രതികരണങ്ങളിലൂടെ സീറോ മലബാർ സഭ മാത്രമല്ല ഭാരതസഭ മുഴുവൻ അപമാനിതമാകുന്ന സാഹചര്യമുണ്ടായി. അതിരൂപതയുടെ നഷ്ടങ്ങളെക്കുറിച്ച് പ്രതികരി ച്ചപ്പോൾ 'തന്റെ തിരുരക്തം വിലയായി കൊടുത്ത് സഭയെ നേടിയ' മിശിഹായാണ് (അപ്പ 20:28) വിസ്മരിക്കപ്പെട്ടത്.

'എന്റെ സുഹൃത്തുക്കളുടെ ഭവനത്തിൽ വച്ച് എനിക്കു മുറിവേറ്റു' (സഖ 13:6) എന്ന കർത്താവിന്റെ വിലാപത്തിന് നാം ചെവി കൊടുക്കണം. സഭയിൽ സംജാതമായ ഈ അച്ചടക്കരാഹിത്യത്തെ തിരുത്താനുള്ള ഉത്തരവാദിത്തം എറണാകുളം-അങ്കമാലി അതിരൂപതയിൽ പുതുതായി നിയമിതനായ മെത്രാപ്പോലീത്തൻ വികാരിയെ സിനഡ് ഭരമേൽപ്പിക്കുകയാണ്. ബന്ധപ്പെട്ടവർക്ക് അനുതാപത്തിനും അനുരഞ്ജനത്തിനുമുള്ള വഴി സുഗമമാക്കുന്നതിന് മെത്രാപ്പോലീത്തൻ വികാരിയെ സഹായിക്കാൻ സിനഡ് ഒരു മെത്രാൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്. തുറന്ന മനസ്സോടെ ഈ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കണമെന്ന് സിനഡ് ആവശ്യപ്പെടുകയാണ്. സമീപകാലത്ത് സഭയിൽ വിവാദം സൃഷ്ടിച്ച പല സംഭവങ്ങളിലും വൈദികരുടെയും സന്യസ്തരുടെയും അച്ചടക്കരാഹിത്യം എത്രമേൽ അപകടകരമാകാമെന്നതിന് സഭയൊന്നാകെ സാക്ഷ്യം വഹിച്ചതാണ്. എല്ലാ മക്കളെയും ചേർത്തു നിർത്താൻ ആഗ്രഹിക്കുന്ന അമ്മയുടെ മനസ്സോടെയാണ് സഭാ നേതൃത്വം ഈ നിലപാടുകൾ സ്വീകരിക്കുന്നത്.

വിവാദങ്ങളുടെ മറവിൽ, സഭയിൽ വിഭാഗീയത വളർത്താനുള്ള ശ്രമങ്ങൾ വിവിധ സോഷ്യൽ മീഡിയാ ഗ്രൂപ്പുകളിലൂടെ നടന്നു എന്നതും അപലപനീയമാണ്. സഭാതലവന്റെ സംരക്ഷകർ എന്ന് സ്വയം വിശേഷിപ്പിച്ച് എറണാകുളം-അങ്കമാലി അതിരൂപതയെയും അതിരൂപതയിലെ വൈദികരെയും സഹായമെത്രാന്മാരെയും അപമാനിക്കുന്ന വിധത്തിൽ പ്രതികരിച്ചവരും ഇവർക്കെതിരായി പ്രതികരിച്ചവരും ചേർന്ന് ചാനലുകളിലും ഇതര മാധ്യമങ്ങളിലും സൃഷ്ടിച്ച പ്രകോപനങ്ങൾ സഭാവിരുദ്ധ പ്രവൃത്തിയാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുന്ന വിവിധ ഗ്രൂപ്പുകളെ നിയന്ത്രിക്കാൻ എല്ലാ രൂപതകളും ശ്രദ്ധിക്കണം. 'ഭിന്നതയുടെ മതിലുകൾ തകർത്ത് നമ്മെ ഒന്നിപ്പിച്ച ഈശോയാണ് നമ്മുടെ സമാധാനം' (എഫേ 2:14). സഭയിൽ ഭിന്നത വളർത്താൻ മാത്രം ഉപകരിക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളെയും സിനഡ് ഏകസ്വരത്തിൽ അപലപിക്കുന്നു. ചാനൽ ചർച്ചകളിൽ പങ്കെടുക്കുന്നതിനും പത്രക്കുറിപ്പുകൾ നല്കുന്നതിനും വൈദികർക്ക് മെത്രാന്റെ അനുമതി ആവശ്യമാണെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

കത്തോലിക്കാ സഭയിലെ അല്മായർക്ക് അഭിപ്രായപ്രകടനത്തിനും സഭാഭരണത്തിലെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി വ്യവസ്ഥാപിത മാർഗങ്ങളും സംഘടനാ സംവിധാനങ്ങളുമുണ്ട്. എന്നാൽ, അടുത്ത കാലത്ത് നിക്ഷിപ്ത താല്പര്യങ്ങളുള്ള ചില വ്യക്തികൾ സഭയിലെ അല്മായരുടെയും

സന്യസ്തരുടെയും അവകാശസംരക്ഷകർ എന്ന വ്യാജേന സ്വന്തം നിലയിൽ സംഘടനകൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഘടനകൾ പലപ്പോഴും സഭാവിരുദ്ധ ശക്തികളുടെ കൈകളിലെ പാവകളായി വർത്തിക്കേണ്ടി വരുന്നതായും സിനഡ് സംശയിക്കുന്നു. സഭയിൽ വിഭാഗീയത വളർത്താനും സഭയെ സമൂഹമധ്യത്തിൽ അവഹേളിതയാക്കുവാനുമാണ് ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ ഇടവരുത്തിയിട്ടുള്ളത്. അതിനാൽ അതിരൂപതാ സുതാര്യതാ സമിതി (A.M.T.), അതിരൂപതാ സംരക്ഷണ സമിതി, അല്മായ മുന്നേറ്റം, ഇന്ത്യൻ കാത്തലിക്ക് ഫോറം, വേൾഡ് ക്രിസ്ത്യൻ കൗൺസിൽ, സേവ് അവർ സിസ്റ്റേഴ്സ് തുടങ്ങിയ സംഘടനകളുടെ സഭാവിരുദ്ധ പ്രവർത്തനങ്ങളെ സിനഡ് പൂർണ്ണമായും നിരാകരിക്കുന്നു. ഇവയെ സഭാസംഘടനകളായി അംഗീകരിക്കുന്നില്ല എന്ന് സിനഡ് അറിയിക്കുന്നു.

## മുന്നോട്ടുള്ള വഴി

അഭിപ്രായഭിന്നതകൾ അവസാനിപ്പിച്ച് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കും സീറോ മലബാർ സഭയ്ക്കും മുന്നോട്ടു പോകേണ്ടതുണ്ട്. 'നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ച്, ഒരേ സ്നേഹത്തിൽ വർത്തിച്ച് ഒരേ ആത്മാവും ഒരേ അഭിപ്രായവുമുള്ളവരാകുവിൻ' (ഫിലി 2:2) എന്ന ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം. ഇതിന് ആവശ്യമായ ഒരു കർമ്മപദ്ധതി കൂടിയാലോചനകളിലൂടെ സിനഡ് രൂപീകരിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോ മലബാർ സഭയിലുള്ള പ്രമുഖസ്ഥാനം സിനഡ് പ്രത്യേകമായി ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. തങ്ങളിൽനിന്ന് സഭയും കാലഘട്ടവും പ്രതീക്ഷിക്കുന്ന ആത്മീയ ഔന്നത്യവും ഉദാരതയും എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരും സന്യസ്തരും അല്മായരും പ്രകടമാക്കും എന്ന് സിനഡ് പ്രത്യാശിക്കുന്നു.

മേജർ ആർച്ചുബിഷപ്പിന്റെ ആഗോളതലത്തിലുള്ള ഭാരിച്ച ഉത്തരവാദിത്തങ്ങൾ പരിഗണിച്ച് എറണാകുളം-അങ്കമാലി അതിരൂപതയുടെ ദൈനംദിന ഭരണനിർവ്വഹണത്തിന് ഒരു മെത്രാപ്പോലീത്തൻ വികാരിയെ നിയമിക്കുന്ന കാര്യം സിനഡ് 2007 മുതൽ ചർച്ച ചെയ്തിരുന്നതാണ്. ഇതു സംബന്ധിച്ചുള്ള തീരുമാനം 2019 ജനുവരി സിനഡിൽ റോമിന്റെ അംഗീകാരത്തിനായി അയച്ചിരുന്നു. എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്തൻ വികാരിയായി മണ്ഡ്യ രൂപതാദ്ധ്യക്ഷനും അതിരൂപതാംഗവുമായ മാർ ആന്റണി കരിയിൽ സി.എം.ഐ. യെ സിനഡ് തെരഞ്ഞെടുത്തിട്ടുണ്ട്. അതിരൂപ

തയുടെ മെത്രാപ്പോലീത്തയായ മേജർ ആർച്ചുബിഷപ്പിനോടും അതിരൂപതാ മെത്രാപ്പോലീത്തൻ വികാരിയോടും ചേർന്ന് ഒരേമനസ്സോടെ അതിരൂപത സുവിശേഷത്തിന്റെ വെളിച്ചത്തിൽ മുന്നോട്ട് നീങ്ങുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. 'മിശിഹായിൽ നാമെല്ലാവരും ഒന്നാണെന്ന ശ്ലീഹായുടെ ആഹ്വാനം' (ഗലാ 3:28) നമ്മെ നയിക്കട്ടെ. മലമേൽ പണിത ഗോപുരംപോലെ അതിരൂപതയുടെ മഹത്വം വർദ്ധമാനമാകട്ടെ എന്ന് സിനഡ് പ്രാർത്ഥിക്കുന്നു. സഹോദരർ ഒരുമിച്ചു വസിക്കുന്നതിന്റെ വൈശിഷ്ട്യവും സൗന്ദര്യവും അതിരൂപതയിൽ വർദ്ധിച്ചു വരട്ടെ.

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്ത അഭിവന്ദ്യ ജേക്കബ് മനത്തോടത്ത് പിതാവിനോട് സിനഡിനുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ അഭിവന്ദ്യ പിതാവ് സ്വീകരിച്ച നടപടികൾ പ്രശ്നപരിഹാരങ്ങൾക്ക് ഏറെ സഹായകമായിട്ടുണ്ട്. അതിരൂപതയുടെ സഹായമെത്രാന്മാരായിരുന്ന മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്കന്മാർക്ക് പുതിയ അജപാലന സ്ഥാനങ്ങൾ നിർണ്ണയിക്കണം എന്ന ഉത്തരവാദിത്തം പരിശുദ്ധ സിംഹാസനം സിനഡിനെ ഭരമേൽപ്പിച്ചിരുന്നു. ഈ പിതാക്കന്മാരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റിനിർത്തിയത് ശിക്ഷാനടപടിയായി വ്യാഖ്യാനിക്കുന്നത് ശരിയല്ലെന്നും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണ നിർവ്വഹണം ക്രമീകരിക്കുന്നതിന്റെ ഭാഗമായി പരിശുദ്ധ സിംഹാസനമെടുത്ത നടപടിയുടെ ഭാഗമായിരുന്നു എന്നും അറിയിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായ മെത്രാന്മാരെന്ന നിലയിൽ ഇവർ ചെയ്ത സേവനങ്ങളെ സിനഡ് നന്ദിയോടെ ഓർമ്മിക്കുന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനെ മണ്ഡ്യ രൂപതയുടെ മെത്രാനായും അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവിനെ ഫരിദാബാദ് രൂപതയുടെ സഹായ മെത്രാനായും സിനഡ് തിരഞ്ഞെടുത്തിട്ടുണ്ട്. പുതിയ അജപാലന മേഖലകളിൽ എല്ലാവിധ നന്മയും പിന്തുണയും ഈ പിതാക്കന്മാർക്ക് സിനഡ് വാഗ്ദാനം ചെയ്യുന്നു. ഈ പിതാക്കന്മാർ പുതിയ ദൗത്യം ഏറ്റെടുക്കുന്നതുവരെ എറണാകുളം-അങ്കമാലി അതിമെത്രാസനഭവനത്തിൽ താമസിച്ച് മെത്രാപ്പോലീത്തൻ വികാരിയെ സഹായിക്കുന്നതാണ്.

എറണാകുളം-അങ്കമാലി അതിരൂപതയിലെ മേൽപറഞ്ഞ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കോടതികളിൽ നിലവിലുള്ള വിവിധ കേസുകൾ നിയമപരമായും അനുരഞ്ജനാരൂപിയിലും പരിഹരി

ക്കേണ്ടത് അതിരൂപതയുടെ സുഗമമായ പ്രയാണത്തിന് ആവശ്യമാണെന്ന് സിനഡു വിലയിരുത്തുന്നു. ഇതിനായി വിരമിച്ച പ്രഗൽഭ ന്യായാധിപന്മാരുടെ ഒരു സമിതിയെ സിനഡ് നിയോഗിച്ചിട്ടുണ്ട്. ഈ സമിതിയുടെ സഹായത്തോടെ വ്യവഹാരങ്ങൾ പരിഹരിക്കാൻ മെത്രാപ്പോലീത്തൻ വികാരിയെ സിനഡ് ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിലും ആഗോള തലത്തിലും സീറോ മലബാർ സഭയുടെ വളർച്ചയ്ക്ക് നമ്മുടെ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരിപ്പിതാവ് നല്കിക്കൊണ്ടിരിക്കുന്ന നേതൃത്വത്തെ സിനഡ് നന്ദിയോടെ ഓർമ്മിക്കുന്നു. വ്യക്തിപരമായ ആരോപണങ്ങൾ ഉയർന്നപ്പോഴും സമചിത്തതയോടെയും ക്രിസ്തീയ അരൂപിയിലും പ്രതികരിച്ച അഭിവന്ദ്യ പിതാവിന്റെ മാതൃക അനുകരണീയമാണ്. സീറോ മലബാർ സഭയെ ഏറെ സ്നേഹിക്കുകയും പ്രതിസന്ധി ഘട്ടങ്ങളിൽ വ്യക്തമായ ഇടപെടലുകൾ നടത്തുകയും ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പയെയും പൗരസ്ത്യ തിരുസംഘത്തെയും സിനഡ് ഏറെ ആദരവോടെയും നന്ദിയോടെയും അനുസ്മരിക്കുന്നു. വിവാദങ്ങളുടെ ഭാഗമായി ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ പരസ്പരം ക്ഷമിക്കാനും മറക്കാനും നമ്മുടെ കർത്താവിന്റെ സ്നേഹത്തിന്റെ അരൂപിയിൽ എല്ലാവരും തയ്യാറാകണം. നമ്മുടെ സഭയ്ക്ക് തുറന്നു കിട്ടിയ പുതിയ പ്രേഷിത സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താനും ഇതാവശ്യമാണ്. ഇതിന് സഹായകമായ അനുരഞ്ജനശ്രമങ്ങൾ എല്ലാ തലത്തിലും ഉണ്ടാകണം. നാമെല്ലാം ഒന്നാകണമെന്ന ഈശോയുടെ സ്വപ്നം (യോഹ. 17:23) സഫലമാക്കാൻ നമുക്ക് ഒരുമിച്ച് നീങ്ങാം.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യത നമുക്ക് സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ കുരിശിനാൽ നിങ്ങളെല്ലാവരെയും ആശീർവ്വദിച്ചുകൊണ്ട്

**സീറോ മലബാർ സഭയുടെ സിനഡ് പിതാക്കന്മാർ**

---

N.B: *സെപ്റ്റംബർ 1 ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ പള്ളികളിലും വായിക്കാനായി നല്കിയിരുന്നത്.*

# ഒക്ടോബർ - അസാധാരണ പ്രേഷിതമാസം

സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

നിങ്ങൾക്കെല്ലാവർക്കും സ്നേഹപൂർവ്വം ആശംസകൾ!

ബനഡിക്റ്റ് പതിനഞ്ചാമൻ പാപ്പാ 1919 നവംബർ 30 ന് പുറപ്പെടുവിച്ച 'മാക്സിമും ഇല്ലൂദ്' (ഏറ്റവും വലിയകാര്യം) എന്ന ശ്ലൈഹീക പ്രബോധനത്തിന്റെ ശതാബ്ദി അനുസ്മരണ കാലഘട്ടത്തിൽ സഭയുടെ പ്രേഷിതത്വപ്രബുദ്ധതയും സമർപ്പണവും 2019 ഒക്ടോബർ മാസത്തിൽ പുനർജീവിപ്പിക്കുവാൻ മുഴുവൻ സഭയോടും ഫ്രാൻസിസ് പാപ്പാ ആവശ്യപ്പെട്ടിരിക്കുന്ന കാര്യം വേദപ്രചാരമദ്ധ്യസ്ഥനിലൂടെയും മറ്റ് വിവിധ മാധ്യമങ്ങളിലൂടെയും ഇതിനോടകം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. കെ. സി. ബി. സി. യും സീറോമലബാർ സിനഡും നമ്മുടെ അഭിവന്ദ്യ പിതാവും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ടല്ലോ. ഇവയുടെയെല്ലാം വെളിച്ചത്തിൽ നമ്മുടെ അതിരൂപതയിലെ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കുവാനാണ് ഈ കത്ത് നിങ്ങൾക്ക് എഴുതുന്നത്.

നമ്മുടെ അതിരൂപതയ്ക്കും വിശാലമായ പ്രേഷിതരംഗം ഉണ്ട്. ഇറ്റാവാ മിഷൻ, ജയ്പൂർ മിഷൻ, തക്കല രൂപതയുടെ അഭ്യർത്ഥന അനുസരിച്ച് ഈ വർഷം നമ്മൾ ഏറ്റെടുത്ത വിരുതുനഗർ ജില്ല എന്നിവ പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു.

''ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി മിശിഹായുടെ സഭ ലോകത്തിൽ'' എന്നതാണ് പ്രേഷിതമാസത്തിന്റെ വിഷയമായി പാപ്പാ നൽകിയിരിക്കുന്നത്. ഈ ആചരണത്തെ കൂടുതൽ സമ്പന്നമാക്കുവാൻ സഭ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവയുടെയെല്ലാം വെളിച്ചത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്കു പ്രത്യേക ഊന്നൽ നൽകുക.

1. വി. കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രാർത്ഥന എന്നിവയിലൂടെ ഈശോയോടുള്ള വ്യക്തിബന്ധത്തിൽ വളരുക. ഒപ്പം പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടിയും തീക്ഷണതയോടെ പ്രാർത്ഥിക്കുക.

2. മാമ്മോദീസാ സ്വീകരിച്ച ഓരോ വിശ്വാസിയും മിഷണറിയാണെന്നു സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ അവബോധം വർദ്ധിപ്പിക്കുന്നതിനും നമ്മെ കൂടുതൽ കർമ്മനിരതരാക്കുന്നതിനും ഇടവക - ഫൊറോനാതലത്തിൽ മിഷൻ സെമിനാറുകൾ, ക്ലാസ്സുകൾ, ധ്യാനങ്ങൾ എന്നിവ സംഘടിപ്പിക്കുക. **അതിരൂപതാതലത്തിൽ നവംബർ 2 ന് ഒരു സെമിനാർ ക്രമീകരിച്ചിട്ടുണ്ട്.**

3. "അതിരൂപതയുടെ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകുക" യെന്ന പിതാവിന്റെ നിർദ്ദേശമനുസരിച്ച് (മദ്ധ്യസ്ഥൻ സെപ്റ്റംബർ 2019) ഈ വർഷത്തെ മിഷൻ ഞായർ ആചരണം സൺഡേ സ്കൂളിന്റെയും മിഷൻലീഗിന്റെയും ആഭിമുഖ്യത്തിൽ കൂടുതൽ കാര്യക്ഷമമാക്കുക. പതിവുപോലെ ഇടവകകളിൽ ഉല്പ്പന്ന പിരിവു നടത്തി - ലേലം വിളിച്ച് ലഭിക്കുന്ന തുക ജയ്പൂർമിഷനെയും തക്കലമിഷനെയും സഹായിക്കുവാൻ അതിരൂപതാ കേന്ദ്രത്തിലേല്പിക്കുക. അതിരൂപതയിലെ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ പങ്കാളികളാകുക.

4. ഇടവകകളും സ്ഥാപനങ്ങളും ഒക്ടോബർ മാസത്തിൽ "പ്രേഷിതദിനമായി" ഒരു ദിവസം തിരഞ്ഞെടുത്ത് സമുചിതമായി ആഘോഷിക്കുക. പ്രേഷിതരെ ആദരിക്കുകയും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

5. പ്രേഷിത മാസമായി ആചരിക്കുന്ന ഒക്ടോബറിലെ നാലു ഞായറാഴ്ച്ചകളിൽ ഓരോ ഇടവകയിലും നടപ്പാക്കുന്നതിന് സിനഡ് നല്കിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക.

   a. 06. 10. 2019 ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന മിഷനുവേണ്ടി നടത്തുക.

   b. 13. 10. 2019 മിഷനെക്കുറിച്ച് സെമിനാർ / ഡോക്യുമെന്ററി സംഘടിപ്പിക്കുക.

   c. 20. 10. 2019 മിഷൻ ഞായർ ആഘോഷം.

   d. 27. 10. 2019 മിഷൻ സന്ദർശനം- പൊതു സംവിധാനങ്ങളോടു ചേർന്നോ ഇടവക തലത്തിലോ ക്രമീകരിക്കുക.

6. പ്രേഷിത മാസത്തിൽ ചൊല്ലുന്നതിനു നല്കിയിരിക്കുന്ന പ്രാർത്ഥന വി. കുർബാന കഴിഞ്ഞു വിശ്വാസസമൂഹം ഒരുമിച്ചു പ്രാർത്ഥിക്കുക.

നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകൾ നേരുന്നു, പ്രത്യേകം പ്രാർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് തോമസ് തറയിൽ**
സഹായമെത്രാൻ, ചങ്ങനാശേരി അതിരൂപത

## 2019 ഒക്ടോബർ പ്രേഷിതമാസത്തേക്കുള്ള പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ ഏകജാതനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാ ഉത്ഥാനശേഷം 'പോകുവിൻ, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' എന്ന് ശിഷ്യരോട് കല്പിച്ചുവല്ലോ. അതുവഴി ജ്ഞാനസ്നാനത്തിലൂടെ ഞങ്ങളോരോരുത്തരും സഭയുടെ പ്രേഷിത പ്രവൃത്തിയിൽ പങ്കാളികളായിരിക്കുന്നുവെന്നു ഞങ്ങളറിയുന്നു.

സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്നതിൽ ധീരതയും തീക്ഷ്ണതയുമുള്ളവരായിരിക്കാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ വഴി ഞങ്ങളെ ശക്തിപ്പെടുത്തണമേ. അങ്ങനെ സഭയെ ഏല്പിച്ചിട്ടുള്ളതും ഇനിയും പൂർണ്ണമായി നിറവേറിയിട്ടില്ലാത്തതുമായ ഈ പ്രേഷിതദൗത്യം ലോകത്തിനു ജീവനും പ്രകാശവും നല്കുവാൻ കനിയണമേ.

ഈശോമിശിഹായുടെ രക്ഷാകരമായ സ്നേഹവും കാരുണ്യവും എല്ലാ ജനതകളും അനുഭവിക്കാൻ ഇടവരുത്തുന്നതിന് ഞങ്ങളെ സഹായിക്കണമേ. അങ്ങയോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എന്നെന്നും ദൈവമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹാവഴി ഈ പ്രാർത്ഥന കേട്ടരുളണമേ. ആമ്മേൻ.

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

August 29, 2019

Prot. N. 125/2011

Your Beatitude,

The Holy Father looks with affection and esteem towards the venerable Syro-Malabar Major Archiepiscopal Church. The spread of the Gospel, the numerous religious and social works, the pastoral care of vibrant communities of faithful in India and around the World, the abundance of vocations to priesthood and to the consecrated life as well as so many committed lay people are all reassuring signs of the vivid and active presence of the Risen Lord.

To be remembered also are the appreciation and confidence that Pope Francis showed to you with his well-known Letter addressed to the Bishops of India on 9 October 2017, which represents an important contribution for the future of the Syro-Malabar Church.

Nonetheless, the sad events related to the governance of the Archeparchy of Ernakulam-Angamaly and the attitudes of some priests and laity have provoked and continue to cause a lot of suffering and great concern. Most astonishing are the harsh disputes and divisions on various levels, whose contents, in addition, are unscrupulously spread through the media, disregarding the due respect towards the Church and towards the concerned persons. All of these represent a severe wound to the Body of Christ that regards not only the Syro-Malabar Church, but also risks harming the whole Catholic Church in India.

---

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
for Syro-Malabar faithful
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110
KAKKANAD, KOCHI - 682 030, India

In the last few months and in constant dialogue with this Congregation, Your Beatitude has shared some considerations on possible general solutions regarding the relationship between the governance of the entire Syro-Malabar Church on one hand and the governance of the Archdiocese of Ernakulam-Angamaly on the other. During the most recent encounters here in Rome you have yourself repeatedly presented your wish that this governance be reorganised, by means of a thoroughly evaluated and gradual legislative process. Further, the topic has been discussed and approved by the Synod of the Syro-Malabar Church. On all this the Holy Father, obviously, has been constantly kept informed and this Dicastery, for its part, has studied the matter attentively.

Taken into consideration the above-mentioned solutions envisaged by Your Beatitude, the appointment by the Holy Synod of the Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly, has been accepted positively and with hope. Evidently, the moment has come to give to this ecclesial figure a proper form and to define better its role for the good of the Archeparchy in question, in view of an in-depth and lasting solution to the present disputes, assuring also a necessary improvement of the economic management for the future.

On 27 August, I have informed the Holy Father in detail of the decisions adopted by the Synod, which will be officially published in the Vatican on 30 August 2019. Pope Francis, also in reply to your wish, has mandated this Congregation to communicate to you the following:

**The Vicar elected for the Archeparchy of Ernakulam-Angamaly, Bishop Antony Kariyil, C.M.I., will have full powers in the fields of administration, finances and pastoral ministry (as for example appointments and transfers of priests) in the said ecclesiastical circumscription, observing whatever is prescribed by the law, including the obligatory consultations and approvals of various bodies such as College of Consultors, Finance Council (Committee for Financial Consultation), Presbyteral Council and Pastoral Council. He will also represent the Archdiocese of Ernakulam-Angamaly for all legal effects and purposes. In this way, Your Beatitude will dedicate yourself to the care of the Syro-Malabar Major Archiepiscopal Church as a whole, conserving always the liturgical presidency and the remembrance of your name in the anaphora. This decision has been**

**taken for the present situation and comes into force simultaneously with the official publication of the appointment of the Vicar and of this Letter on 30 August 2019. For the future, the Synod of the Syro-Malabar Church may decide whether this ecclesial arrangement is to become permanent – thus valid also for the Successors of Your Beatitude – within the framework of the particular law, subject to the *recognitio* of the Apostolic See as per ordinary procedure for such legislation.**

**Further, as proposed, the Holy Father has granted to Bishop Anthony Kariyil, C.M.I., the title of Archbishop, elevating to the same rank *pro hac vice* (for this occasion) the titular see of Macriana Maggiore, which has been assigned to him.**

In view of the imminent visit *"Ad Limina Apostolorum"* of the Bishops of India, we wish wholeheartedly and we pray insistently to the Lord that peace, concord and unity may return soon and in full to the Archdiocese of Ernakulam-Angamaly, and become visible to the eyes of all.

I would kindly ask you to publish this Letter contemporaneously with the provisions of the Synod concerning the appointments of the Bishop of Bijnor, Bishop of Mandya, Vicar for the Archeparchy of Ernakulam-Angamaly and Auxiliary Bishop of Faridabad on 30 August 2019.

With kind regards and assurances of my prayers, I remain

Sincerely,

✠ Leonardo Card. Sandri
Prefect

✠ Cyril Vasil', S.I.
Archbishop Secretary

## GUIDELINES ON VICAR OF THE MAJOR ARCHBISHOP FOR THE ARCHEAPARCHY OF ERNAKULAM-ANGAMALY

1. The Syro Malabar Church, which had its origin from the apostolate of St. Thomas in India, was raised as a Major Archiepiscopal Church on 16 December 1992 having its See with the Title of “Ernakulam-Angamaly” and having the residence at the principal city Ernakulam.

2. The Major Archbishop, besides being the ‘father and head’ of the whole Syro Malabar Church, is also the Metropolitan Archbishop of the Archeparchy of Ernakulam-Angamaly (CCEO cc. 55-56, 57 §3, 151-153). Common law demands that for the administration based on these two offices there should be distinct curia, namely, Major Archiepiscopal Curia for the affairs of the whole Church (CCEO c. 114) and Curia for the Archeparchy of Ernakulam-Angamaly (CCEO c. 243).

3. Since the Major Archbishop has to care for the pastoral affairs of the whole Syro Malabar Church, it was not easy for him to concentrate on the ministry in the Archeparchy of Ernakulam-Angamaly. Hence, in the XV Synod (2007) January and August sessions, there was a suggestion to have an ‘Administrative Archbishop’ for the Archeparchy of Ernakulam-Angamaly, namely, the Protosyncellus Auxiliary Bishop, having the title of Archbishop be given the charge of the ordinary administration of the Archeparchy. Later sessions of the Synods also had discussions in this regard.

4. In the last 25 years of its existence, the Syro Malabar Major Archiepiscopal Church has grown global with several eparchies and archeparchies. Because of the global mission, it has become very

difficult for the Major Archbishop to dedicate more time for the ordinary administration of the Archeparchy of Ernakulam-Angamaly, the biggest eparchy of this Church. Given the said situation, the Synod of Bishops of the Syro Malabar Church in its XXVII Synod session 1, held during 7-18 January 2019, discussed the nature of work of the Major Archbishop in both offices and deliberated on the possibilities of making his ministry more effective. The Synod reached consensus that a Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly with episcopal status be appointed and decision to that effect was taken. The Vicar shall ex officio be the Proto-Syncellus of the Archeparchy of Ernakulam-Angamaly.

5. The said 'Vicar of the Major Archbishop' shall be elected by the Synod of Bishops and be appointed by the Major Archbishop. If the elected one is not a bishop, ordinary procedure for the election of bishops shall be followed.

6. The appointment of the Vicar is without prejudice to the prerogatives, rights and obligations of the Major Archbishop in relation to the Archeparchy. He has the right and duty to intervene when circumstances warrant it or when the Vicar requests for it.

7. He shall be commemorated in Liturgy (Major Archbishop and Head of our Archeparchy). Ordinarily, the Major Archbishop shall preside over the solemnities like the Nativity of Our Lord, Blessing of the Holy Myron, Holy Week Liturgy, in the Cathedral. He may make pastoral visits to parishes in the Archeparchy after having informed the Vicar.


8. After the name of the Major Archbishop, the name of the Vicar of the Major Archbishop shall also be commemorated in the Liturgy within the territory of his Archeparchy.

9. The Vicar ad omnia of the Major Archbishop endowed with ordinary vicarious power (CCEO c. 245) administers the Archeparchy of Ernakulam-Angamaly in all ordinary affaires in accordance with the norms of law. However, he shall not fail to consult the Major

Archbishop on all important matters and brief the Major Archbishop regularly about the administration. The Vicar is competent to make appointments, constitute different councils of administration and shall have the duty of supervision.

10. As the Vicar of the Major Archbishop for the Archeparchy of ErnakulamAngamaly, he represents the Archeparchy in juridical matters before civil authorities. He is responsible for the running of the Archeparchy as per norms of law. He is authorized to sign documents personally or through his representative on behalf of the Archbishop of Ernakulam-Angamaly on temporal affairs and is fully responsible for the temporal administration of the Archeparchy as per norms of law. The Major Archbishop acts as appellate authority in this regard.

11. When the See of the Major Archbishop becomes vacant, the Administrator takes charge as per norms of law (CCEO c. 127; Particular Law no. 7). But the Vicar continues to function in his office for the Archeparchy of ErnakulamAngamaly (CCEO cc. 224, 132 §2). When the new Major Archbishop takes charge, (cfr. c. 991 §1) the Vicar is confirmed to continue in office, unless the Synod makes other provisions.




# I
## TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Kainikkara Thomas | Asst Dir & Bursar, CANA | Relieved |
| Kalayil Varghese | | Vicar, Punnamada |
| Karuvelil Francis | Punnamada | Proto-Presbyter, Thrickodithanam F |
| Kavithazhe Philip | | Asst. Director CANA & Vicar, Kidangara (addl) |
| Kokkavayalil James | | Director, CARP [Community Awareness & Rights Protection] (addl) |
| Kollarett Dominic Savio (Satna) | Thrickodithanam F | Paro. Vicar, Madappally |
| Kottayil Cyriac | Priest-in-charge, Thrickodithanam F | Relieved |
| Kuthukallumkal Thomas | Kidangara | Vicar, Kuttikonam, Chenkulam |
| Puthiyidam Joseph | Madappally | Paro. Vicar, Koilmuck-Edathua F |
| Thalikasthanam Antony CMI | Kuttikonam, Chenkulam | Asso. Pastor, Athirampuzha F |
| Thycheril George | Koilmuck-Edathua F | Paro. Vicar, Thrickodithanam F |

# II
## വൈദിക സമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദിക സമ്മേളനം (Presbyterium) നവംബർ മാസം 19–ാം തീയതി ചൊവ്വാഴ്ച മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട ഈ സമ്മേളനം രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

## III
## മിഷൻ ഞായർ

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി (Eximius Missionis Mensis) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. ''ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി മിശിഹായുടെ സഭ ലോകത്തിൽ'' (Baptized and Sent: The Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയമായി തിരുസഭ നല്കിയിട്ടുള്ളത്.

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ മാസം 20-ാം തീയതിയാണ്. മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച 2019 ഒക്ടോബർ 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## IV
## ഇടവകകളും സാമ്പത്തികസഹായവും

നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ വിവിധ ആവശ്യങ്ങൾക്കായി സാമ്പത്തികസഹായം അഭ്യർത്ഥിച്ച് മറ്റ് രൂപതകളിൽ നിന്നും ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആളുകൾ എത്തുമ്പോൾ അവരുടെ രൂപതാദ്ധ്യക്ഷന്മാരുടെ ശുപാർശയുണ്ടോ എന്ന് പരിശോധിക്കുകയും നൽകുന്ന സഹായം രൂപതാദ്ധ്യക്ഷൻന്മാരുടെ അക്കൗണ്ടിലേയ്ക്കോ അവർ നിർദ്ദേശിക്കു അക്കൗണ്ടിലേയ്ക്കോ നിയോഗം (Intention) വ്യക്തമായി അറിയിച്ചാണ് നൽകേണ്ടത്. നൽകുന്ന സഹായം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാനാണ് ഈ നിർദ്ദേശം. ഇപ്രകാരം സാമ്പത്തികസഹായത്തിനായി വരുന്നവർ ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെയാണ് വരുന്നതെന്ന് വികാരിയച്ചന്മാരും സ്ഥാപനമേധാവികളും ഉറപ്പാക്കേണ്ടതാണ്.

## ARCHDIOCESE OF CHANGANACHERRY

# WAYANAD FLOOD RELIEF CONTRIBUTION - CHURCHES 2019-20

**(Collection starting Date. 26-08-2019 to 27-09-2019)**

| | KOTTAYAM FORANE | AMOUNT |
|---|---|---|
| 1 | Kottayam, Lourdes Forane Church | |
| 2 | Aruvikuzhy, Lourdes Matha | |
| 3 | Ayarkunnam, St Sebastian's | 100000 |
| 4 | Cheppumpara, Marth Mariam | |
| 5 | Eravinalloor Our Lady Of Assumption | |
| 6 | Kaduvakulam (Kollad) Little Flower | 100000 |
| 7 | Kooroppada, Mar Sleeva | |
| 8 | Pampady, Daivamatha | |
| 9 | Pangada, Sacred Heart | |
| 10 | Puthupally (CMI), St Antony's | |
| 11 | Thazhathangady Sacred Heart | 14500 |
| 12 | Vadavathoor, St Thomas | |

| | KUDAMALOOR FORANE | |
|---|---|---|
| 1 | Kudamaloor St Marys Forane Church | 630470 |
| 2 | Aickarachira, St George's | 25000 |
| 3 | Arppookkara St Xavier's Villoonni | 13000 |
| 4 | Arppookkara, Cherupushpam | 31929 |
| 5 | Cheeppunkal, St Antony's | |
| 6 | Chengalam, St Sebastian's | 2000 |
| 7 | Kiliroor St Francis De Sales | 6362 |
| 8 | Kumarakam Vadakkumkara St John Nepumseanos | |
| 9 | Kumarakom Nava Nazareth Holy Family | 55020 |
| 10 | Kumaranalloor, St Thomas | 16746 |
| 11 | Mannanam 12th Apostoles Pastoral Centre | |
| 12 | Mannanam (CMI ), St Joseph's | |
| 13 | Mudiyoorkara, Holy Family | 100000 |
| 14 | Parampuzha, Bethlehem | 250000 |

| | THURUTHY FORANE | |
|---|---|---|
| 1 | Thuruthy Marth Mariyam Forane Church | 100000 |
| 2 | Era, Lourde Matha | |
| 3 | Ithithanam, St Mary's | |
| 4 | Kainady, Our Lady Of Dolours | 20000 |
| 5 | Kavalam ( North ), St Joseph's | |
| 6 | Kurichy Santhygiri St Joseph's | |
| 7 | Mahendrapuram St Sebastian's | 20000 |
| 8 | Payattupakka, Holy Family | 6000 |
| 9 | Podippara, Holy Family | |
| 10 | Vadakkekara, St Mary's | |
| 11 | Yudapuram, St Jude's | |

| | ATHIRAMPUZHA FORANE | |
|---|---|---|
| 1 | Athirampuzha St Mary's Forane Church | 685445 |
| 2 | Arumannoor Mangalavartha Church | |
| 3 | Athirampuzha Srikandamangalam Lisieux | |
| 4 | Cheruvandoor, St Sebastian's | 262880 |
| 5 | Ettumanoor, Christ The King | |
| 6 | Kattachira, St Xavier's | 30000 |
| 7 | Kottackapuram, St Mathew's | |
| 8 | Mannarkunnu, St Gregorios | 150000 |
| 9 | Nalpathimala, St Thomas | |
| 10 | Pallikunnu (Punnathura ) St Thomas | 37870 |
| 11 | Punnathura, St Thomas | 41000 |
| 12 | Thellakom (Pushpagiri ) St Joseph's | |
| 13 | Vettimukal, St Mary's | |

| | CHAMPAKULAM FORANE | |
|---|---|---|
| 1 | Champakulam St Mary's Forane Church | 385800 |

2 Chennamkary(Koolipura)
Lourdes Matha .................................. 30000

3 Chennamkary - W
St Joseph's

4 Kandamkary, St Joseph's

5 Kondakkal, St Joseph's

6 Narbonapuram (Chempumpuram)
St Sebastian's .................................. 40000

7 Nazareth, St Jerome's

8 Padaharam, St Joseph's .................... 30000

9 Ponga (Sleevapuram)
Mar Sleeva

10 Pullangady
Holy Family ....................................... 11910

11 Thekkekara, St Sebastian's

12 Thekkekara, St John's ...................... 50000

13 Thottuvathala
Sacred Heart's .................................. 25000

14 Vadakkeamichakary, St George's

15 Vaisyambhagam
St Antony's ....................................... 11000

16 Nedumudy, Sacred Heart's

## ALAPPUZHA FORANE

1 Alappuzha
Mar Sleeva Forane Church

2 Arattuvazhy, St Joseph's

3 Aryad, Little Flower

4 Changankary, St joseph's

5 Charamangalam, Lourdes Matha

6 Kaithavana
Immacuculate heart ........................... 40000

7 Kainakary, St Mary's

8 Kalavoor, St Thomas .......................... 5250

9 Mannancherry, St Mary's

10 Muhamma, St George's ................... 100000

11 Pallathuruthy, St Thomas ................... 50000

12 Poomthope, St Francis Assisi

13 Punnamada, St Mary's ...................... 18642

14 Punnapra, St Gregory's

15 Purakkadu, Mar Sleeva

16 Puthenangady, St George's

17 Thathampally, St Michel's

18 Arunoottampadam
Sacred Heart's

19 Kuttamangalam (Pandycherry)
St Joseph's

20 Paduvapuram (Kanichukulangara)
St Antony's ....................................... 10410

21 S L Puram (Kanjikuzhy )
St Sebastian's .................................. 11370

22 Chathanadu, St Alphonsa's ............... 14056

23 Kalath (Thathampally)
St Mary's

24 Paravoor, Holy Family

## THIRUVANANTHAPURAM FORANE

1 Thiruvananthapuram
Lourde's Forane Church ................. 134861

2 Thiruvanthapuram, Emmaus

3 Dalmugham, St Mary's

4 Mannanthala, Ranigiry ....................... 22250

5 Palode (Peringamala), St Mary's

6 Peroorkada, Lourdes Hills

7 Pongummoodu, St Alphonsa ........... 200000

8 Sreekaryam, St Joseph's ( Emmaus )

9 Thirumala, Holy Family

10 Thiruvallam, Koliyoor
St Thomas, Darsana Bhavan

11 Thiruvallam, Sacred Heart

12 Vattiyoorkavu, S F S .......................... 56000

13 Vithura, All Saint's

14 Vizhinjam, St Peter's

15 Karyavattam, St Joseph's ............... 50000

16 Kannamoola
St Mother Theresa ............................ 55900

17 Kazhakkoottam
St John Paul 2nd

18 Venjarammood, Attingal
St Jude's Church, Amala Pastoral Centre

19 Kesavadasapuram Nazreth Church.................................34320

20 Kutchapuram, St Joseph's

## KOLLAM - AYOOR FORANE

1 Ayoor Christ The King Forane Church........50000

2 Anakulam, St Joseph's......................17400

3 Anchal, Mary Matha

4 Aryankavu, St Mary's

5 Chemkulam, Nithyasahaya Matha

6 Cherukadavu, Infant Jesus

7 Cheriyavelinalloor St Sebastian's...................................10000

8 Edappalayam, St George's

9 Karavaloor, Nithyasahaya Matha.......45500

10 Kollam, Kadappakada St Thomas (MAR THOMA SLEEHA).......100000

11 Kulathupuzha, St Sebastian's

12 Kuttikonam (Makkannoor) Christ The King

13 Meenkulam, Lourdes Matha..............30000

14 Narikkallu, St Mary's.........................25000

15 Pazhayaroor, St Thomas

16 Philgiri, St Joseph's

17 Punaloor S H

18 Venchempu, St George's...................57610

## AMBOORI FORANE

1 Amboori St George's Forane Church.............100000

2 Dalummukhm, St Mary's

3 Kutchapuram (CMI), St Joseph's

4 Marygiri (Mayam ), St Mary's..............5000

5 Rajagiri, Christ The King

6 Thekkupara, St Mary's

7 Vavode Sacred Heart

8 Pachakadu, Sacred Heart

9 Meenkulam, Lourdes Matha Church

10 Vellarada, Rajagiri

## THRICKODITHANAM FORANE

1 Thrickodithanam St Xeviers Forane Church

2 Ayroor, Our Lady Of Lourdes

3 Chanjody, St Sebastians....................25000

4 Fathimapuram, Fathima Matha

5 Kodinattumkunnu St Sebastians....................................19486

6 Kunnamthanam, St Joseph's.............19675

7 Mundupalam, St Mary's

8 Nedumon, St Mary's

9 Paippadu, St Thomas......................100000

10 Paippadu, Lourdu Matha

11 Thiruvalla, St Antony's.......................85970

## EDATHUVA FORANE

1 Edathua St George's Forane Church.............694000

2 Ambalapuzha ( Karumady ) St Mary's.............................................6700

3 Changamkary (Koilmuk), St Joseph's

4 Karumady, St Nicholas......................25900

5 Karuvatta, St Joseph's.......................10534

6 Kauvatta ( Kariyil ), Holy Family

7 Kelamangalam Our Lady Of Dolours..........................15295

8 Kizhake Mithrakary, Holy Family..........6000

9 Koduppunna, St Joseph's..................68010

10 Koilmuk, St Joseph's

11 Kumarapuram, St Mary's

12 Mariyapuram, St Mary's

13 Muttar CMI, Immaculate Conception

14 Muttar OLD, St George's ..................28000

15 Muttar NEW, St Thoma's

16 Niranam Pilgrim Centre Mar Thoma Sleeha ............................15000

17 Pacha Chekkidikadu Lourdes Matha................................120000

18 Pandamkary, St Pius X th

19 Pandy, Fathima Matha

20 Puthukary, St Xavier's.......................75000

21 Thakazhy,Thennady, St Rita's
22 Thayankary, St Antony's
23 Thekke Puthukary, St Joseph's

### PULINCUNNOO FORANE

1 Pulincunnoo, St Mary's Forane Church
2 Cherukara, St Mary's
3 Kannady, St Rita's............................70000
4 Kannady, St Joseph's
5 Kannady (Kavalam St Therasa's ) St Joseph's
6 Kavalam, St Therasa's
7 Kavalam ( Lisieux ) Little Flower ....................................79470
8 Kayalpuram, St Antony's
9 Kayalpuram, St Joseph's .................215000
10 Mampuzhakary, Lourdes Matha
11 Manalady, St Mary's .........................52522
12 Mithrakary, St Xavier's .......................40000
13 Mithrakary East, Holy Family
14 Moncompu, St Pius X th ....................45700
15 Pallikkuttumma, Fathima Matha ......100000
16 Punnakunnathusserry, St Joseph's
17 Ramankary, St Joseph's ....................67000
18 Veliyanadu, St Xavier's ....................100000
19 Veliyanadu North, St Joseph's............3300
20 Veliyanadu North (Kesaria ) St Gregory's......................................15000
21 Vezhapra, St Paul's ...........................38100

### NEDUMKUNNAM FORANE

1 Nedumkunnam St John The Baptist's Forane Church
2 Anickad, St Antony's ............................9080
3 Champakara, St Joseph's................200000
4 Ezhumattoor, St Joseph's
5 Kallooppara ( Puthussery ) Lourdes Matha.................................. 11000
6 Koothrappally, St Mary's ....................67800
7 Mallappally, St Athanasius .................29000
8 Mundathanam, St Antony's
9 Nedumanny, Fathima Matha
10 Panayampala, St Sebastians'
11 Punnaveli, Little Flower......................10000
12 Pulickakavala, St Mary's....................12000
13 Thadiyoor, St Antony's
14 Thazhathuvadakara, Lourdes Matha
15 Vaipur NEW, St Joseph's
16 Vaipur OLD, St Mary's
17 Vettickapurayidam, St Sebastians'
18 Mylady (V C ) , St Antony's

### MANIMALA FORANE

1 Manimala, Holy Magi Forane Church.................15000
2 Chunkappara, Little Flower
3 Kadainickadu, St Mary's
4 Karikkattoor, St James'
5 Karimpanakulam, Sacred Heart.........14550
6 Kottangal, St John's
7 Kulathoor, Little Flower
8 Manimala ( NEW ), St Basils
9 Nirmalapuram, St Mary's .....................4000
10 Perumkavu, St Thomas'
11 Vallamchira, St Mary's

### KURUMPANADAM FORANE

1 Kurumpanadam St Antony's Forane Church
2 Eravuchira, St Mary's
3 Kurumpanadam, Assumption
4 Madappally, Little Flower
5 Mammoodu, Lourdes Matha..............45000
6 Mannila, Holy Family
7 Rajamattam, Sacred Heart
8 Thottackad, St George's

### CHANGANACHERRY FORANE

1 Changanacherry - Metropolitan St Mary's Forane Church
2 Chethipuzha, Sacred Heart ...............25000

3 Cheeramchira, St George's
4 Kidangara, St Gregory's .................... 12105
5 Kumaramkary, St Mary's ................ 55801
6 Laikkadu, St Joseph's
7 Mahendrapuram, St Sebastians'
8 Manackachira, St Joseph's
9 Paral, St Antony's
10 Parel, St Mary's .............................. 274000
11 Perunna East, St Antony's ................ 40000
12 Pulimugham ( Kidangara )
Marth Mariam
13 Puzhavathu, St Thoma's...................... 7942
14 Vazhappally, Gesthamany
15 Vazhappally WEST, St Mary's
16 Veroor, St Joseph's
17 Vettithuruth, St Antony's

**MISSION STATIONS**

1 Adoor, Mar Sleeva Church
2 Chenganoor
Mary Matha Mission Church
3 Kottarakara,Pulamon, St Thomas
Syro Malabar Catholic Church........... 30000
4 Mavelikara
St Alphonsa Syro Malabar Church
6 Nirmalapuram, St Mary's Church
7 Karumady (E), St.Joseph's Church ..... 8230
8 Panthalam, Denahapally
9 Pathanapuram
Mar Aprem Mission Church ................. 7200

**OTHERS**

1 MOUNT CARMEL Convent
Changanacherry ................................. 5000
2 SNEHATHEERAM, Kidangara............. 6000
3 S.J.S.M Convent, Puthusserry............. 3000

**TOTAL 7557871**

(Continue........)



## ഏകഭാഷാവാദം അംഗീകരിക്കാനാവില്ല

സമീപകാലത്ത് ഉയർന്നുവന്നിരിക്കുന്ന ഒരു രാജ്യം ഒരു ഭാഷ എന്ന ആശയം അംഗീകരിക്കാനാവില്ലെന്നും, ഇതിനു പിന്നിൽ നിക്ഷിപ്തരാഷ്ട്രീയതാൽപര്യങ്ങൾ ഉണ്ടെന്നും ഇത്തരം ചിന്തകൾ ദേശവിരുദ്ധമാണെന്നും അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി അഭിപ്രായപ്പെട്ടു.

ഒരു ഭാഷ, ഒരു സംസ്ക്കാരം, ഒരു മതം എന്ന ചിന്ത ഭാരതത്തിന് അന്യമാണ്. ഇത്തരം ചിന്താഗതി രാജ്യത്ത് അന്തഛിദ്രവും അസമാധാനവും സൃഷ്ടിക്കുമെന്നും രാജ്യത്തെ വൈവിദ്ധ്യങ്ങളും വൈജാത്യങ്ങളും ഉൾക്കൊള്ളുവാൻ ഭരണാധികാരികൾക്ക് കഴിയണമെന്നും, ഇത്തരം വിവാദനിലപാടുകളിൽ നിന്നും ഉത്തരവാദിത്തപ്പെട്ടവർ പിന്മാറണമെന്നും, ഈ വിഷയത്തിൽ പ്രധാനമന്ത്രി നിലപാട് വ്യക്തമാക്കണമെന്നും ജാഗ്രതാസമിതി ആവശ്യപ്പെട്ടു.

## ക്രൈസ്തവ പിന്നോക്കാവസ്ഥ-ക്ഷേമ പദ്ധതികളിലെ വിവേചനം: പഠന ശിബിരം നടത്തി.

കേരളത്തിലെ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥയും സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളിൽ നേരിടുന്ന വിവേചനത്തിന്റെയും പശ്ചാത്തലത്തിൽ, പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ ഇത് സംബന്ധിച്ച് അതിരൂപതാ കേന്ദ്രത്തിൽ 31-08-2019 തീയതിയിൽ പഠന ശിബിരം സംഘടിപ്പിച്ചു

വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത് സംഗമം ഉദ്ഘാടനം ചെയ്തു. അഡ്വ. വി.സി. സെബാസ്റ്റ്യൻ വിഷയാവതരണം നടത്തി. വർഗ്ഗീസ് ആന്റണി, റോയി കോട്ടാരച്ചിറ, അമൽ സിറിയക് തുടങ്ങിയവർ പ്രതികരണങ്ങൾ നടത്തി. ആന്റണി തോമസ് മലയിൽ പ്രമേയം അവതരിപ്പിച്ചു. ഫാ. ജെയിംസ് കൊക്കാവയലിൽ മോഡറേറ്ററായിരുന്നു. ഫാ. ആന്റണി തലച്ചെല്ലൂർ, അഡ്വ. ജോജി ചിറയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

അത്യന്തം പ്രാധാന്യമർഹിക്കുന്ന ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിലും പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമായി അതിരൂപതാതലത്തിൽ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് ആരംഭിക്കണമെന്ന് പി.ആർ.-ജാഗ്രതാസമിതി അതിരൂപതാ നേതൃത്വത്തോട് ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ

മിശിഹായിൽ സ്നേഹമുള്ളവരെ,

സ്ലീവായുടെ തണലിൽ ഏലിയായുടെയും മോശയുടെയും ധൈര്യത്തോടെ വിശ്വാസ പരിശീലനത്തിൽ നാം മുന്നേറുകയാണല്ലോ. 'അങ്ങുമാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ' എന്ന പരി. കുർബാനയിലെ പ്രാർത്ഥന ഈ അസാധാരണ മിഷൻ മാസത്തിൽ വിശ്വാസ പരിശീലകരുടെ അധരത്തിലും ഹൃദയത്തിലും നിറഞ്ഞു നിൽക്കേണ്ടതാണ്.

ഒന്നാം ടേം പരീക്ഷകളും ഫൊറോന കലോത്സവങ്ങളും കൊണ്ട് ഒക്ടോബർ മാസം ശ്രദ്ധേയമാണ്. മത്സരങ്ങൾ നടത്തുക പലപ്പോഴും ദുഷ്കരമായ കാര്യമാണെങ്കിലും നമ്മുടെ വിശ്വാസ പരിശീലന പ്രക്രിയയുടെ ഒരു ഘടകമെന്ന നിലയിലും ബൈബിൾ പ്രേഷിതത്വത്തിന്റെ ഭാഗമായും വേണ്ട ഒരുക്കത്തോടും ശരിയായ ദിശാബോധത്തോടുംകൂടെ ബൈബിൾ കലോത്സവത്തിന് നേതൃത്വം നല്കുകയാണെങ്കിൽ നമുക്കു വളരെയേറെ ഫലം പുറപ്പെടുവിക്കാൻ സാധിക്കും. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് ഫോറോനാ സമിതിയോട് എല്ലാവരും സഹകരിച്ചു പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കലോത്സവങ്ങൾ മത്സരവേദികൾക്കപ്പുറം വിശ്വാസ പ്രഘോഷണ വേദികളായി മാറട്ടെ എന്നാശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2019 ഒക്ടോബർ**

| | | |
|---|---|---|
| 2 ബുധൻ PH | : | **അതിരൂപതാ രചനാമത്സരം** |
| | : | **ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം** |
| | : | MCC ക്ലാസ്സ് 5 |
| 4 വെള്ളി | : | വി. ഫ്രാൻസിസ് അസ്സീസ്സി |
| 6 ഞായർ | : | **ഏലിയാസ്ലീവാമൂശേക്കാലം അഞ്ചാം ഞായർ** : ക്ലാസ്സ് – 19 |
| | : | **സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ** |
| 7 തിങ്കൾ | : | CLT ധ്യാനം |
| 9 ബുധൻ | : | CLT ധ്യാനം |
| | : | **ദൈവദാസൻ മാർ മാത്യു കാവുകാട്ട്** |
| 11 വെള്ളി | : | 11-ാം ക്ലാസ്സുകാരുടെ പ്രോഗ്രാം 'CHECK BOX' 11th വെള്ളി 5:00 pm ആരംഭിച്ച് 13th ഞായർ 3:30 pm അവസാനി |

ക്കുന്നു – ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ ഫൊറോന കൾക്ക്–

സ്ഥലം: കുന്നന്താനം സെഹിയോൻ റിട്രീറ്റ് സെന്റർ. (രജി. ഫീസ്. 700 രൂപ)

12 ശനി : CLT - ക്ലാസ്സ് 11, MCC ക്ലാസ്സ് 6

: വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : ചമ്പക്കുളം ഫൊറോന

13 ഞായർ : **ഏലിയാസ്ലീവാമൂശേക്കാലം ഏഴാം ഞായർ** : ക്ലാസ്സ് 20

: **SMCC പ്രതിഭാ അവാർഡ് – ഫൊറോനതല തെരഞ്ഞെടുപ്പ് ശില്പശാല (ആലപ്പുഴ, ചമ്പക്കുളം).**

: **"LET'S TALK SEX" 8–ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ**

(കോട്ടയം ഫൊറോന : സമയം 9:00 a.m. to 4:30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. )

19 ശനി : CLT – ക്ലാസ്സ് 12

: വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : പുളി ങ്കുന്ന് ഫൊറോന

20 ഞായർ : **ഏലിയാസ്ലീവാമൂശേക്കാലം ഏഴാം ഞായർ** : ക്ലാസ്സ് 21

**"LET'S TALK SEX" 8–ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ**

(പുളിങ്കുന്ന് ഫൊറോന : സമയം 9:00 a.m. to 4:30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. )

: **SMCC പ്രതിഭാ അവാർഡ് – ഫൊറോനതല തെരഞ്ഞെടുപ്പ് ശില്പശാല (എടത്വാ, പുളിങ്കുന്ന്).**

26 ശനി : CLT – ക്ലാസ്സ് 13

: വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : കൊല്ലം ഫൊറോന

: വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : ആലപ്പുഴ ഫൊറോന

27 ഞായർ : **ഏലിയാസ്ലീവാമൂശേക്കാലം എട്ടാം ഞായർ** : ക്ലാസ് 22

: **"LET'S TALK SEX" 8–ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ**

(കുടമാളൂർ ഫൊറോന : സമയം 9:00 a.m.to 4:30 p.m.പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. )

28 തിങ്കൾ : മാർ ശിമയോൻ – യൂദാ തദേവൂസ് ശ്ലീഹന്മാർ

## 2019 നവംബർ

1 വെള്ളി : ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

| | | |
|---|---|---|
| 2 ശനി | : | CLT - ക്ലാസ്സ് 14 |
| | : | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : കുടമാളൂർ ഫൊറോന |
| | : | ആഘോഷപൂർവ്വകമായ റംശാ |

## പള്ളിക്കൂദാശാക്കാലം

**(പഞ്ചവത്സര അജപാലന പദ്ധതി - പ്രവാസി ക്ഷേമം)**

| | | |
|---|---|---|
| 3 ഞായർ | : | **സഭാസമർപ്പണ തിരുനാൾ** |
| | : | **പള്ളിക്കൂദാശ ഒന്നാം ഞായർ** : ക്ലാസ്സ് 23 |
| | : | **"LET'S TALK SEX" 8-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ** (എടത്വാ ഫൊറോന : സമയം 9:00 a.m.to 4:30 p.m.പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. ) |
| 5 ചൊവ്വ | : | വി. സഖറിയായും ഏലിശ്വായും |
| 8 വെള്ളി | : | 11-ാം ക്ലാസ്സുകാരുടെ പ്രോഗ്രാം 'CHECK BOX' 8th വെള്ളി 5:00 pm ആരംഭിച്ച് 10th ഞായർ 3:30 pmന് അവസാനിക്കുന്നു - കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾക്ക്- സ്ഥലം: കുന്നന്താനം സെഹിയോൻ റിട്രിറ്റ് സെന്റർ. (രജി. ഫീസ്. 700 രൂപ) |
| 9 ശനി | : | CLT - ക്ലാസ്സ് 15, MCC - ക്ലാസ്സ് 7 |
| | : | വിശ്വാസപരിശീലകരുടെ ഏകദിന ഫൊറോന ധ്യാനം : തിരുവനന്തപുരം ഫൊറോന |
| | : | 11-ാം ക്ലാസ്സുകാരുടെ ധ്യാനം |
| 10 ഞായർ | : | **പള്ളിക്കൂദാശ രണ്ടാം ഞായർ** : ക്ലാസ്സ് 24 |
| | : | **"LET'S TALK SEX" 8-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ** (തൃക്കൊടിത്താനം ഫൊറോന : സമയം 9:00 a.m.to 4:30 p.m.പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്. ) |
| 15 വെള്ളി | : | SMCC അതിരൂപതാ പ്രതിഭാ പരിശീലന ക്യാമ്പ് |

### "ബധിരരും മൂകരുമായവരുടെ സംഗമം" - ഒക്ടോബർ 2

ചങ്ങനാശേരി അതിരൂപതയിൽപ്പെട്ട കേഴ്‌വി, സംസാര ന്യൂനതയുള്ളവരുടെ വിശ്വാസപരിശീലനം ലക്ഷ്യമാക്കി നടത്തുന്ന സംഗമം ഒക്ടോബർ 2ന് സന്ദേശനിലയം മീഡിയാഹാളിൽ നടക്കും. നമ്മുടെ ഇടവകയിൽ ഇങ്ങനെയുള്ളവരെ കണ്ടെത്തി അയയ്ക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണേ. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'മതബോധനം ഇന്ന്' എന്ന ചാക്രികലേഖനത്തിൽ ഇപ്രകാരം പറയുന്നു. ''ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരെപ്പോലെ തന്നെ, വിശ്വാസത്തിന്റെ രഹസ്യം അറിയുവാൻ അവകാശമുണ്ട്''(CT 41). രാവിലെ 10:00 ന് ആരംഭിക്കുന്ന സംഗമം 12:45ന് ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

## ഒന്നാം ടേം പരീക്ഷ

ഈ വർഷത്തെ ഒന്നാം ടേം പരീക്ഷ ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച നടക്കുന്നതാണ്. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് പരീക്ഷകൾ രാവിലെ 11 മുതൽ 1 മണിവരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയും ആയിരിക്കും സമയക്രമീകരണം. ചോദ്യക്കടലാസ് പായ്ക്കറ്റ് പരീക്ഷാസമയത്തിന് 5 മിനിറ്റ് മുമ്പ് ഡയറക്ടറച്ചന്റെ അനുമതിയോടുകൂടി ഹെഡ്മാസ്റ്ററുടെ സാന്നിധ്യത്തിൽ പരീക്ഷാഹാളിൽ വച്ച് മാത്രമേ തുറക്കുവാൻ പാടുള്ളു. **ഉത്തരസൂചികകൾ പരീക്ഷ കഴിയുന്നതുവരെ ഹെഡ്മാസ്റ്റർമാർ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.**

## കലോത്സവ ട്രോഫികൾ

2017-18 വർഷത്തിലെ അതിരൂപതാ എവർറോളിംഗ് ട്രോഫികൾ കരസ്ഥമാക്കിയവർ എത്രയും പെട്ടെന്ന് സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## സർവ്വീസ് ബുക്കുകൾ

ഒരു വർഷത്തെ സർവ്വീസ് പൂർത്തിയാക്കുകയും ബി. സി. റ്റി. കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുകയും സ്റ്റഡിസർക്കിളുകൾ പൂർത്തിയാക്കുകയും ചെയ്യുന്നവർക്കാണ് സർവ്വീസ് ബുക്ക് ആരംഭിക്കുവാൻ സാധിക്കുക. മതാധ്യാപകരുടെ സർവ്വീസ് പരിഗണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ സർവ്വീസ് ബുക്കിന് പകരമായി മറ്റു സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽ നിന്ന് നല്കുന്നതല്ല. സർവ്വീസ് ബുക്കുകൾ സൺഡേസ്കൂളുകളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. നമ്മുടെ സൺഡേസ്കൂളിൽ സേവനം ചെയ്യുന്ന എല്ലാ വിശ്വാസപരിശീലകരും സർവ്വീസ് ബുക്കുകൾ ഈ വർഷം തന്നെ സ്വന്തമാക്കേണ്ടതാണ്.

## മാർക്ക് ലിസ്റ്റ്

1. **30. 11. 19 ന് മുൻപായി 10, 11, 12 ക്ലാസ്സുകളിലെ ഒന്നാം ടേം മാർക്ക്ലിസ്റ്റ് സന്ദേശനിലയത്തിൽ സമർപ്പിക്കേണ്ടതാണ്.**
2. ടേമിലി പരീക്ഷയ്ക്ക് 80% മാർക്കു ലഭിച്ച 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരകടലാസുകൾ സ്കോളർഷിപ്പു പരീക്ഷയുടെ ഭാഗമായി സന്ദേശനിലയിത്തിൽ സമർപ്പിക്കുന്നതിനായി പ്രത്യേകം മാറ്റിവയ്ക്കേണ്ടതാണ്.

## BCT ക്യാമ്പ്

വിശ്വാസപരിശീലനം എന്ന ദൗത്യത്തെക്കുറിച്ച് ആഴമായ ബോധ്യമുൾക്കൊള്ളാനും ദൈവത്തിന്റെ വിളിയോട് വിശ്വസ്തത പുലർത്തുന്ന സഭാത്മക ജീവിതശൈലി സ്വന്തമാക്കുവാനും വിശ്വാസത്തിന്റെ കൈമാറ്റ പ്രക്രിയയിൽ പ്രാവീണ്യം നേടുവാനും നവാഗതരെ സഹായിക്കുക എന്നതാണ് ബി. സി. റ്റി. കോഴ്സ്കൊണ്ട് ഉദ്ദേശിക്കുക. മതബോധനത്തിന് ആമുഖം, മതബോധനത്തിന്റെ ദൈവശാസ്ത്രപശ്ചാത്തലം, മതബോധനത്തിന്റെ ഉള്ളടക്കം മതാധ്യാപകന്റെ വിളിയും ദൗത്യവും യോഗ്യതകളും ബോധനരീതികൾ തുടങ്ങിയ വിഷയങ്ങളാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വാസപരിശീലകരുടെ പ്രാർത്ഥനാജീവിതം, ആരാധനക്രമഭാഗഭാഗിത്വം എന്നിവയ്ക്കും ക്യാമ്പിൽ പ്രാധാന്യം നല്കുന്നു. Camp Batch ൽ പങ്കെടുക്കുന്നവർ കുർബാനപുസ്തകം, ബൈബിൾ

എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് Rs. 750 സ്ഥലം: സന്ദേശ നിലയം. തീയതി ഡിസംബർ 13,14,15. നവംബർ 25-ന് മുമ്പായി പേരുകൾ രജി സ്റ്റർ ചെയ്യേണ്ടതാണ്.

## സന്ദേശനിലയം വെബ്ബ് പോർട്ടൽ

സന്ദേശനിലയം ആരംഭിച്ചിരിക്കുന്ന വെബ്ബ് പോർട്ടൽ- 'ecos@sandes' മുഴുവനായും പ്രവർത്തനസജ്ജമായിരിക്കുകയാണ്. നല്ലൊരു ശതമാനം സൺഡേസ്കൂളുകളും ഡാറ്റാ അപ്ലോഡ് ചെയ്യുന്നതിൽ സഹകരിച്ചു വരുന്നു. ചുരുക്കം ചില സൺഡേസ്കൂളുകൾ മാത്രമാണ് പ്രാരംഭനടപടികൾ സ്വീകരിക്കാത്തത്. എല്ലാ സൺഡേസ്കൂളുകളിലെയും മുഴുവൻ അദ്ധ്യാപ കരുടെയും കുട്ടികളുടെയും പേരു വിവരങ്ങൾ കൃത്യതയോടെയും തെറ്റുകൂടാ തെയും വെബ്ബ് പോർട്ടലിൽ ചേർക്കുവാൻ ബഹുമാനപ്പെട്ട വൈദികരും അദ്ധ്യാപ കരും സത്വര നടപടികൾ എടുക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. ഈ വർഷം മുതൽ കുട്ടികളുടെ മാർക്ക്ലിസ്റ്റും അപ്ലോഡ് ചെയ്യാവുന്നതാണ്.

## SMCC പ്രതിഭാ അവാർഡ് അതിരൂപതാതല ക്യാമ്പ്

ഫൊറോന തലത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട 12-ാം ക്ലാസ്സിലെ കുട്ടികളുടെ അതിരൂപതാ ക്യാമ്പ് നവം 15,16,17 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്ത പ്പെടുന്നു. ക്യാമ്പ് വെള്ളിയാഴ്ച്ച 5:00 p.m. ന് ആരംഭിച്ച് ഞായറാഴ്ച്ച 3:00 p.m. ന് സമാപി ക്കുന്നു. പങ്കെടുക്കുന്നവർ വി. ബൈബിൾ, കുർബാന പുസ്തകം, നോട്ട്ബുക്ക്, പേന, ടോയ്ലറ്റ് സാധനങ്ങൾ, ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്. രജിസ് ട്രേഷൻ ഫീസ് 750 രൂപയാണ്. തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ നിർബന്ധമായും ഈ ക്യാമ്പിൽ പങ്കെടുക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## ഓഫീസ് റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസ് റിക്കാർഡുകൾ ഓരോ വർഷ വും പുന:ക്രമീകരിച്ച് സൂക്ഷിക്കേണ്ടതാണ്. അദ്ധ്യാപകരുടെയും കുട്ടികളുടെയും ഹാജർ രജിസ്റ്ററുകൾ, മാർക്ക് രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. 10-ാം ക്ലാസ്സിലെയും 12-ാം ക്ലാസ്സിലെയും കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ അതതു വർഷം തന്നെ വിതരണം നടത്തേണ്ടതുമാണ്. ഓരോവർഷവും സമർപ്പിക്കുന്ന സ്ഥിതിവിവര കണക്കുകളുടെയും, പ്രവർത്തന റിപ്പോർട്ടിന്റെയും, പ്രാഥമിക വിവര ങ്ങളുടെയും കോപ്പികൾ ഓഫീസിൽ ഫയൽ ചെയ്തു സൂക്ഷിക്കുക. റ്റി. സി. ഇഷ്യൂ രജിസ്റ്റർ, ടീച്ചേഴ്സ് സർവീസ് ബുക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവയും സൂക്ഷിക്കേ ണ്ടതാകുന്നു. ഓരോ വർഷവും അധ്യാപകരുടെ സർവീസ് ബുക്ക് പുതുക്കി നല്കു വാൻ പ്രഥമാധ്യാപകൻ പ്രത്യേകം താല്പര്യമെടുക്കേണ്ടതാണ്.

## ആദരാഞ്ജലികൾ

വടക്കേഅമിച്ചകരി ഗ്ലോറിയാ ഗാർഡൻ സൺഡേസ്കൂൾ വിദ്യാർത്ഥി എബിൻ തോമസ്, ഫാത്തിമാപുരം ഫാത്തിമാ മാതാ സൺഡേസ്കൂൾ അദ്ധ്യാപകൻ സിറിൽ മാത്യൂ മണലോടിപറമ്പിൽ, നാലുകോടി സെന്റ് തോമസ് സൺഡേസ്കൂൾ അദ്ധ്യാപകനും മുൻ സി.ആർ.റ്റി. അംഗവുമായ വി.റ്റി. ആന്റണി കുടവശ്ശേരി യുടെ മകൻ എന്നിവരുടെ നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനു ശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ഒക്ടോബർമാസം അസാധാരണ പ്രേഷിതമാസമായി പരി.പിതാവ് ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഈ ആഹ്വാനമനുസരിച്ച് എല്ലാ കുഞ്ഞുമിഷനറിമാരും സാധിക്കുന്നിടത്തോളം വി.കുർബ്ബാന അർപ്പിച്ചും കൊച്ചു കൊച്ചു ത്യാഗങ്ങൾ ചെയ്തും മിഷനുവേണ്ടി പ്രാർത്ഥിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ 1 നമ്മുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാളാണല്ലോ ദൈവവിളിദിനം കൂടിയായ അന്നേ ദിവസം മിഷനറിമാർ അംഗത്വ നവീകരണം. നടത്തി ശാഖകളിൽ തിരുനാൾ സമുചിതമായി കൊണ്ടാടേണ്ടതാണ്. തുടർന്ന് ദൈവവിളിവാരം, പ്രാർത്ഥനാ-പഠനവാരം, പ്രേഷിതവാരം, ശുശ്രൂഷാവാരം എന്നിങ്ങനെ ഓരോ ആഴ്ചയിലും ചെയ്യേണ്ട പ്രവർത്തനങ്ങൾ മാർഗരേഖയിൽ നല്കിയിരിക്കുന്നതുപോലെ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. സെപ്റ്റംബർ 21 ന് അതിരൂപതാ കൗൺസിലിൽ പങ്കെടുത്ത് അതിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും നന്ദിപറയുന്നു. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒക്ടോബർ 2019**

| | | |
|---|---|---|
| 1 ചൊവ്വാ | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ-അംഗത്വനവീകരണം നടത്തുക, ദൈവവിളിദിനം, ദൈവവിളിക്കായി പ്രാർത്ഥിക്കുക. |
| 2. ബുധൻ | : | ദൈവദാസൻ മാർ മാത്യു കാവുകാട്ട് തീർത്ഥാടനം |
| 3. വ്യാഴം | : | 73-ാം സ്ഥാപകദിനം |
| 4 വെള്ളി | : | വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ |
| 12 ശനി | : | മിഷൻ സീഡ് (ദൈവവിളി സെമിനാർ) ശാഖകളിൽ |
| 16 ബുധൻ | : | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 19 ശനി | : | ഭവന സന്ദർശനം (മിഷൻഞായറിനോട് അനുബന്ധിച്ച് ശാഖകളിൽ) |
| 20 ഞായർ | : | മിഷൻ ഞായർ, പ്രത്യേക സമ്മേളനം ശാഖകളിൽ നടത്തുക |
| 27. ഞായർ | : | അഭിവന്ദ്യ മാർ കാളാശ്ശേരി പിതാവിന്റെ ചരമദിനം, അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. |

31 വ്യാഴം : അൽഫോൻസാ കാരുണ്യനിധി കൂപ്പൺ ശാഖകൾ മേഖല കളിൽ ഏല്പിക്കേണ്ട അവസാന തീയതി

പ്രേഷിതമാസ സമാപനം.

**നവംബർ 2019**

1 വെള്ളി : എക്ലേസിയ ക്വിസ്-മേഖലകളുടെ ലിസ്റ്റ് സമർപ്പിക്കേണ്ട അവസാനതീയതി.

9 ശനി : എക്ലേസിയ ക്വിസ്-മിഷൻ ആന്തം (അതിരൂപതാതലം- സന്ദേശനിലയത്തിൽ വച്ച്)

## ഫാ. ജോസഫ് മാലിപ്പറമ്പിലനുസ്മരണം

നമ്മുടെ സ്ഥാപകഡയറക്ടർ ബ.ജോസഫ് മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതിചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ വച്ച് സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച അനുസ്മരണ സമ്മേളനം നടത്തപ്പെട്ടു. അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തവർക്കും അതിന്റെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ച ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## അതിരൂപതാ കൗൺസിൽ

മിഷൻ ലീഗ് അതിരൂപതാ കൗൺസിൽ 2019 സെപ്റ്റംബർ 21 ന് ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് കൗൺസിൽ ഉദ്ഘാടനവും, അസാധരണ പ്രേഷിതമാസ ഉദ്ഘാടനവും നടത്തുകയും സന്ദേശം നല്കുകയും ചെയ്തു. ശ്രീ. ജോർജ്ജുകുട്ടി ആഗസ്തി മിശിഹായിൽ പുതിയ ജീവിതശൈലി എന്ന വിഷയത്തെക്കുറിച്ച് കുട്ടികളെ പ്രബുദ്ധരാക്കി. അതിരൂപതാ കൗൺസിലിന്റെ വിജയത്തിനായി പ്രവർത്തിച്ച ഏവർക്കും നന്ദി.

## ദൈവവിളിയ്ക്കായി എന്റെ സംഭാവന

ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം നമ്മുടെ അതിരൂപ തയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലന ചെലവിലേയ്ക്കുള്ള സംഭാവന ദൈവവിളിദിനമായ ഒക്ടോബർ 1-ാം തീയതി ഒരു കുട്ടിക്ക് (1 മുതൽ 12 വരെ) 1 രൂപ എന്ന പ്രകാരം ശാഖകളിൽ സമാഹരിച്ച് അതിരൂപതാ ഓഫീസിൽ ഒക്ടോബർ 30ന് മുൻപായി എത്തിക്കേണ്ടതാണ്.

## മിഷൻ ഞായർ - ഒക്ടോബർ 20

ആഗോള മിഷൻ ഞായർ - ശാഖകളിൽ പ്രത്യേക സമ്മേളനം നടത്തുക. അഭി വന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ സർക്കുലർ പ്രകാരം (സെപ്റ്റം ബർ മാസത്തെ മദ്ധ്യസ്ഥൻ-പേജ് നമ്പർ 15) ഈ വർഷത്തെ മിഷൻ ഞായറി നോട് ബന്ധപ്പെട്ട് സൺഡേസ്കൂൾ കുട്ടികളും മതാധ്യാപകരും, ഇടവകയിലെ യുവതി യുവാക്കളുടേയും, മാതാപിതാക്കളുടേയും, എല്ലാ സംഘടനകളുടേയും സഹകരണത്തോടെ ഇടവകയിലെ മുഴുവൻ കുടുംബങ്ങളും സ്ഥാപനങ്ങളും അടക്കം സന്ദർശിച്ച് ലഭിക്കുന്ന സംഭാവനയും ഉത്പന്ന വസ്തുക്കളിൽ നിന്നും

ലഭിക്കുന്ന തുകയും നമ്മുടെ അതിരൂപതയുടെ ജയ്പൂർ മിഷന് അതിരൂപതാ മിഷൻലീഗ് ഓഫീസുവഴി നൽകണമെന്ന് പ്രത്യേകം അറിയിക്കുന്നു. പരമാവധി തുക സ്വരൂപിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കണമേ.

## മിഷൻ വോയ്സ് പത്രം (മാർഗരേഖ പേജ് 36 കാണുക)

മിഷൻ വോയ്സ് പത്രവും അർദ്ധവാർഷികറിപ്പോർട്ടും ഓഫീസിൽ ഏല്പിക്കേണ്ട **അവസാനതീയതി നവംബർ 16** ആണെന്നകാര്യം ഓർമ്മിപ്പിക്കുന്നു. (ഈ തീയതിക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല).

## എക്ലേസിയ ക്വിസ് & മിഷൻ ആന്തം

മേഖലാതലത്തിൽ ഒക്ടോബർ 31നു മുമ്പായി മത്സരങ്ങൾ നടത്തി അവിടെ നിന്നും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന ടീമുകളെ അതിരൂപതാതല മത്സരത്തിലേക്ക് അയയ്ക്കുക. നവംബർ 2 നകം ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (നിബന്ധനകൾ മാർഗ്ഗരേഖ പേജ് 35-36 കാണുക).

### വിഷയം

1. സി.എം.എൽ. പഠനഗ്രന്ഥം........ 25%
2. മഹാമിഷനറി (പരിഷ്കരിച്ചപതിപ്പ്)........ 20%
3. വി. മത്തായിയുടെ സുവിശേഷം 19 മുതൽ 28 വരെ അധ്യായങ്ങൾ (ലോഗോസ്)........ 20%
4. നിന്റെ രാജ്യം വരണം- അതിരൂപതാ മിഷൻ ലീഗ് പ്രസിദ്ധീകരണം.... 20%
5. മാർഗ്ഗരേഖയിൽ നിന്നും മിഷൻലീഗിനെയും കുഞ്ഞേട്ടനെയും സംബന്ധിച്ച പൊതു ചോദ്യങ്ങൾ........ 15%

## കെരുബിം 2019

അൾത്താരബാലന്മാർക്കുവേണ്ടിയുള്ള അതിരൂപതാ ക്യാമ്പ് കെരുംബിം 2019 നവംബർ 22,23,24 തീയതികളിൽ നടത്തപ്പെടുന്നതാണ്. മേഖലാതലത്തിൽ നടന്ന അൾത്താര ബാലന്മാരുടെ സെമിനാറിൽ പങ്കെടുത്ത കുട്ടികളിൽ നിന്നും ഇടവക വികാരിയച്ചൻ നിർദ്ദേശിക്കുന്ന ഒരു അൾത്താരബാലനാണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അർഹത നേടുന്നത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരുടെ പേര്, ഫോട്ടോസഹിതം വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപതാ ഓഫീസിൽ **ഒക്ടോബർ 22നകം** രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിരൂപതാ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഈ ക്യാമ്പിൽ വച്ച് ധന്യൻ മാർ കുര്യാളശ്ശേരി അവാർഡ് നൽകുന്നതാണ്. ക്യാമ്പ് ഫീസ് 600 രൂപ ആയിരിക്കും. നവംബർ 22-ാം തീയതി വൈകുന്നേരം 5.30ന് ആരംഭിക്കുന്ന ക്യാമ്പ് നവംബർ 24-ാം തീയതി ഉച്ചകഴിഞ്ഞ് 1.30ന് സമാപിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവരെ അവാർഡിനായി പരിഗണിക്കുന്നതല്ല. (സ്ഥലം പിന്നീട് അറിയിക്കുന്നതാണ്)

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാതല സംഗമങ്ങൾ 'കെരിഗ്മ' 16 ഫൊറോനകളിലും വിജയകരമായി നടന്നു. അതിന്റെ ക്രമീകരണങ്ങൾക്കായി എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ബഹു. അച്ചന്മാർക്കും സാന്നിദ്ധ്യംകൊണ്ട് സമ്മേളനത്തെ ധന്യമാക്കിയ ആനിമേറ്റേഴ്സിനും കൂട്ടായ്മാ ലീഡേഴ്സിനും സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

ഫൊറോനാതല സംഗമത്തിന്റെ സമാപനമാണ് അതിരൂപതാതല മഹാ സംഗമം -ഹെസദ്. ഡിസംബർ 14-ാം തീയതി ശനിയാഴ്ച ക്രമീകരിക്കുന്ന മഹാ സംഗമത്തിലേയ്ക്ക് ഏവരുടെയും മഹനീയ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

ലോഗോസ് ക്വിസ് മത്സരം ഇടവകതലത്തിൽ നടത്താൻ വേണ്ട സഹകരണ ങ്ങൾ നൽകിയ അച്ചന്മാർക്കും സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും കൂട്ടായ്മാ ലീഡേഴ്സിനും സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു.

പ്രാർത്ഥനയോടെ,

**ജെന്നിയച്ചൻ**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ - അതിരമ്പുഴ

സെപ്. 1 ന് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ഇടവകയിൽ ബസാലേൽ കൺവൻഷൻ നടത്തുകയുണ്ടായി. വെരി റവ. ഡോ. ജോസഫ് മുണ്ടകത്തിലച്ച നോടൊപ്പം കൊച്ചച്ചന്മാരും കൂട്ടായ്മാ ലീഡേഴ്സും എല്ലാ ക്രമീകരണങ്ങളും ചെയ്യുകയുണ്ടായി. അതി. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശ്ശേരി ക്ലാസ് നയിച്ചു. ബ്രദർ ജസ്റ്റിൻ, ശ്രീ. ജോബ് ആന്റണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. പ്രസ്തുത ഇടവകയിൽ ബസാലേൽ സംഘടിപ്പിക്കുവാൻ നേതൃത്വം വഹിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### കെരിഗ്മ - ചങ്ങനാശേരി ഫൊറോനയിൽ

ഓഗസ്റ്റ് 31 ന് 2. 30 മുതൽ 4.30 വരെ ചങ്ങനാശേരി ഫൊറോനയി ലെ കൂട്ടായ്മാ ലീഡേഴ്സിന്റെ സംഗമം കത്തീഡ്രൽ പാരീഷ് ഹാളിൽ സംഘടി പ്പിക്കുകയുണ്ടായി. റവ. ഫാ. സോണി പള്ളിച്ചിറ സ്വാഗതം ആശംസിച്ചു. തുടർന്ന് മാർ തോമസ് തറയിൽ കൂട്ടായ്മാ ലീഡേഴ്സിന്റെ പ്രവർത്തന ശൈലി എങ്ങനെയായിരിക്കണമെന്നും അവരുടെ പ്രവർത്തനങ്ങളുടെ ഇന്നത്തെ പ്രസക്തി എന്താണെന്നും ഉത്ബോധിപ്പിച്ചുകൊണ്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അതിരൂപതാ വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത് ക്ലാസ് നയിച്ചു. പ്രവർത്തനവർഷപരിപാടികളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി നൽകുകയും ഫൊറോനാ സമിതി രൂപീകരണത്തിന് ജനറൽ കൺ വീനർ ശ്രീ. ജോബ് ആന്റണി പവ്വത്തിൽ നേതൃത്വം നൽകുകയും ചെയ്തു.

## കെരിഗ്മ - എടത്വാ ഫൊറോനയിൽ

2019 സെപ്. 13 ന് രാവിലെ 9:30 മുതൽ 12:00 വരെ എടത്വാ ഫൊറോനയിൽ കുടുംബക്കൂട്ടായ്മാ ഫൊറോനാ സംഗമം നടക്കുകയുണ്ടായി. റവ. ഫാ ആശിഷ് പ്ലാംപറമ്പിൽ സ്വാഗതം ആശംസിച്ചു. മാർ തോമസ് തറയിൽ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയുണ്ടായി. തുടർന്ന് അതിരൂപതാ ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. ശ്രീ. റ്റോമി ആന്റണി കൈതക്കളം പ്രവർത്തനവർഷ പരിപാടികളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ഫൊറോനാ സമിതി രൂപീകരണത്തിന് ജനറൽ കൺവീനർ ശ്രീ. ജോബ് ആന്റണി പവ്വത്തിൽ നേതൃത്വം നൽകി.

## ബൈബിൾ വചനാധിഷ്ഠിത മത്സരങ്ങൾ

സെപ്. 9 ന് മാർ ജയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് വചനാധിഷ്ഠിത മത്സരങ്ങളായ ബൈബിൾ വാക്യരചന, വാക്യാവതരണം, കഥാപ്രസംഗം എന്നിവ നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദിയർപ്പിക്കുന്നു.

## മത്സര വിജയികൾ

**ബൈബിൾ വാക്യരചന**

ഒന്നാം സ്ഥാനം - ജിസാ ജോർജ്ജ്, സെന്റ് ജോസഫ് ചമ്പക്കര
രണ്ടാം സ്ഥാനം - ഡയാനാ ബിൻസൺ, കുമരകം നവനസ്രത്ത്
മൂന്നാം സ്ഥാനം - നിഖിതാ ബിജു, സെന്റ് ജോൺ ബാപ്റ്റിസ്റ്റ് നെടുംകുന്നം

**ബൈബിൾ വാക്യാവതരണം ( പ്രായം 5 - 9 )**

ഒന്നാം സ്ഥാനം - ജോഹൻ മജോ, സെന്റ് മേരീസ് പാറേൽ
രണ്ടാം സ്ഥാനം - ജൂഡ് വർഗ്ഗീസ്, സെന്റ് ജോർജ്ജ് മുട്ടാർ
മൂന്നാം സ്ഥാനം - ക്ലാരിസ് കേസറിയ, വെളിയനാട്

**ബൈബിൾ വാക്യാവതരണം ( പ്രായം 10 - 14 )**

ഒന്നാം സ്ഥാനം - ജോയൽ ജോമോൻ, സെന്റ് തെരേസ്സാസ്, കാവാലം
രണ്ടാം സ്ഥാനം - സ്നേഹാ തോമസ്, സെന്റ് ജോസഫ് ചമ്പക്കര
മൂന്നാം സ്ഥാനം - അലീനാ ജയ്മോൻ, എൽ.എഫ്, ആർപ്പുക്കര

**ബൈബിൾ കഥാപ്രസംഗം**

ഒന്നാം സ്ഥാനം - വിൻസന്റ് കോര, ഹോളി ഫാമിലി, മുടിയൂർക്കര
രണ്ടാം സ്ഥാനം - സംഗീതാ ജോൺ, സെന്റ് മേരീസ് ഇരവുചിറ.

## പ്രാർത്ഥനാ കൂട്ടായ്മ

അതിരൂപതാ പ്രവർത്തകരുടെ സെപ്റ്റംബർ മാസത്തെ പ്രാർത്ഥനാ കൂട്ടായ്മ ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ ശ്രീമതി ലീലാമ്മ കുര്യാക്കോസിന്റെ ഭവനത്തിൽ ഒന്നുചേർന്ന് പ്രവർത്തന വിജയങ്ങൾക്കായി പ്രാർത്ഥിക്കുകയുണ്ടായി.

## ദൈവവചന പഠനശിബിരം

വചന വർഷാചരണത്തിന്റെ ഭാഗമായി ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗ

ത്തിന്റെ ആഭിമുഖ്യത്തിൽ അതിരൂപതാ കോൺഫറൻസ് ഹാളിൽവച്ച് ദൈവവചന പഠനശിബിരം സംഘടിപ്പിക്കുകയുണ്ടായി. വികാരി ജനറാൾ വെരി. റവ. ഡോ. തോമസ് പാടിയത്ത് സ്വാഗതം ആശംസിച്ചു. തുടർന്ന് മാർ തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി ഉദ്ഘാടനം നിർവ്വഹിച്ചു. പൗരസ്ത്യ വിദ്യാപീഠം പ്രസിഡന്റ് വെരി. റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ വി. ഗ്രന്ഥത്തെ അസ്പദമാക്കി ക്ലാസ് നയിച്ചു. ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം ഡയറക്ടർ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി സന്യസ്തരും, അൽമായരും ഉൾപ്പെടെ 100 പേർ പഠനശിബിരത്തിൽ പങ്കെടുത്തു.

## വചനവീട് സമാപനം

പങ്ങട സെക്രട്ട് ഹാർട്ട് ഇടവകയിൽ സെപ്. 15 ന് നടന്ന വചനവീട് സമാപനത്തിൽ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി സന്ദേശം നൽകുകയുണ്ടായി.

## ലോഗോസ് ക്വിസ് 2019

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരം സെപ്. 29 ന് നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽനിന്നും 30361 പേർ പങ്കെടുക്കുകയുണ്ടായി. ഇതിനായി അദ്ധ്വാനിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾ

സെന്റ് മേരീസ് ഫൊറോനാപള്ളി അതിരമ്പുഴ– ഒന്നാം സ്ഥാനം
സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം – രണ്ടാം സ്ഥാനം
സെന്റ് തോമസ് നാലുകോടി – മൂന്നാം സ്ഥാനം
ഏവർക്കും അഭിനന്ദനങ്ങൾ നേർന്നുകൊള്ളുന്നു.

# അറിയിപ്പുകൾ

## ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് 2019 – ഉത്തരക്കടലാസുകൾ ഒക്. 2 നകം ഫൊറോനാ കേന്ദ്രത്തിലോ, അതിരൂപതാ ഓഫീസിലോ എത്തിക്കേണ്ടതാണ്. റിസൾട്ട് ഒക്ടോബർ അവസാന ആഴ്ചയിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

## ബസാലേൽ കൺവൻഷൻ

ഒക്ടോബർ, നവംബർ മാസങ്ങളിൽ ബസാലേൽ കൺവൻഷൻ നടത്താനാഗ്രഹിക്കുന്ന ഇടവകകൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. – 9447776920, 8848492369

## ലിറ്റർജിക്കൽ ക്വിസ്

**ഇടവകതല മത്സരം – 2019 ഡിസംബർ 22 ഞായർ**

**വിജയികളുടെ ലിസ്റ്റ് നൽകേണ്ട അവസാന തീയതി – 2020 ജനുവരി 10**

**അതിരൂപത മത്സരം – 2020 ഫെബ്രുവരി 9**

പ്രിയ കുടുംബപ്രേഷിതരേ,

ഒക്ടോബർ മാസം നമ്മെ സംബന്ധിച്ചിടത്തോളം കലോത്സവങ്ങളുടെ കാലഘട്ടമാണ്. രചനാമത്സരങ്ങൾ ഒരേദിവസം 16 ഫൊറോനാകളിലും വളരെ വിജയകരമായി നടത്തപ്പെട്ടതിനുശേഷം ഫൊറോനാ കലോത്സവങ്ങൾ നാലുദിവസങ്ങളിലായി എല്ലാ ഫൊറോനാകളിലും നടത്തുവാനുള്ള ക്രമീകരണങ്ങളും ചെയ്തിരിക്കുന്നതിൽ ഒത്തിരി സന്തോഷമുണ്ട്.

സെപ്റ്റംബർ 20 മാതൃവേദിയുടെ ജന്മദിനമായതിനാൽ പ്രസ്തുതദിനത്തിലോ അതിനോടു ചേർന്ന ദിവസങ്ങളിലോ നമ്മുടെ യൂണിറ്റുകളിൽ മാതൃവേദിയുടെ റൂബി ജൂബിലി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. അതിരൂപതാതലത്തിലുള്ള റൂബി ജൂബിലി ഉദ്ഘാടനം 2019 ഒക്ടോബർ 18 വെള്ളിയാഴ്ച രാവിലെ 9:30 ന് ചങ്ങനാശേരി കത്തീഡ്രൽ പള്ളിയുടെ ഹാളിൽ നടത്താനാണ് ആഗ്രഹിക്കുന്നത്. ഒക്ടോബർ 18-ന് ഒരു പ്രത്യേകതയുണ്ട്. അന്നേദിവസം സഭയിലെ കൊച്ചുവിശുദ്ധയും വേദപാരംഗതയുമായ വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ ലൂയിസ് മാർട്ടിനും സെലിഗ്വരിനും വിശുദ്ധരാക്കപ്പെട്ട ദിവസമാണ്. തിരുക്കുടുംബത്തിനുശേഷം കുടുംബങ്ങൾക്കു മാതൃകയാക്കാവുന്ന മാതൃകാദമ്പതികളും കുടുംബവുമാണ് ഇവരുടേത്. ക്രിസ്തീയ സ്നേഹവും ശുശ്രൂഷയും കുടുംബജീവിതത്തിൽ മുഖമുദ്രയാക്കിക്കൊണ്ട് വിശുദ്ധരായ കുഞ്ഞുങ്ങൾക്ക് ജന്മംകൊടുത്ത് ദൈവവിളികളെ പരിപോഷിപ്പിച്ച ഈ വിശുദ്ധ ദമ്പതികളെ ഓർമ്മിച്ച് 'കുടുംബമാസ'മായി ആചരിച്ചുകൊണ്ട് റൂബി ജൂബിലിയിലേക്ക് നമുക്ക് പ്രവേശിക്കാം. ജൂബിലിയുടെ ഭാഗമായി ഒരു വർഷക്കാലം നീണ്ടുനില്ക്കുന്ന കർമ്മപദ്ധതികളോടു സഹകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും ചുരുക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### 1. വചനവീട് കർമ്മപദ്ധതി

വചനവീട് കർമ്മപദ്ധതികൾ തുടരേണ്ടതാണ്. കഴിഞ്ഞ 100 ദിനങ്ങളിൽ യൂണിറ്റുകളിലും - ഫൊറോനയിലും നടന്ന കർമ്മപദ്ധതിയുടെ വിശദമായ റിപ്പോർട്ട് അതിരൂപതയിൽ ലഭിച്ചുകഴിഞ്ഞു. വിശദമായി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. ഏറ്റവും മികച്ച മൂന്നുയൂണിറ്റുകൾക്ക് പ്രത്യേക പുരസ്ക്കാരങ്ങളും 10 യൂണിറ്റുകൾക്ക് പ്രോത്സാഹനസമ്മാനങ്ങളും ഏറ്റവും മികച്ച ഫൊറോനക്ക് നൽകുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകളിൽ പ്രത്യേക സന്ദർശനം നടത്തി അന്തിമ ഫലപ്രഖ്യാപനം ഉടനെ നടത്തുന്നതാണ്.

## 2. ഊർജ്ജിതം 2019 - 100 ദിന കർമ്മപദ്ധതി സമാപനം

അതിരമ്പുഴ ഫൊറോന 100 ദിന കർമ്മപദ്ധതിയുടെ സമാപനസമ്മേളനം തെള്ളകം പുഷ്പഗിരി പള്ളി പാരിഷ് ഹാളിൽ അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ഫൊറോന 100 ദിന കർമ്മപദ്ധതി സമാപന സമ്മേളനം പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജ് ഓഡിറ്റോറിയ ത്തിൽ അസി. ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി ഫൊറോന സമാപനസമ്മേളനം കത്തീഡ്രൽപള്ളി പാരിഷ്ഹാ ളിലും, കുറുമ്പനാടം ഫൊറോന സമാപനസമ്മേളനം ഫൊറോനപള്ളി പാരി ഷ്ഹാളിലും ഫാ. ജോസ് മുകളേൽ ഉദ്ഘാടനം ചെയ്തു. അമ്പൂരി ഫൊറോന സമാപനസമ്മേളനം ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പുളിങ്കുന്ന് ഫൊറോനാ സമാപനസമ്മേളനവും കിഡ്സ് ഫെസ്റ്റും വിവാഹജൂബിലിക്കാരെ ആദരിക്കുന്ന ചടങ്ങും ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ഓടലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ അസി. ഡയറക്ടറും പുളിങ്കുന്ന് ഫൊറോനാ ഡയറക്ടറുമായ റവ. ഫാ. റ്റിജോ പുത്തൻപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി.

## 3. മാതൃവേദി റൂബി ജൂബിലി 'തീംസോങ് - എംബ്ലം' മത്സരം

മാതൃവേദി റൂബിജൂബിലി സെപ്റ്റംബർ 20-ാം തീയതി ആരംഭിച്ചു. യൂണി റ്റുകളിൽ വിവിധ പരിപാടികളോടുകൂടി റൂബി ജൂബിലിക്ക് തുടക്കം കുറിച്ചു. ജൂബിലിയോട് അനുബന്ധിച്ച് നടന്ന തീം സോങ് മത്സരങ്ങളിൽ 37 ഇടവക യൂണിറ്റുകൾ പങ്കെടുത്തു. അതിരൂപത പാസ്റ്ററൽ സെന്ററിൽ നടന്ന മത്സരം അതിരൂപത മെത്രാപ്പോലിത്താ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെ യ്തു. താഴെപ്പറയുന്ന യൂണിറ്റുകൾ പ്രസ്തുത തീംസോങ് മത്സരത്തിൽ വിജ യികളായി.

ഒന്നാം സമ്മാനം - മർത്ത്മറിയം ഫൊറോനപള്ളി യൂണിറ്റ്, തുരുത്തി

രണ്ടാം സമ്മാനം - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ചാഞ്ഞോടി (തൃക്കൊടി ത്താനം ഫൊറോന)

മൂന്നാം സമ്മാനം - സെന്റ് മേരീസ് ചർച്ച് ഇരവുചിറ (കുറുമ്പനാടം ഫൊ റോന)

- മാർ സ്ലീവാ ചർച്ച് പുറക്കാട് (ആലപ്പുഴ ഫൊറോന)

**സംഗീത രചന**

ഒന്നാം സമ്മാനം - കേശവദാസപുരം മാർ ഗീവർഗീസ് ചർച്ച് (തിരുവനന്തപു രം ഫൊറോന)

രണ്ടാം സമ്മാനം - വായ്പ്പൂർ സെന്റ് ജോസഫ്സ് ചർച്ച് (നെടുങ്കുന്നം ഫൊ റോന)

മൂന്നാം സ്ഥാനം - സെന്റ് സെബാസ്റ്റ്യൻസ് അയർക്കുന്നം (കോട്ടയം ഫൊ റോന)

- നവനസ്രത്ത് ചർച്ച് കുമരകം (കുടമാളൂർ ഫൊറോന)

**എംബ്ലം മത്സരഫലങ്ങൾ**

ഒന്നാം സ്ഥാനം - ജോയി ജോസഫ് മായക്കളം (മാമ്മൂട് ലൂർദ്ദ്മാതാ ഇടവക, കുറുമ്പനാടം ഫൊറോന)

രണ്ടാം സ്ഥാനം - ആന്റണി സ്റ്റീഫൻ പ്ലാമൂട്ടിൽ വീട് (വെരൂർ സെന്റ് ജോസഫ്സ് ചർച്ച്, ചങ്ങനാശേരി ഫൊറോന)

മൂന്നാം സ്ഥാനം - ഡാനി വർഗ്ഗീസ് തൈപ്പറമ്പിൽ വീട് (കുമരകം നവനസ്രത്ത്, കുടമാളൂർ ഫൊറോന)

## 4. മാതൃവേദി റൂബി ജൂബിലി യൂണിറ്റ് - ഫൊറോനാതല ഉദ്ഘാടനങ്ങൾ

സെപ്റ്റംബർ 20-ാം തീയതി മാതൃവേദി ജന്മദിനം ആഘോഷിച്ചു. മാതൃവേദി റൂബി ജൂബിലി പ്രോഗ്രാമുകൾ ആരംഭിച്ചു.

**കിഡ്സ് ഫെസ്റ്റുകൾ**

കിഡ്സ് ഫെസ്റ്റുകൾ വിവിധ ഫൊറോനകളിൽ തുടരുന്നു. എടത്വാ - കോട്ടയം -തൃക്കൊടിത്താനം ഫൊറോനകളിൽ വിവിധ പരിപാടികളോടെ കിഡ്സ് ഫെസ്റ്റുകൾ നടത്തി.

## 5. മാതൃ-പിതൃവേദി ഫൊറോന രചനാ മത്സരങ്ങൾ

കലോത്സവം 2019 ന് തുടക്കം കുറിച്ചുകൊണ്ട് രചനാമത്സരങ്ങൾ 16 ഫൊറോനാകേന്ദ്രങ്ങളിൽ സെപ്റ്റംബർ 22-ാം തീയതി ഞായറാഴ്ച 2:00 മണിക്ക് വളരെ ഭംഗിയായി നടത്തപ്പെട്ടു. രചനാമത്സരങ്ങളുടെ പരിശോധന ഫൊറോനകളിൽതന്നെ പൂർത്തീകരിച്ച് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവരുടെ ഉത്തരക്കടലാസും റിസൾട്ടും ഒക്ടോബർ 18 ന് മുമ്പായി അതിരൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## അറിയിപ്പുകൾ

## 1. I.D. കാർഡുകൾ

I.D. കാർഡുകൾ തയ്യാറായി വരുന്നു. പൂർത്തിയാക്കപ്പെട്ട ഫൊറോനാകളിലെ യൂണിറ്റുകളുടെ ലിസ്റ്റുകൾ പരിശോധിക്കാൻ ഫൊറോനാഭാരവാഹികൾക്ക് ഇപ്പോൾ അവസരം ഉണ്ട് എന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

## 2. ഫൊറോനാ കലോത്സവം

ഫൊറോനാതല കലോത്സവങ്ങൾ ഒക്ടോബർമാസത്തിൽ ആരംഭിക്കുന്നു. അതിരൂപതാ ഭാരവാഹികളെ ഓരോ ഫൊറോനായിലും ഫൊറോനസമതിയെ സഹായിക്കാൻ നിയോഗിച്ചിട്ടുണ്ട്. മത്സരവിജയത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്ന കാര്യത്തിലും എല്ലാ യൂണിറ്റുകളെയും മത്സരത്തിൽ പങ്കെടുപ്പിക്കുന്ന കാര്യത്തിലും ഫൊറോന സമിതിക്ക് പ്രത്യേകശ്രദ്ധ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. ഗ്രൂപ്പ് ഇനങ്ങളുടെ സ്ക്രിപ്റ്റ് നിർബന്ധമായും മുൻകൂട്ടി പരിശോധിക്കേണ്ടതാണ്.

## 3. റൂബി ജൂബിലി ആലോചനായോഗം

2019 സെപ്റ്റംബർ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2മണിക്ക് ചങ്ങനാശേരി

പാസ്റ്ററൽ സെന്ററിൽ റൂബി ജൂബിലിയോടനുബന്ധിച്ചുള്ള ആലോചനായോഗം നടത്തപ്പെടുന്നു. പ്രസ്തുതയോഗത്തിൽ എല്ലാ ഫൊറോനാ മാതൃവേദി ഭാരവാഹികളും എത്തിച്ചേരേണ്ടതാണ്.

## 4. മാതൃവേദി റൂബി ജൂബിലി അതിരൂപതാതല ഉദ്ഘാടനം

ചങ്ങനാശേരി അതിരൂപതാ മാതൃവേദിയുടെ റൂബി ജൂബിലിയുടെ അതിരൂപതാതല ഉദ്ഘാടനം 2019 ഒക്ടോബർ 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 9:30 ന് ചങ്ങനാശേരി കത്തീഡ്രൽപള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് റൂബി ജൂബിലി ഉദ്ഘാടനം ചെയ്യുന്നതാണ്. എല്ലാ യൂണിറ്റുകളിൽ നിന്നും 10 മാതൃവേദി അംഗങ്ങൾ വീതം പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. ഉച്ചയ്ക്ക് 1:30 ന് ഭക്ഷണത്തോടുകൂടി പ്രോഗ്രാം സമാപിക്കുന്നതായിരിക്കും.

## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE · CHANGE THE WORLD FROM YOUR HOME · ARCHDIOCESE OF CHANGANASSERY

| OCTOBER 2019 | | NOVEMBER 2019 | | DECEMBER 2019 | |
|---|---|---|---|---|---|
| Sep30, 1, 2 | Zion | 4, 5, 6 | Zion | 2, 3, 4 | Zion |
| 14, 15, 16 | Zion | 11, 12, 13 | Zion | 9, 10, 11 | Zion |
| 21, 22, 23 | Chry | 18, 19, 20 | Chry | 20, 21, 22 | Chry |
| | | 25, 26, 27 | Chry | 27, 28, 29 | Zion |

# സദസ്

**ചങ്ങനാശേരി അതിരൂപത കൾച്ചറൽ അക്കാദമി 'സദസ്' അതിരൂപതയിലെ വിവിധ മഠങ്ങളിലുള്ള ബ. സിസ്റ്റേഴ്സിനെ ഓർഗൻ പഠിപ്പിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. എല്ലാ കോൺഗ്രിഗേഷനിൽ നിന്നും (ബഹു. സിസ്റ്റേഴ്സ്) രണ്ടുപേരെ സൗജന്യനിരക്കിൽ ഓർഗൻ പഠിക്കുന്നതിന് ഇപ്പോൾ അവസരമുണ്ട്.**

**വിശദാംശങ്ങൾക്ക്**
**സദസ് ഓഫീസുമായി ബന്ധപ്പെടുക.**

**ഫാ. തോമസ് ഡി. തൈക്കാട്ടുശ്ശേരിൽ**

**ഡയറക്ടർ**

**Contact No. 9447464457, 9497734457**

## വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ദുരിതമനുഭവിച്ചവരെ സഹായിച്ച എല്ലാവർക്കും നന്ദി.

2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും അകപ്പെട്ട ഉത്തര കേരളത്തിലെ സഹോദരങ്ങളെ വിവിധ രൂപതകളുടെ നേതൃത്വത്തിൽ സഹായിക്കുന്നതിന് യുവദീപ്തി-എസ്.എം.വൈ.എമ്മിന് താങ്ങും തണലുമായ ഫൊറോനാവികാരിമാർ, ഫൊറോനാ ഡയറക്ടറച്ചന്മാർ, യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, അതിരൂപതാ-ഫൊറോനാ-യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് അതിരൂപതാ യുവദീപ്തിയുടെ ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

## യുവദീപ്തി - എസ്.എം.വൈ.എം. സെനറ്റ് മീറ്റിംഗ് നടത്തി

യുവദീപ്തി - എസ്.എം.വൈ.എം-ന്റെ സെനറ്റ് സമ്മേളനം സെപ്റ്റംബർ 1-ന് ഞായറാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ കൂടി. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി അദ്ധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ജനറൽ സെക്രട്ടറി ജസ്റ്റിൻ മഞ്ചേരിക്കളം പ്രവർത്തന റിപ്പോർട്ടവതരിപ്പിച്ചു. ട്രഷറർ ഡിലോ ദേവസ്യ കണക്കവതരിപ്പിച്ചു. തുടർന്നു നടന്ന സജീവചർച്ചകളിൽ വിവിധ ഫൊറോനാകളിൽനിന്നും എത്തിച്ചേർന്ന നേതാക്കന്മാർ പങ്കെടുത്തു. വരുന്ന മാസങ്ങളിൽ നടപ്പിലാക്കേണ്ട കർമ്മപരിപാടികളെക്കുറിച്ച് സെനറ്റ് ചർച്ചചെയ്തു.

## പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് - 'Ignite 2K19'

### കൊല്ലം ഫൊറോന

കൊല്ലം ഫൊറോനായുടെ 2019 പ്രവർത്തനവർഷത്തെ പ്രാർത്ഥനാപഠന പരിശീലനക്യാമ്പ് സെപ്റ്റംബർ 13, 14, 15 തീയതികളിൽ മീൻകുളം ലൂർദ്ദ്മാതാ പബ്ളിക് സ്കൂളിൽ നടത്തി. ഫൊറോനാപ്രസിഡന്റ് കിരൺ വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോനാ വികാരി വെരി റവ. ഫാ. അനിൽ കരിപ്പിങ്ങാംപുറം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോബിൻ തൈപ്പറമ്പിൽ, ഫൊറോനാ ഡയറക്ടർ ഫാ. തോമസ് കാരയ്ക്കാട്ട്, അതിരൂപതാ കെ.സി.വൈ.എം. സെനറ്റ് മെമ്പർ സിനോയി മാത്യു, സിസ്റ്റർ സെലിൻ മാവുങ്കൽ OSA എന്നിവർ പ്രസംഗിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ഫാ. ടോംസ് കളപ്പുര, സെബാസ്റ്റ്യൻ ആലപ്പുഴ, സുരേഷ് മാത്യു എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ബ്രദർ ജേക്കബ് കളത്തിവീട്ടിൽ, അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ എന്നിവർ ക്യാമ്പ് ചീഫുമാരായി പ്രവർത്തിച്ചു.

### ചമ്പക്കുളം ഫൊറോനാ ക്യാമ്പ് (Ignite - 19)

ചമ്പക്കുളം ഫൊറോനാ യുവദീപ്തിയുടെ പ്രാർത്ഥനാപഠനപരിശീലനക്യാമ്പ്

കൊണ്ടാക്കൽ സെന്റ് ജോസഫ് പാരിഷ്ഹാളിൽ നടത്തി. സെപ്റ്റംബർ 20ന് വെള്ളിയാഴ്ച വൈകുന്നേരം 7 മണിക്ക് ക്യാമ്പ് ആരംഭിച്ചു. ഫൊറോനാഡെപ്യൂട്ടി പ്രസിഡന്റ് ജിസ്മോൾ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് വടക്കേയറ്റം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫൊറോനാഡയറക്ടർ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, സി. മരീസാ SABS, എബിൻ ജോസഫ്, അനുമോൾ ആറിൽചിറ, എന്നിവർ പ്രസംഗിച്ചു. ഫാ. സെൽബിച്ചൻ പുതുവീട്, ഫാ. ടോംസ് കളപ്പുര, ശ്രീ. സിജി ആന്റണി, അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര എന്നിവർ ക്യാമ്പിലെ ക്ലാസുകൾക്ക് നേതൃത്വം നൽകി. ബ്രദർ ജേക്കബ് കളത്തിവീട്ടിൽ, ജോസ്നാ ജോസഫ്, എത്സാബിജു വർഗ്ഗീസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**കോട്ടയം ഫൊറോനാ ക്യാമ്പ്**

കോട്ടയം ഫൊറോനായുടെ 2019 വർഷത്തെ പ്രാർത്ഥനാപഠനപരിശീലന ക്യാമ്പ് വടവാതൂർ CSsR സെന്ററിൽവച്ച് സെപ്റ്റംബർ 20, 21, 22 തീയതികളിൽ നടന്നു. ഫൊറോനാ പ്രസിഡന്റ് ബിബിൻ സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ RRC ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണ്ടത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ക്യാമ്പംഗങ്ങളെ സന്ദർശിച്ച് സന്ദേശം നൽകി. ഫൊറോനാ ഡയറക്ടർ ഫാ. വിവേക് കളരിത്തറ MCBS മാർഗ്ഗനിർദ്ദേശപ്രസംഗം നടത്തി. സിസ്റ്റർ ജയിനമ്മ ആശംസാപ്രസംഗം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, സിറിയക് മാത്യു, ഫാ. സിബിൻ ചൂരവടി, ഫാ. ടോംസ് കളപ്പുര, ഫാ. ജെയിംസ് അത്തിക്കളം എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

റോസ്മരിയ സെബാസ്റ്റ്യൻ, ജോബിൻ ജോസഫ് എന്നിവർ ക്യാമ്പ് ചീഫുമാരായി പ്രവർത്തിച്ചു. ആൻമരിയ ജോസ്, ശ്യാം കെ. ജോസഫ്, കരോളിൻ പി.ജെ., ആനീസ് ബെന്നി, ജെറിൻ വി. ബെന്നി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## ഒക്ടോബർമാസത്തെ പരിപാടികൾ

| | |
|---|---|
| 2 | പ്രാർത്ഥനാദിനം (ഫൊറോനാതലത്തിൽ) |
| 7 | യൂത്ത് ട്രെയിനിംഗ് പ്രോഗ്രാം (YTP) ആരംഭം |
| 11, 12, 13 | വനിതാ ക്യാമ്പ് |
| 20 | യുവജനദിനം |
| 27 | സെനറ്റ്<br>2:30 p.m. : Team managers and animators meeting |

സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ. കുടുംബാംഗങ്ങളേ,

ഓണാവധിയൊക്കെ കഴിഞ്ഞ് പഠനത്തിന്റെ തിരക്കുകളിലേക്ക് കടന്ന് മികച്ച പ്രവർത്തനങ്ങളിലൂടെ സുഗമമായി കടന്നുപോകുന്നു എന്ന് വിശ്വസിക്കുന്നു. സെപ്റ്റംബർ 20, 21, 22 തീയതികളിൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി 'സ്പ്രിംഗ് 2019' സെഹിയോൻ റിട്രീറ്റ് സെന്ററിൽ നടക്കുകയുണ്ടായി. ഏകദേശം 62 പേർ പങ്കെടുത്ത ക്യാമ്പ് വിജയമായിരുന്നു. 20, 21 തീയതികളിൽ ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, മണിമല, നെടുങ്കുന്നം, ആലപ്പുഴ സോണുകളിലെ കുട്ടികൾക്കായി ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിൽവച്ച് വിശ്വാസപരിശീലനക്യാമ്പും നടത്തപ്പെട്ടു. ക്യാമ്പിൽ 66 കുട്ടികൾ പങ്കെടുത്തു.

സെപ്റ്റംബർ 19 വ്യാഴാഴ്ച പുളിങ്കുന്ന് സോണിലെ ജീസസ് കിഡ്സിന്റെ കൺവൻഷൻ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നടത്തപ്പെട്ടു. 100 കുട്ടികൾ പങ്കെടുത്ത കൺവൻഷൻ കുട്ടികൾക്ക് പുത്തൻ ഉണർവേകി.സെപ്റ്റംബർ 28-ാം തീയതി ഈ വർഷത്തെ സാഹിത്യോത്സവമത്സരങ്ങൾ നടത്തപ്പെട്ടു. വിജയികൾക്കായുള്ള സംസ്ഥാനതലമത്സരം ഒക്ടോബർ 12 ന് ചങ്ങനാശേരി എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ നടത്തപ്പെടും. ഒക്ടോബർ 1 ചൊവ്വാഴ്ച ചങ്ങനാശേരി സന്ദേശനിലയത്തിൽ വച്ച് രാവിലെ 10 മണിമുതൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായുള്ള 'മാലാഖക്കൂട്ടം' നടത്തപ്പെടുന്നു. 1 മുതൽ 3 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി അന്നേദിവസം ബൈബിൾ ക്വിസ് മത്സരവും നടത്തപ്പെടുന്നതാണ്. കുഞ്ഞുകൂട്ടുകാർക്ക് സ്വാഗതം.

ഒക്ടോബർ മാസത്തിൽ കെ.സി.എസ്.എൽ കുട്ടികൾ ആഴ്ചയിലെ ഒരു ദിവസം ഒന്നിച്ചുകൂടുകയും അഖണ്ഡബൈബിൾ പാരായണം നടത്തുകയും ചെയ്യുമല്ലോ. കെ.സി.എസ്.എൽ ഉം എസ്.എ.ബി.എസ്. ചങ്ങനാശേരി പ്രൊവിൻസും ചേർന്ന് നടത്തുന്ന ധന്യൻ മാർ കുര്യാളശ്ശേരി ക്വിസ്മത്സരം ഒക്ടോബർ 24-ാം തീയതി വ്യാഴാഴ്ച രാവിലെ 9:30 ന് ളായിക്കാട് മേരി റാണി പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. പങ്കെടുക്കുന്നവർ ഒക്ടോബർ 18ന് മുമ്പായി രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. യു.പി., എച്ച്.എസ്. വിഭാഗങ്ങൾക്കായി പ്രത്യേക മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. രണ്ട് പേരടങ്ങുന്ന എത്ര ടീമുകൾക്കുവേണമെങ്കിലും മത്സരിക്കാം. വിജയികൾക്ക് ക്യാഷ് അവാർഡും പ്രശസ്തിപത്രവും നൽകുന്നതാണ്. രജി. ഫീസ് 100/- രൂപ.

**വിഷയങ്ങൾ :**

1. ധന്യൻ മാർ കുര്യാളശേരിയുടെ ജീവചരിത്രം (ദിവ്യകാരുണ്യ പ്രേഷിതൻ എന്ന പുസ്തകം)..............................35%
2. കെ.സി.എസ്.എൽ ചരിത്രം ................................................................25%
3. വിശുദ്ധിവിരിയുന്ന കൗമാരം..............................................................25%
4. വചനം ജീവിതവെളിച്ചം (പേജ് 62-109 വരെ) ................................15%

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

## കത്തോലിക്ക കോൺഗ്രസ് നേതൃസംഗമവും മാധ്യമ വേദി ഉത്ഘാടനവും

നവ മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ അവധാനത പുലർത്തണമെന്നും ദുഷ്ടലാക്കോടെ സമ്പർക്ക മാധ്യമങ്ങളിൽ കയറി കൂടുന്നവരെ തിരിച്ചറിയണമെന്നും ചങ്ങനാശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ. ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാകോൺഗ്രസ്സ് മാധ്യമവേദിയുടേയും, നേതൃസംഗമത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മാർ തോമസ് തറയിൽ. സമൂദായ ബോധത്തോടെ അല്മായ സമൂഹം പ്രവർത്തിക്കണമെന്നും സത്യം മനസിലാക്കാതെ വാർത്തകൾക്കു പിന്നാലെ പരക്കം പായരുതെന്നും പിതാവ് ചൂണ്ടിക്കാട്ടി. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി രാജേഷ് ജോൺ എൻ, ട്രഷറർ സിബി മുക്കാടൻ, ഫാ. സോണി പള്ളച്ചിറ, സൈബി അക്കര, ജോയി പാറപ്പുറം, അച്ചാമ്മ യോഹന്നാൻ, ആനീസ് ജോർജ്, ജോർജ്ജുകുട്ടി മുക്കത്ത്, ജോസ് ജോൺ വെങ്ങാന്തറ, ടോണി കോയിത്തറ, ബിജു സെബാസ്റ്റ്യൻ, ജോസ് പാലത്തിനാൽ, ജോർജ് വർക്കി, ജോസ് തെക്കേക്കര, കെ.എ. ജോസ് കല്ലുപുരയ്ക്കൽ, മോഡി തോമസ്, സി. ടി. തോമസ്, സിബി മൂലംകുന്നം, പി.ടി. ജോൺ, അരുൺ തോമസ്, ജോസി പുതുമന, പി.സി. കുഞ്ഞപ്പൻ, കുഞ്ഞ് കളപ്പുര, സേവ്യർ കൊണ്ടോടി, ജോബിൻ ജോസഫ്, ചെറിയാൻ പാലത്തിങ്കൻ, തോമസ് വർക്കി, ഇ.ജെ. തോമസ്, ജോസഫ് ദേവസ്യ, ടോമിച്ചൻ അയ്യരുകുളങ്ങര എന്നിവർ പ്രസംഗിച്ചു. ദീപിക പത്രാധിപ സമിതി അംഗം ജോൺസൺ പൂവന്തുരുത്ത് ക്ലാസ് നയിച്ചു. അതിരൂപതയിലെ 16 ഫൊറോനകളിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു.

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ തെക്കൻ മേഖലയിൽ ന്യൂനപക്ഷ അവകാശങ്ങളിലെ ക്രൈസ്തവ വിവേചനത്തിനെതിരെ 2019 സെപ്റ്റംബർ 22-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് തിരുവനന്തപുരം ലൂർദ് പാരിഷ് ഹാളിൽ സെമിനാർ നടന്നു. അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി അദ്ധ്യക്ഷതവഹിച്ച യോഗം മുൻ ഡി ജി പി സിബി മാത്യൂസ് IPS ഉത്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫ്രാൻസീസ് പുത്തൻ പറമ്പിൽ MSFS ഫാ. ജോബിൻ പകലോമറ്റം, അതിരൂപതാ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, സെക്രട്ടറി ടോണി ജെ. കോയിത്തറ, ഫൊറോനാ പ്രസിഡന്റുമാരായ ജേക്കബ് നിക്കോളാസ്, സാംസൺ പോൾ, പി എസ്സ് നൈനാൻ, എന്നിവർ പ്രസംഗിച്ചു.

*ശേഷം പേജ് 72 ൽ........*

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

പ്രവർത്തന വർഷത്തിന്റെ ആദ്യപകുതി പിന്നിടുന്ന ഈ സന്ദർഭത്തിൽ, നമ്മൾ ആരംഭിച്ച വിവിധ പ്രവർത്തനങ്ങളുടെ ഒരു അവലോകനം വളരെ പ്രസക്തമാണ്. സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി മേഖലാതലത്തിൽ SHG ലീഡേഴ്സിന്റെ പരിശീലന പരിപാടിയും, പുരുഷ സംഘാംഗങ്ങളുടെ സംഗമവും ക്രമീകരിക്കുകയുണ്ടായല്ലോ. സഹകരിച്ച എല്ലാവരോടും നന്ദിയറിയിക്കുന്നു.

സംഘതരംഗം പദ്ധതിയുടെ തുടർ നടപടിയെന്ന നിലയ്ക്ക് നമ്മുടെ എല്ലാ സ്വാശ്രയസംഘങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി, ഗ്രേഡ് നിശ്ചയിക്കാൻ ആഗ്രഹിക്കുകയാണ്. ഒക്ടോബർ മൂന്നാംവാരം അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണം.

'ഹരിതഭൂമി 2019-22' പദ്ധതി നമ്മൾ ആരംഭിച്ചു കഴിഞ്ഞു. മാലിന്യസംസ്ക്കരണോപാധികൾ എല്ലാ വീടുകളിലും സ്ഥാപിക്കാനും വീട്ടുവളപ്പുകളിൽ ഫലവൃക്ഷ, ഔഷധസസ്യതൈകൾ നട്ട് പരിപാലിക്കാനും, പ്ലാസ്റ്റിക്കിനെതിരെയുള്ള യുദ്ധത്തിൽ മുന്നണിപ്പോരാളികളാകാനും, ജീവജലമായി പെയ്തിറങ്ങുന്ന മഴവെള്ളം സംഭരിച്ച് സൂക്ഷിക്കാനും വിഷരഹിത ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കാനുമുള്ള പ്രായോഗിക കർമ്മപരിപാടികളാണ് 'ഹരിതഭൂമി 2019-22' പദ്ധതിയിലുള്ളത്. ഒക്ടോബർ മുതൽ ക്രമീകൃതമായ രീതിയിൽ ഇവയുടെ നിർവ്വഹണം ആരംഭിക്കുകയാണ്. സർവ്വാത്മനാ ഏവരും സഹകരിക്കണമെന്ന് താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

2019 സെപ്റ്റംബർ മാസം കുട്ടനാട് പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.

### (1) ചാസ് ഭവനനിർമ്മാണ പദ്ധതി

| ഇടവക | ഗുണഭോക്താക്കൾ | ഗഡു | തുക |
|---|---|---|---|
| നർബോനപുരം | 1 | 1 | 50,000 |
| വെളിയനാട് നോർത്ത് | 1 | 2 | 40,000 |
| പൈക്കരച്ചിറ | 1 | 2,3 | 1,25,000 |
| മണ്ണഞ്ചേരി | 1 | 2 | 40,000 |
| കുമരകംവടക്കുംകര | 1 | 1 | 1,00,000 |
| കിഴക്കേമിത്രക്കരി | 1 | 1 | 1,00,000 |
| **ആകെ** | **6** | | **4,55,000** |

## (2) Xisco Muñoz Expuig, Spain –Watsan Project

**ശൗചാലയം** – കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി Xisco Muñoz Expuig, Spain സഹകരണത്തോടെ നർബോനപുരം, കൊണ്ടാക്കൽ യൂണിറ്റുകളിൽ 2 കുടുംബങ്ങൾക്ക് സെപ്റ്റംബർ മാസം ശൗചാലയ നിർമ്മാണ സഹായമായി 65,000/– രൂപ വിതരണം ചെയ്തു.

| ഇടവക | ഗുണഭോക്താക്കൾ | ഗഡു | തുക |
|---|---|---|---|
| നർബോനപുരം | 1 | 1 | 35,000 |
| കൊണ്ടാക്കൽ | 1 | 1 | 30,000 |
| **ആകെ** | **2** | | **65,000** |

## (3) Flood Response-2019

**അവശ്യസാധനങ്ങൾ വിതരണം ചെയ്തു**

2019 ആഗസ്റ്റ്മാസം ഉണ്ടായ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് കൂടുതൽ ദുരിതം അനുഭവിച്ച മനയ്ക്കച്ചിറ, പാണ്ടി, കുടമാളൂർ യൂണിറ്റുകളിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്തു.

# അറിയിപ്പുകൾ

## ഒക്ടോബർ മാസത്തെ കേന്ദ്ര–യൂണിറ്റ് പ്രധാന പരിപാടികൾ

**1. CBR ലോൺ മേള**

| തീയതി | സ്ഥലം |
|---|---|
| ഒക്ടോബർ 08 | ചാസ് കോൺഫറൻസ് ഹാൾ |

**2. ഔഷധ സസ്യവലയവും, ഗൃഹവൈദ്യവും മേഖലാതല ബോധവത്ക്കരണ പരിപാടികൾ**

| തീയതി | മേഖല |
|---|---|
| സെപ്റ്റംബർ 28 | നെടുംകുന്നം |
| ഒക്ടോബർ 05 | കുറുമ്പനാടം |
| ഒക്ടോബർ 08 | ചമ്പക്കുളം |
| ഒക്ടോബർ 12 | തുരുത്തി am |
| ഒക്ടോബർ 12 | കോട്ടയം pm |
| ഒക്ടോബർ 15 | പുളിംകുന്ന് |
| ഒക്ടോബർ 17 | തൃക്കൊടിത്താനം |
| ഒക്ടോബർ 19 | ആലപ്പുഴ |
| ഒക്ടോബർ 22 | കുടമാളൂർ |
| ഒക്ടോബർ 25 | അതിരമ്പുഴ |
| ഒക്ടോബർ 26 | എടത്വാ |
| ഒക്ടോബർ 29 | മണിമല |

2\. **സംഘതരംഗം– Men SHG സംഗമം**

| **തീയതി** | **മേഖല** | **യൂണിറ്റ്** |
|---|---|---|
| ഒക്ടോ. 06 | തൃക്കൊടിത്താനം | ഫാത്തിമാപുരം |
| ഒക്ടോ. 12 | അമ്പൂരി | അമ്പൂരി |
| ഒക്ടോ. 20 | ചമ്പക്കുളം | ചമ്പക്കുളം |
| ഒക്ടോ. 27 | കുടമാളൂർ | കുടമാളൂർ |
| നവം. 03 | നെടുംകുന്നം | മൈലാടി |

3\. **യൂണിറ്റുതല പരിപാടികൾ**

| **തീയതി** | **പരിപാടി** | **യൂണിറ്റ്** |
|---|---|---|
| ഒക്ടോ. 02 | ഗാന്ധിജയന്തി ദിനാചരണം | കായൽപ്പുറം |
| ഒക്ടോ. 03 | ഫ്ളവർ മേക്കിംഗ് പരിശീലനം | പാണ്ടി |
| ഒക്ടോ. 05 | സ്വാശ്രയസംഘസംഗമം | മണ്ണഞ്ചേരി |
| ഒക്ടോ. 05–08 | കാർഷികമേള (നാട്ടറിവ്) | പാറേൽ |
| ഒക്ടോ. 05 | ഫ്ളോർമാറ്റ് പരിശീലനം | പൊങ്ങ, നർബോനപുരം |
| ഒക്ടോ. 08 | തേനിച്ചവളർത്തൽ പരിശീലനം | കരിമ്പനക്കുളം |
| ഒക്ടോ. 10 | പേപ്പർ ക്യാരിബാഗ് നിർമ്മാണ പരിശീലനം | മണിമല ഓൾഡ് |
| ഒക്ടോ. 13 | നേത്രചികിത്സാ ക്യാമ്പ് | മനയ്ക്കച്ചിറ |
| ഒക്ടോ. 15 | ഹരിതഭൂമി യൂണിറ്റുതല ഉദ്ഘാടനം | മങ്കൊമ്പ് |
| ഒക്ടോ. 18 | പഴവർഗ്ഗസംസ്ക്കരണ പരിശീലനം | മൈലാടി |
| ഒക്ടോ. 20 | സ്വാശ്രയസംഘസംഗമം | അറുന്നൂറ്റിൻപാടം |
| ഒക്ടോ. 21 | തേനീച്ചവളർത്തൽ പരിശീലനം | വള്ളംചിറ |

ഭാരത സർക്കാരിന്റെ വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ എല്ലാ വിഭാഗം ജനങ്ങൾക്കും സഹായകമാകുന്ന ഭാരത സർക്കാരിന്റെ വിവിധ ഇൻഷുറൻസ് പദ്ധതികൾ

1. മാസം 1 രൂപാ നിരക്കിൽ രണ്ട് ലക്ഷം രൂപയുടെ വരെ അപകട ഇൻഷുറൻസ് ലഭിക്കുന്ന പ്രധാനമന്ത്രി സുരക്ഷാ ഭീമായോജന (PMSBY) https://www.jansuraksha.gov.in
2. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് പെൻഷൻ ലഭ്യമാക്കുന്ന അടൽ പെൻഷൻ യോജന (APY) https://www.npscra.nsdl.co.in
3. മാസം 27 രൂപ 50 പൈസ നിരക്കിൽ 2 ലക്ഷം രൂപയുടെ ലൈഫ് ഇൻഷുറൻസ് ലഭിക്കുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമായോജന (PMJJBY) https://www.bankofbaroda.in
4. പ്രതിവർഷം അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന ആയുഷ്മാൻ ഭാരത്. https://www.pmjay.gov.in

വിശദവിവരങ്ങൾ അതാത് വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്.

# കേന്ദ്രവാർത്തകൾ

## 1. Men SHG മേഖലാ സംഗമം

ചങ്ങനാശ്ശേരി, തുരുത്തി മേഖലകളിലെ പുരുഷ സ്വാശ്രയസംഘങ്ങളുടെ സംഗമം സെപ്റ്റംബർ 15 ഞായറാഴ്ച വൈകുന്നേരം 4 ന് ളായിക്കാട് സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. 125 അംഗങ്ങൾ പങ്കെടുത്തു.

**എടത്വാ** മേഖലയിലെ പുരുഷ സ്വാശ്രയസംഘാംഗങ്ങളുടെ സംഗമം സെപ്റ്റംബർ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:30 ന് മുട്ടാർ ഓൾഡ് യൂണിറ്റിൽ സംഘടിപ്പിച്ചു. 15 സ്വാശ്രയസംഘങ്ങളിൽ നിന്നും 117 അംഗങ്ങൾ പങ്കെടുത്തു.

### 2. ചാസ്-ഔഷധസസ്യവലയവും ആരോഗ്യസുരക്ഷയും

**പദ്ധതി ഉദ്ഘാടനം**

പ്രകൃതിക്കെതിരെ മനുഷ്യൻ നടത്തുന്ന അതിക്രമവും അനാസ്ഥയും മൂലം ജീവവായുപോലും അന്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവാണുക്കളെ ശക്തിപ്പെടുത്തി രോഗാണുക്കളെ നിയന്ത്രിക്കുന്ന ഔഷധസസ്യ അന്തരീക്ഷം സൃഷ്ടിച്ച് ആരോഗ്യകരമായ ജീവിതത്തിന് വഴിയൊരുക്കാനും ആരോഗ്യസുരക്ഷ ഉറപ്പാക്കാനും ചാസ് "**ഔഷധസസ്യവലയവും ആരോഗ്യസുരക്ഷയും**" പദ്ധതിക്ക് തുടക്കം കുറിച്ചു. ചാസിനോട് സഹകരിക്കുന്ന ഒരു ലക്ഷത്തോളം കുടുംബങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യം വയ്ക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനും ആരോഗ്യസുരക്ഷയ്ക്കും വഴിയൊരുക്കുന്ന ഔഷധസസ്യങ്ങൾ വീട്ടുവളപ്പിൽ നട്ട് സംരക്ഷിക്കുന്നതിനുള്ള പദ്ധതി എക്കോ ഗ്രീൻ ഹെർബൽ മിഷൻ സൊസൈറ്റിയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സെപ്റ്റംബർ 17 ന് ചാസ് കോൺഫറൻസ് ഹാളിൽ നിർവഹിച്ചു. പ്രൊഫ. ഡി. സുരേഷ് ബാബു മുഖ്യപ്രഭാഷണം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, മേഖലാ കോ-ഓർഡിനേറ്റർ ബിന്ദു തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## 3. RRTC-മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ സെമിനാർ

RRTC-യുടെ നേതൃത്വത്തിൽ സ്വാശ്രയസംഘം, സ്കൂൾ, കോളേജ് തലങ്ങളിൽ മദ്യം, മയക്കുമരുന്ന് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. RRTC-കോ ഓർഡിനേറ്റർ ഫാ. തോമസ് കുളത്തുങ്കൽ, സിസ്റ്റർ സെൽമ SRA, റ്റി.എം. മാത്യു, ലിറ്റിമോൻ എം. എസ്. എന്നിവർ സെമിനാർ നയിച്ചു.

### (a) SHG തലം

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| ഓഗസ്റ്റ് 30 | പടഹാരം | 57 |
| ഓഗസ്റ്റ് 30 | ഒന്നാംകര | 51 |
| ഓഗസ്റ്റ് 31 | ഏറ്റുമാനൂർ | 55 |
| സെപ്റ്റം. 01 | തകഴി | 61 |

**(a) സ്കൂൾ തലം**

| തീയതി | സ്കൂൾ | പങ്കെടുത്തവർ |
|---|---|---|
| സെപ്റ്റം. 16 | സെന്റ് അലോഷ്യസ് HSS, എടത്വാ | 124 |
| സെപ്റ്റം. 17 | സെന്റ് മേരീസ് HSS, എടത്വാ | 103 |
| സെപ്റ്റം. 18 | Gov. HS, തെക്കേക്കര | 101 |
| സെപ്റ്റം. 24 | ഡോൺ ബോസ്കോ, HSS, പുതുപ്പള്ളി | 106 |

**(b) കോളേജ് തലം**

| തീയതി | കോളേജ് | പങ്കെടുത്തവർ |
|---|---|---|
| ആഗസ്റ്റ് 29 | സെന്റ് ജോസഫ്സ് കോളേജ്, മീഡിയാവില്ലേജ് | 205 |
| സെപ്റ്റം. 06 | അസംപ്ഷൻ കോളേജ്, ചങ്ങനാശേരി | 208 |

**ഓണം ഖാദി ഫെസ്റ്റ് സമാപിച്ചു**

കോട്ടയം ശാസ്ത്രി റോഡ്, ചങ്ങനാശേരി അരമനപ്പടി, മല്ലപ്പള്ളി ഖാദി പ്ലാസ, പള്ളിക്കുട്ടുമ്മ ഖാദി പാലസ് എന്നിവിടങ്ങളിൽ ഇൻഡ്യയിലെ 16 സംസ്ഥാനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഒരുക്കി ഓണത്തോടനുബന്ധിച്ച് നടത്തിവന്നിരുന്ന വസ്ത്ര-കരകൗശല- ഫർണിച്ചർ മേളകൾ സമാപിച്ചു.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 സെപ്റ്റംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 428. ബേബിച്ചൻ ആറ്റുമാലിച്ചിറ | ഗ്രാമശ്രീ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 429. മറിയാമ്മ കുര്യാക്കോസ് | കൺട്രാമറ്റം | ഇരവുചിറ | കുറുമ്പനാടം |
| 430. അച്ചാമ്മ തോമസ് കാലായിൽ | സാന്ത്വനം | മായം | അമ്പൂരി |

**(2) മ്യൂചൽ ബെനിഫിറ്റ് സ്കീം**

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 294. റോസമ്മ ജോസഫ് പുതുപ്പറമ്പിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 295. കാർമലി വർഗ്ഗീസ് പനയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 296. മുസ്തഫാ താഴത്തേക്കുറ്റ് | വെട്ടിമുകൾ | അതിരമ്പുഴ |
| 297. ഡി. വിൽസൺ കാർവിള | രാജഗിരി | അമ്പൂരി |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 153. മേരി റോയി ഞൊങ്ങിണിയിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 154. മേരിക്കുട്ടി തോമസ് ചാലുങ്കൽ | കിടങ്ങറ | ചങ്ങനാശേരി |
| 155. ജെസി നെല്ലിവിള നരിക്കൽ | നരിക്കൽ | കൊല്ലം |

### (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 സെപ്റ്റംബർ മാസം 19 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശ പ്രകാരം 46 അപേക്ഷകർക്ക് 59,150/- രൂപ നൽകി.

### (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

• 2019 സെപ്റ്റംബർ മാസം 21 കുടുംബങ്ങൾക്ക് 2,35,720/- രൂപ സഹായധനം അനുവദിച്ചു.

### (5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 സെപ്റ്റംബർ മാസം 1 കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 6,375/- രൂപ അനുവദിച്ചു.

| | പേര് | യൂണിറ്റ് | തുക |
|---|---|---|---|
| 1. | മോളി ജോർജ്ജ്, പുതുപ്പറമ്പിൽ | കുറുമ്പനാടം | 6,375 |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 26.08.2019 | പുളിംകുന്ന് | സേക്രഡ് ഹാർട്ട് | 11 |
| 26.08.2019 | പുളിംകുന്ന് | നവജീവൻ | 17 |
| 26.08.2019 | പുളിംകുന്ന് | ഐക്യവേദി (CBR) | 8 |
| 26.08.2019 | പുളിംകുന്ന് | ഐശ്വര്യ (CBR) | 5 |
| 28.08.2019 | ചമ്പക്കുളം | ശ്രേയസ് | 11 |
| 28.08.2019 | ചമ്പക്കുളം | കാരുണ്യ | 15 |
| 28.08.2019 | ചമ്പക്കുളം | ആൻ മേരി | 14 |
| 28.08.2019 | ചമ്പക്കുളം | പ്രശാന്തി | 18 |
| 28.08.2019 | ചമ്പക്കുളം | ക്രിസ്തു ജ്യോതി | 18 |
| 29.08.2019 | മാമ്പുഴക്കരി | ലൂർദ്ദ് മാതാ | 18 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | ആരാധന | 20 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | അനുഗ്രഹ | 17 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | ഗ്രേയ്സ് | 15 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | തേജസ് | 14 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | പൗർണ്ണമി | 11 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | മരിയ | 20 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | ഐശ്വര്യ | 17 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | അമല | 14 |
| 30.08.2019 | വെളിയനാട് സെന്റ് സേവ്യേഴ്സ് | കീർത്തി | 11 |
| 10.08.2019 | കായൽപ്പുറം | ജ്യോതിസ് | 10 |

| | | | |
|---|---|---|---|
| 10.08.2019 | മണലാടി | ഏയ്ഞ്ചൽ | 18 |
| 10.08.2019 | മണലാടി | സെന്റ് ജോസഫ് | 17 |
| 10.08.2019 | മണലാടി | മരിയ | 12 |
| 23.09.2019 | ചമ്പക്കുളം | സെന്റ് മാർട്ടിൻ | 12 |

## സേവ് എ ഫാമിലി പ്ലാൻ-മേഖലാതല മീറ്റിംഗ്

അതിരമ്പുഴ, കോട്ടയം, കുടമാളൂർ മേഖലകളിലെ സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതി അംഗങ്ങളുടെ മീറ്റിംഗ് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ഡോ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം നിർവഹിച്ചു. 'കുടുംബ ജീവിതം ഇന്ന്' എന്ന വിഷയത്തിൽ സി. സെൽമ SRA ക്ലാസ് നയിച്ചു. 85 അംഗങ്ങൾ പങ്കെടുത്തു.

## കർഷകസംഗമം

നർബോനപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ ഒന്നിന് കർഷക സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കർഷക മുന്നേറ്റത്തിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

## കാർഷിക സെമിനാറും പച്ചക്കറിത്തൈ വിതരണവും

കൂരോപ്പട യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 7 ന് കാർഷിക സെമിനാറും പച്ചക്കറിത്തൈ വിതരണവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. റിട്ട. അസി. കൃഷി ഓഫീസർ ശ്രീ. കോര തോമസ് 'ജൈവകൃഷി'യെക്കുറിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികളായ പി.എം. ജോസഫ് പാത്രപ്പാങ്കൽ, പി.എം. ആന്റണി തുപ്പലഞ്ഞിയിൽ എന്നിവർ പ്രസംഗിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു.

## സ്വാശ്രയസംഘസംഗമം

**വെട്ടിമുകൾ** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം ആഗസ്റ്റ് 27 ന് സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. 75 അംഗങ്ങൾ പങ്കെടുത്തു.

**തെക്കേക്കര** സെന്റ് ജോൺസ് യൂണിറ്റിൽ ആഗസ്റ്റ് 30 ന് സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോഷി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. 47 അംഗങ്ങൾ പങ്കെടുത്തു.

**പടഹാരം** യൂണിറ്റിൽ ആഗസ്റ്റ് 30 ന് സ്വാശ്രയസംഘ സംഗമം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാർട്ടിൻ തൈപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. തകഴി പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോമ ബിജു ഉദ്ഘാടനം നിർവഹിച്ചു. 57 അംഗങ്ങൾ പങ്കെടുത്തു.

**ഇരവുചിറ** യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം സെപ്റ്റംബർ 17 ന് സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ അദ്ധ്യക്ഷതവഹിച്ചു. ഖാദി ഗ്രാമോദ്യോഗ് വിദ്യാലത്തിന്റെ

നേതൃത്വത്തിൽ ശ്രീമതി ജോളി സംരംഭകത്വ ബോധവത്ക്കരണ സെമിനാർ നയിച്ചു. 78 അംഗങ്ങൾ പങ്കെടുത്തു.

## യൂണിറ്റ് എക്സിക്യൂട്ടീവ് രൂപീകരിച്ചു

തോട്ടുവാത്തല യൂണിറ്റിൽ ആഗസ്റ്റ് 25 ന് യൂണിറ്റ് എക്സിക്യൂട്ടീവ് രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അനീഷ് കണിക്കുന്നേൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ചാസ് കോ-ഓർഡിനേറ്റർ ശ്രീ. ഡി. ജോസഫ് ചാസിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിച്ചു.

## ജൈവകൃഷി ആരംഭിച്ചു

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നർബോനപുരം ''ശ്രേയസ്'' പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ വിവിധയിനം പച്ചക്കറികളുടെ കൃഷി ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി മാർഗ്ഗനിർദ്ദേശം നൽകിവരുന്നു.

## ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു

നർബോനപുരം യൂണിറ്റിൽ സെപ്റ്റംബർ 1 മുതൽ ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദമിയാനോസ് കോച്ചേരി അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ക്രെഡിറ്റ് യൂണിയന്റെ ഉദ്ഘാടനം നിർവഹിച്ചു.

## യൂണിറ്റ് ഓഫീസ് ഉദ്ഘാടനം

നർബോനപുരം യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി സെപ്റ്റംബർ ഒന്നിന് യൂണിറ്റ് ഓഫീസ് പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു.

## ഹോംലി സ്റ്റോഴ്സ് ഉദ്ഘാടനം

പാമ്പാടി ദേവമാത യൂണിറ്റിൽ പ്രവർത്തിക്കുന്ന മഹിളാസമാജത്തിന്റെ സംരംഭമായ 'മരിയൻ ഹോംലി സ്റ്റോഴ്സ്' സെപ്റ്റംബർ 5 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പ്ലാംതോട്ടം വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. ജനപ്രതിനിധികൾ ആശംസയർപ്പിച്ചു.

## തയ്യൽ പരിശീലനം ആരംഭിച്ചു

**നെടുമണ്ണി** യൂണിറ്റിൽ നാലുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനത്തിന് സെപ്റ്റംബർ 16 ന് തുടക്കം കുറിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 21 വനിതകൾ പരിശീലനം നേടിവരുന്നു.

## കാർപ്പറ്റ് നിർമ്മാണ പരിശീലനം

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| സെപ്റ്റം. 3 | പാണ്ടങ്കരി | 24 |
| സെപ്റ്റം. 23 | കരുവാറ്റ | 35 |
| സെപ്റ്റം. 24 | മുട്ടാർ CMI | 28 |

## ഓണാഘോഷ പരിപാടികൾ

**ഇത്തിത്താനം** യൂണിറ്റിൽ പ്രവർത്തിക്കുന്ന കസ്ത്തൂർബാ മഹിളാസമാജ

ത്തിന്റെ ഓണാഘോഷ പരിപാടി ആഗസ്റ്റ് 30 ന് ഇത്തിത്താനം പാരീഷ്ഹാളിൽ നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.എസ്. തോമസ് പുരയ്ക്കൽ ഉദ്ഘാടനം നടത്തി.

**മാന്നില** യൂണിറ്റിന്റെ ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 7, 9 തീയതികളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പറപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു.

**പച്ച-ചെക്കിടിക്കാട്** യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 10 ന് ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് മാളിയേക്കൽ ഉദ്ഘാടനം നിർവഹിച്ചു. 120 പേർ പങ്കെടുത്തു. യൂണിറ്റ് മഹിളാ സമാജം ഭാരവാഹികൾ നേതൃത്വം നൽകി.

**മണ്ണാർകുന്ന്** യൂണിറ്റിന്റെ നേതൃത്വത്തിൽ ഓണാഘോഷപരിപാടികൾ സെപ്റ്റംബർ 10 ന് സംഘടിപ്പിച്ചു. 65 അംഗങ്ങൾ പങ്കെടുത്തു.

**ഏറ്റുമാനൂർ** യൂണിറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 13 ന് ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം ഉദ്ഘാടനം നിർവഹിച്ചു. 125 പേർ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**മുട്ടാർ ഓൾഡ്** 'നവോദയ, അതിജീവൻ' എന്നീ പുരുഷ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ 34 കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ 15 ന് ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മുട്ടാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. കെ. ജോസഫ്, മെമ്പർ ശ്രീമതി ജയ സത്യൻ, ശ്രീ. ബി. ജോസഫ് എന്നിവർ ആശംസകൾ നേർന്നു. സെന്റ് അലോഷ്യസ് എച്ച്. എസ്. ഹെഡ്മാസ്റ്റർ തോമസുകുട്ടി മാത്യു 'ആധുനികയുഗത്തിൽ യുവജനങ്ങളുടെ വളർച്ച' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. 150 പേർ പങ്കെടുത്തു.

**പഴവങ്ങാടി** യൂണിറ്റിൽ സെപ്റ്റംബർ 14 ന് ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് തൈയ്യിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. പി.ജെ. ചെറിയാൻ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി പി.സി. തോമസ് ആശംസയർപ്പിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു.

**പങ്ങട** യൂണിറ്റിന്റെയും 'ഐശ്വര്യ' മഹിളാസമാജത്തിന്റെയും നേതൃത്വത്തിൽ സെപ്റ്റംബർ 16 ന് ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

**കറ്റാനം** ACCEPT-IRCA യുടെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 9 ഉച്ചകഴിഞ്ഞ് 2:30 ന് മേപ്പള്ളിക്കുറ്റി സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ കാമ്പസിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. വി. വാസുദേവൻ ഉദ്ഘാടനം നിർവഹിച്ചു. അസി. എക്സൈസ് കമ്മീഷണർ ശ്രീ. അനിൽകുമാർ കെ.കെ. മുഖ്യപ്രഭാഷണം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി സോമവല്ലിയമ്മ കെ., ASI ശ്രീ. ഉണ്ണികൃഷണൻ നായർ, സീനിയർ കൗൺസിലർ, ശ്രീ. ലിജു തോമസ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ചികിത്സ കഴിഞ്ഞ് സൗഖ്യജീവിതത്തിലായിരിക്കുന്ന AA അംഗങ്ങളുടെ കൂട്ടായ്മയും അനുമോദിക്കലും നടത്തി.

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുവാനും, ഇടവകയോടും സഭയോടും ചേർന്നുനിന്ന് ജീവകാരുണ്യപ്രവർത്തികളും,സാമൂഹിക പ്രതിബദ്ധതയും ക്ഷേമനിധികാര്യങ്ങളും ശക്തിപ്പെടുത്താനും എല്ലാവരും ഒറ്റക്കെട്ടായി നിന്നു പ്രവർത്തിക്കുന്നതിന് എല്ലാവരെയും അഭിനന്ദിക്കുന്നു. ഇനിയുള്ള ഓരോ കർമ്മപദ്ധതികളും അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കാൻ നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കാം.

**ഫാ. ജോസ് പുത്തൻചിറ**

## ക്ഷേമനിധി നേതൃസംഗമം

കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ നടത്തപ്പെടുന്ന ക്ഷേമനിധികളുടെ വസ്തുതകൾ ചർച്ച ചെയ്യാനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുവാനും ഓരോ ക്ഷേമനിധിയുടെയും കോ–ഓഡിനേറ്റേഴ്സിന്റെ സംഗമം 09.09.2019 –ൽ നടത്തപ്പെട്ടു.

## സൗജന്യ നേത്രപരിശോധന ക്യാമ്പ്

കേരള ലേബർ മൂവ്മെന്റ് കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിന്റെയും തിരുവല്ലാ മൈക്രോ സർജറി & ലേബർ സെന്റർ കണ്ണാശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി. റവ. ഫാ. ഗ്രിഗറി നടുവിലേഴം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു.

## കുടുംബസംഗമം

പാറേൽ യൂണിറ്റിന്റെ സംയുക്ത വാർഷികവും കുടുംബ സംഗമവും 15.09.2019 –ൽ പാറേൽ പള്ളിയുടെ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ.നഫാ. ജേക്കബ് വാരിക്കാട്ട് അധ്യക്ഷത വഹിച്ചു. കുടുംബ സംഗമം റവ. ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു. കോ–ഓഡിനേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

## ഡയറക്ടേഴ്സ് മീറ്റ്

05.09.2019–ൽ പി.ഒ.സിയിൽ വച്ച് രൂപതാ ഡയറക്ടേഴ്സിന്റെ സംഗമം നടത്തപ്പെട്ടു. രാവിലെ 11 മണിക്ക് ആരംഭിച്ച സംഗമം 3 മണിയോടെ സമാപിച്ചു. മുമ്പോട്ടുള്ള കർമ്മപരിപാടികൾ വിഭാവനം ചെയ്യുകയും ഇപ്പോൾ നടന്നുവരുന്ന കാര്യങ്ങൾ രൂപതാതലത്തിൽ വ്യക്തമാക്കുകയും ചെയ്തു.

## ലീഡേഴ്സ് മീറ്റ്

22.09.2019 –ൽ പി.ഒ.സിയിൽ വച്ച് രൂപതാ ഭാരവാഹികളുടെ സംഗമം നടത്തപ്പെട്ടു ശ്രീ. പി.സി. കുഞ്ഞപ്പൻ, ശ്രീ. സണ്ണി അഞ്ചിൽ, ശ്രീ. ബിനു കടുവാക്കുളം, ശ്രീ. ബിജു കടുവാക്കുളം എന്നിവർ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും, റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## അതിരൂപതാ സമിതി സംഗമം

29.09.2019 ഞായറാഴ്ച 3:30ന് അതിരൂപതാ അംഗങ്ങളുടെ സമ്മേളനം നടത്തപ്പെടും. നേതൃത്വപരിശീലനക്ലാസിന്റെ നടത്തിപ്പിനെക്കുറിച്ച് വിശകലനം ചെയ്യാനും വേണ്ട തീരുമാനങ്ങൾ ഉൾക്കൊള്ളാനുമുള്ള സമിതിയാണ് വിളിച്ചുകൂട്ടുന്നത്.

## റോഡ് സേഫ്റ്റി മിറർ സ്ഥാപിച്ചു.

ചാഞ്ഞോടി യൂണിറ്റിന്റെ നേതൃത്വത്തിൽ ചാഞ്ഞോടി ജംഗ്ഷനിൽ സ്ഥാപിച്ച റോഡ് സേഫ്റ്റി മിറർ 01.09.2019 -ൽ ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു.

## മരണാനന്തര സഹായനിധി

ചാഞ്ഞോടി യൂണിറ്റിന്റെ സെന്റ് സെബാസ്റ്റ്യൻ സംഘത്തിൽ അംഗമായിരുന്ന ബെന്നി കുര്യൻ ചുണ്ടയിലിന്റെ കുടുംബത്തിന് 01-09-2019 ലും, മാമ്മൂട് യൂണിറ്റിൽ ഫാത്തിമമാതാ സംഘത്തിൽ അംഗമായിരുന്ന സാജൻ സി ഫിലിപ്പിന്റെ കുടുംബത്തിന് 08.09.2019 ലും മരണാനന്തരസഹായ നിധിയായ 1,12,500/ രൂപാ കൈമാറി.

---

### പഞ്ചവത്സര അജപാലന പദ്ധതി – ദ്വിതീയവർഷം




## സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ (തുടർച്ച)

**ഒക്ടോബർ**

| | |
|---|---|
| 1. | 2 ലൂക്കാ 21-24 |
| 2. | യോഹ. 1-2 |
| 3. | യോഹ 3-5 |
| 4. | യോഹ 6-8 |
| 5. | യോഹ 9-11 |
| 6. | യോഹ 12-14 |
| 7. | യോഹ 15-17 |
| 8. | യോഹ 18-21 |
| 9. | അപ്പ. 1-2 |
| 10. | അപ്പ. 3-5 |
| 11. | അപ്പ. 6-8 |
| 12. | അപ്പ. 9-11 |
| 13. | അപ്പ. 12-14 |
| 14. | അപ്പ. 16-17 |
| 15. | അപ്പ. 18-20 |
| 16. | അപ്പ. 21-23 |
| 17. | അപ്പ. 24-26 |
| 18. | അപ്പ. 27-28 |
| 19. | റോമ. 1-3 |
| 20. | റോമ. 4-7 |
| 21. | റോമ. 8-10 |
| 22. | റോമ. 11-13 |
| 23. | റോമ. 14-16 |
| 24. | 1 കോറി. 1-4 |
| 25. | 1 കോറി. 5-8 |
| 26. | 1 കോറി 9-11 |
| 27. | 1 കോറി 12-14 |
| 28. | 1 കോറി 15-16 |
| 29. | 2 കോറി 1-4 |
| 30. | 2 കോറി 5-9 |
| 31. | 2 കോറി 10-13 |

**നവംബർ**

| | |
|---|---|
| 1. | ഗലാ. 1-3 |
| 2. | ഗലാ 4-6 |
| 3. | എഫേ. 1-3 |
| 4. | എഫേ 4-6 |
| 5. | ഫിലി 1-4 |
| 6. | കൊളോ 1-4 |
| 7. | 1 തെസ. 1-3 |
| 8. | 1 തെസ 4-5 |
| 9. | 2 തെസ 1-3 |
| 10. | 1 തിമൊ 1-3 |
| 11. | 1 തിമൊ 4-6 |
| 12. | 2 തിമൊ 1-4 |
| 13. | തീത്തോ. 1-3 |
| 14. | ഫിലമോൻ |
| 15. | ഹെബ്രാ. 1-6 |
| 16. | ഹെബ്രാ 7-10 |
| 17. | ഹെബ്രാ 11-13 |
| 18. | യാക്കോ 1-5 |
| 19. | 1 പത്രോ. 1-5 |
| 20. | 2 പത്രോ. 1-3 |
| 21. | 1 യോഹ. 1-5 |
| 22. | 2, 3 യോഹ., യൂദാ |
| 23. | വെളി 1-3 |
| 24. | വെളി 4-7 |
| 25. | വെളി 8-10 |
| 26. | വെളി 11-13 |
| 27. | വെളി 14-16 |
| 28. | വെളി 17-18 |
| 29. | വെളി 19-20 |
| 30. | വെളി 21-22 |

**ബൈബിൾ അപ്പോസ്തലേറ്റ് ചങ്ങനാശേരി അതിരൂപത**

പ്രവാസി അപ്പസ്തോലേറ്റിലൂടെ നോർക്കാ റൂട്ട്സ് നടത്തുന്ന തൊഴിൽ സാധ്യതകളെ അതിരൂപതയിലെ വിവിധ ദൈവാലയങ്ങളിൽ അറിയിച്ചതിലൂടെ ലഭിച്ച പ്രതികരണങ്ങൾക്ക് നന്ദി അറിയിക്കുന്നു. Norka roots ന്റെ വിവിധ സേവനസംവിധാനങ്ങളായ പ്രവാസി തിരിച്ചറിയൽ കാർഡ്, പ്രവാസി ക്ഷേമപദ്ധതികൾ തുടങ്ങിയവ പ്രവാസി അപ്പസ്തോലേറ്റിലൂടെ ലഭ്യമാകുന്നതാണ്. ഇപ്പോൾ നിലവിലുള്ള തൊഴിൽ അവസരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കുവൈറ്റിലേയ്ക്കുള്ള ജോലി സാധ്യതകൾ :**

1. **ഹൗസ് മെയ്ഡ്** - എസ്.എസ്.എൽ.സി. പാസ് / ഫെയിൽ
   ശമ്പളം - 25000/-
2. **എ.എൻ.എം. നഴ്സ്** - എസ്.എസ്.എൽ.സി. പാസ് ആയിരിക്കണം., നഴ്സിംഗ് ഡിപ്ലോമ പാസായിരിക്കണം., ഇംഗ്ലീഷ് സംസാരിക്കാനറിയണം.
   ശമ്പളം - 40,000/-
3. **കുക്ക്** (അറേബ്യൻ ഡിഷ്സ് സ്പെഷ്യൽ)
   ശമ്പളം - 33,000/-
4. **ഡ്രൈവർ** (ഗൾഫ് എക്സ്പീരിയൻസ്ഡ്)
   ശമ്പളം - 31,000/-

എന്നിവരുടെ ഒഴിവുകൾ നോർക്ക അറിയിച്ചിട്ടുണ്ട്. താല്പര്യമുള്ളവർക്ക്

* പാസ്പോർട്ട്
* ഫുൾ സൈസ് ഫോട്ടോ (വൈറ്റ് ബാക്ഗ്രൗണ്ട്)
* സർട്ടിഫിക്കറ്റ്സ് (ഒറിജിനൽ)

എന്നിവയുമായി ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

* രണ്ട് വർഷത്തെ കോൺട്രാക്ടിനുശേഷം ലീവ് ലഭിക്കുന്നതാണ്.
* ഫുഡ് ആൻഡ് അക്കോമഡേഷൻ സൗജന്യമാണ്.

**സൗദി അറേബ്യയിലേയ്ക്ക് :**

**B.Sc., M.Sc. & Ph.D.** നഴ്സ്മാരുടെ ഒഴിവുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം (Male / Female) Preferred (MOH) Eligibility

**അപേക്ഷിക്കേണ്ട അവസാനതീയതി 2019 ഒക്ടോബർ 9**

ശമ്പളം - SR 4110/- (77,800/- രൂപാ) + SR 250/ (4750/രൂപാ) അലവൻസ് ഉണ്ടായിരിക്കുന്നതാണ്.

3 വർഷത്തെയോ അതിൽ കൂടുതലോ പ്രവർത്തിപരിചയം ഉണ്ടായിരിക്കണം.

പ്രായം 45 വയസിൽതാഴെ.

വനിതാ ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന വിഭാഗത്തിലേക്കാണ് അപേക്ഷിക്കേണ്ടത്.

* **കാർഡിയാക് ക്രിട്ടിക്കൽ യൂണിറ്റ് (CICU)**
* **കാർഡിയാക് സർജറി**
* **കാർഡിയാക് സർജറി ഐ സി യു (ADULT)**
* **ക്രിട്ടിക്കൽ കെയർ യൂണിറ്റ് (NEONATAL)**
* **ക്രിട്ടിക്കൽ കെയർ യൂണിറ്റ് (Pediatric)**
* **എമർജൻസി**
* **മെഡിക്കൽ & സർജിക്കൽ**
* **ന്യൂറോളജി**
* **സർജറി ഡിപ്പാർട്ട്മെന്റ്**

പുരുഷന്മാർ താഴെ പറയുന്ന വിഭാഗത്തിലേക്കാണ് അപേക്ഷിക്കേണ്ടത്.

* **സർജറി ഡിപ്പാർട്ട്മെന്റ്**

താത്പര്യമുള്ളവർ

* പാസ്പോർട്ട്
* പാസ്പോർട്ട് സൈസ് ഫോട്ടോ (വൈറ്റ് ബാക്ഗ്രൗണ്ട്)
* ഡിഗ്രി സർട്ടിഫിക്കറ്റ് (ഒറിജിനൽ)
* ആധാർ കാർഡ്
* എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്

എന്നിവയുമായി ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

* 30 ദിവസം ശമ്പളത്തോടുകൂടിയ അവധി
* സൗജന്യയാത്ര
* താമസം, ഭക്ഷണം തുടങ്ങിയവ സൗജന്യമായിരിക്കും.
* രണ്ടുവർഷത്തെ കോൺട്രാക്ടിനുശേഷം ലീവ് ലഭിക്കുന്നതാണ്.

**N.B: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117**

ആവേ മരിയ ഹോളി ഡെയ്സിൽനിന്നും വിശുദ്ധനാട് തീർത്ഥാടനത്തിന് സെപ്റ്റംബർ 24-ാം തീയതി പുറപ്പെട്ട സംഘം ഒക്ടോബർ മാസം 4-ാം തീയതി തിരിച്ചെത്തുന്നതാണ്. ഒക്ടോബർ 22-ാം തീയതി പുറപ്പെടുന്ന തീർത്ഥാടനത്തിന്റെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടാതെ ഒക്ടോബർ 28, ഒക്ടോബർ 30, നവംബർ 12 എന്നീ തീയതികളിലും വിശുദ്ധനാട് തീർത്ഥാടനം ക്രമീകരിച്ചിട്ടുണ്ട്.

**ഫാ. റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

## ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, മാമ്മൂട്

ചങ്ങനാശേരി അതിരൂപത

# 5-ാമത് അഖിലകേരള നവമാലിക മിഷൻ ക്വിസ്

**2019 ഒക്ടോബർ 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 മണിക്ക്**

പ്രിയ ബഹു. അച്ചാ/സിസ്റ്റർ/സാർ

ലൂർദ്ദ് മാതാ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സീറോമലബാർ, സീറോ മലങ്കര, ലത്തീൻ രൂപതകളിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന 5-ാമത് നവമാലിക മിഷൻ ക്വിസ് മത്സരം 2019 ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 മണിക്ക് ലൂർദ്ദ് മാതാ പള്ളിയുടെ അലൻസോൺ ഓഡിറ്റോറിയത്തിൽവെച്ച് (പാരീഷ്ഹാൾ) നടത്തപ്പെടുന്നതാണ്.

മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയും അഖിലലോക മിഷൻ മദ്ധ്യസ്ഥയും വേദപാരംഗതയുമായ വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മകഥയായ 'നവമാലിക' കുട്ടികളെ പരിചയപ്പെടുത്തുന്നതിനും ആധുനിക ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധയെന്ന് വിഖ്യാതയായ ഈ പുണ്യവതിയുടെ ആത്മീയ ജീവിത മാതൃകയിൽ പുതിയ തലമുറയെ പരിശീലിപ്പിക്കുന്നതിനും വേണ്ടിയാണ് നവമാലിക മിഷൻ ക്വിസ് സംഘടിപ്പിക്കുന്നത്.

മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ടീമുകൾ ഒക്ടോബർ 14-ാം തീയതിക്ക് മുമ്പായി താഴെക്കാണുന്ന നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

**റവ. ഡോ. ജോൺ വി. തടത്തിൽ**
(വികാരി) 9447400800

**റവ. ഫാ. ജിജോ പ്ലാത്താനം**
(ഡയറക്ടർ) 8089269097

**ശ്രീ. ഈശോ തോമസ് കുടകശ്ശേരിൽ**
(ഹെഡ്മാസ്റ്റർ) 9447569629

**ശ്രീ. ജോൺസൺ കുറിയാക്കോസ് വട്ടപ്പറമ്പിൽ**
(കൺവീനർ) 9446713523

### നിർദ്ദേശങ്ങൾ

- 4 മുതൽ 12 വരെയുള്ള സൺഡേസ്കൂൾ കുട്ടികളുടെ 2 പേരടങ്ങുന്നതാണ് ഒരു ടീം
- ഒരു ഇടവകയിൽനിന്നും ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം.
- ഡയറക്ടർ/ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
- ഫാ. ഹെർമാൻ ഒ.സി.ഡി. വിവർത്തനം ചെയ്ത പുസ്തകത്തിൽ നിന്നുമാണ് ചോദ്യങ്ങൾ
- രജിസ്ട്രേഷൻ ഫീസ് 150/- രൂപ
- കൊല്ലം, ആയൂർ, തിരുവനന്തപുരം, അമ്പൂരി എന്നീ ഫൊറോനകളിൽനിന്നും മറ്റ് രൂപതകളിൽനിന്നും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം TA നൽകുന്നതാണ്.
- ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

### സമ്മാനങ്ങൾ

**ഒന്നാം സമ്മാനം 5001 രൂപയും ട്രോഫിയും പ്രശംസാപത്രവും**
**രണ്ടാം സമ്മാനം 4001 രൂപയും ട്രോഫിയും പ്രശംസാപത്രവും**
**മൂന്നാം സമ്മാനം 3001 രൂപയും ട്രോഫിയും പ്രശംസാപത്രവും**
**നാലാം സമ്മാനം 2001 രൂപയും ട്രോഫിയും പ്രശംസാപത്രവും**
**അഞ്ചാം സമ്മാനം 1001 രൂപയും ട്രോഫിയും പ്രശംസാപത്രവും**

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ജീവനും മരണവും മനുഷ്യന്റെ മുമ്പിലുണ്ട് ഇഷ്ടമുള്ളത് അവനു ലഭിക്കും. (പ്രഭാഷകൻ 5:17 ) മനുഷ്യന്റെ നന്മ തിരഞ്ഞെടുക്കാനുള്ള നല്ല മനസ്സിനെപ്പോലും കലുഷിതമാകുന്ന വിപത്താണ് മദ്യമയക്കുമരുന്നുകൾ. ഇതിനെതിരെ ജാഗ്രത പുലർത്താനും, നല്ലചിന്തകൾ കൊണ്ട് ലോകം നിറയ്ക്കുവാനും, നന്മയുടെ പാതയിലൂടെ സഞ്ചരിക്കാനും, തിരഞ്ഞെടുപ്പുകൾ നന്മയുടെതാകാനും നമുക്ക് ഒരുമിച്ച് മുന്നേറാം.......

**ഫാ. ജോസ് പുത്തൻചിറ**

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ചികിത്സ നല്കി വരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ നല്കുന്നത്.

## സപ്പോർട്ട് എ ചൈൽഡ്

നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനു സാമ്പത്തിക സഹായം നല്കി ഈ പദ്ധതി മുന്നോട്ടു പോകുന്നു. മാസത്തിലെ മൂന്നാം ശനിയാഴ്ച പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിലും, നാലാം ശനിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ഇവർ ഒന്നിച്ചുകൂടുകയും ഫാ. ജോസ് പുത്തൻചിറ ബോധവത്ക്കരണ ക്ലാസ്സ് നടത്തുകയും. സാമ്പത്തിക സഹായവും, ന്യൂട്രിഷ്ൻ കിറ്റ് വിതരണവും നല്കി ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിപ്പിക്കുകയും ചെയ്തു. സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ സാമ്പത്തിക സഹായം നല്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു

## ബോധവത്ക്കരണ ക്ലാസ്സ്

കുട്ടികളുടെയും കൗമാരക്കാരുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരായി ഉള്ള ബോധവത്ക്കരണ ക്ലാസ്സുകൾ എടത്വാ സെന്റ് അലേഷ്യസ് സ്കൂൾ, എടത്വാ സെന്റ് മേരീസ് സ്കൂൾ, എന്നിവിടങ്ങളിലും, കുട്ടികൾക്കും മാതാപിതാക്കന്മാർക്കുംവേണ്ടി, ഗവൺമെന്റ് ഹൈസ്സ്കൂൾ തെക്കേക്കരയിലും ശ്രീ. സണ്ണി മാത്യു തച്ചിലേട്ട് ക്ലാസ്സുകൾ നയിച്ചു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ എല്ലാ മാസത്തിലും കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ധ്യാനം നടത്തുന്നു. ഒക്ടോബർ മാസത്തിലെ ധ്യാനം 17 മുതൽ 20 വരെ നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

## കുടുംബസംഗമം 2019 ഒക്ടോബർ 27 ഞായർ എസ്.ബി. കോളേജ്, കാവു കാട്ടുഹാളിൽ

കുടുംബസംഗമം വിജയിപ്പിക്കുന്നതിനായി എല്ലാ ഇടവക യൂണിറ്റുകളിലെയും കുടുംബാംഗങ്ങളെ നേരിൽ കാണുന്നതിനും (ഫൊറോനാടിസ്ഥാനത്തിൽ) യൂണിറ്റുകളിൽ മീറ്റിംഗുകൾ നടത്തുന്നു.

**22.9.2019 ഞായർ 8:30 a.m. മുതൽ പുളിങ്കുന്ന് ഫൊറോനായിൽ :** പുളിങ്കുന്ന്, കായൽപ്പുറം, കണ്ണാടി, കാവാലം ലിസ്യു, പുന്നക്കുന്നം, മണലാടി, മാമ്പുഴക്കരി.

**ചമ്പക്കുളം ഫൊറോനായിൽ :** ചമ്പക്കുളം ബസലിക്ക, നെടുമുടി നസ്രത്ത്, കൊടുപ്പുന്ന.

**ചങ്ങനാശേരി ഫൊറോനാ :** കത്തീഡ്രൽ, വെട്ടിത്തുരുത്ത്, പറാൽ, ചെത്തിപ്പുഴ, ഇത്തിത്താനം, ചീരഞ്ചിറ.

**29-9-2019 ഞായർ രാവിലെ 8:30 മുതൽ കുടമാളൂർ ഫൊറോനായിൽ :** മാന്നാനം, കൈപ്പുഴ, വില്ലൂന്നി, ആർപ്പൂക്കര – ചെറുപുഷ്പം, ഐക്കരച്ചിറ യൂണിറ്റുകൾ.

**അതിരമ്പുഴ ഫൊറോനാ :** അതിരമ്പുഴ ഫൊറോനാ ചർച്ച്, നാൽപ്പാത്തിമല, കോട്ടയ്ക്കപ്പുറം, മണ്ണാർകുന്ന്, ലിസ്യു.

**കുറുമ്പനാടം ഫൊറോനാ :** സെന്റ് ആന്റണീസ് കുറുമ്പനാടം, അസംപ്ഷൻ കുറുമ്പനാടം, മാന്നില ഹോളി ഫാമിലി, മാമ്മൂട് ലൂർദ്ദ്മാതാ എന്നീ സ്ഥലങ്ങളിലാണ് സന്ദർശനം. സന്ദർശനത്തിൽ എല്ലാ കുടുംബങ്ങൾക്കും നേരിട്ട് ക്ഷണക്കത്ത് നൽകുന്നു. കുടുംബസംഗമത്തിന്റെ വിജയത്തിനായി എല്ലാകുടുംബങ്ങളും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങൾ പ്രാർത്ഥനാമാസമായി ആചരിക്കുന്നു.

## കുടുംബസംഗമത്തിൽ (27 ന് രാവിലെ)

| | |
|---|---|
| 9:00 a.m. | വി. കുർബാന |
| 10:00 a.m. | പതാകയുയർത്തൽ |
| 10:15 a.m. | ക്ലാസ് |
| 11:15 a.m. | ഫൊറോനാടിസ്ഥാനത്തിൽ യൂണിറ്റുകൾ അവതരിപ്പിക്കുന്ന ഗ്രൂപ്പ് ഐറ്റം കലാപരിപാടികൾ |
| 1:00 p.m. | സ്നേഹവിരുന്ന് |
| 2:30 p.m. | കുടുംബസംഗമപൊതുസമ്മേളനം ആദരിക്കൽ, സ്കോളർഷിപ്പ് വിതരണം. |

സമ്മേളനത്തിൽ അഭി. പിതാക്കന്മാർ, ജനപ്രതിനിധികൾ, ബഹു. വൈദികർ, സംഘടനാനേതാക്കൾ എന്നിവർ പങ്കെടുക്കും.

കുടുംബസംഗമത്തിലേയ്ക്ക് എല്ലാ DCMS കുടുംബങ്ങളുടെയും പങ്കാളിത്തം സാദരം ക്ഷണിച്ചുകൊള്ളുന്നു.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 796-ാമതും കൂരിയായുടെ 1036-ാമതും പ്രാർത്ഥനാസമ്മേളനം 8-9-2019 ഉച്ചകഴിഞ്ഞ് 2:30 പാറേൽ ലീജിയൻ ഹാളിൽ പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. 34 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം ജ്ഞാനവായന നിയമഗ്രന്ഥം Chapter 5-ന്റെ "മറിയം നമ്മുടെ അമ്മ" എന്ന ഭാഗം പ്രസിഡന്റ് വായിച്ചു. മറിയത്തോടുള്ള ലീജിയന്റെ ഭക്തി അവളെ നമ്മുടെ യഥാർത്ഥ മാതാവായി ബഹുമാനിക്കുകയും സ്നേഹിക്കുകയും മാതൃകയായി സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. തന്റെ സമ്മതം കൊടുത്തും വ്യാകുലതകൾ സഹിച്ചും മനുഷ്യവർഗ്ഗത്തിന്റെ ആദ്ധ്യാത്മികജനനത്തിൽ പൂർണ്ണസഹകാരിണിയായിത്തീർന്നു കൊണ്ട് മറിയം നമ്മുടെ യഥാർത്ഥമാതാവായി. പരിശുദ്ധ മറിയം നമ്മുടെ അമ്മയാണെന്ന കാര്യം സൈനികർ നിരന്തരം സ്മരിക്കേണ്ടതാണ്.

പ്രസിഡന്റ്, സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ മരിയൻ സൈനികർക്കും പ്രത്യേകിച്ച് പുതിയതായി വന്ന ഭാരവാഹികൾക്കും പരി. അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു. സഹോദരി എത്സമ്മ ഹാജർ രേഖപ്പെടുത്തി. സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ആഗസ്റ്റുമാസത്തെ പ്രവർത്തന റിപ്പോർട്ടും ഖജാൻജി സഹോദരി എത്സമ്മ കോട്ടപ്പുറം കഴിഞ്ഞമാസത്തെ വരവുചിലവു കണക്കുകളും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും സഭ പാസ്സാക്കുകയും ബഹുമാനപ്പെട്ട ഡയറക്ടർ അച്ചനും പ്രസിഡന്റും അതിൽ ഒപ്പുവെയ്ക്കുകയും ചെയ്തു.

പിന്നീട് സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്ന ശേഷം ബഹുമാനപ്പെട്ട ജോജോ പുതുവേലിൽ അച്ചൻ പ്രഭാഷണം നടത്തി. തുടർന്ന് നടക്കുവാനിരിക്കുന്ന സെപ്റ്റംബർ സമ്മേളനങ്ങൾ, ജപമാല റാലി എന്നിവയെക്കുറിച്ചെല്ലാം വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി. ചർച്ചകൾ നടത്തി തീരുമാനങ്ങൾ സ്വീകരിച്ചു.

## 2019-ലെ സെപ്റ്റംബർ സമ്മേളനങ്ങൾ

**1.** പ്രേഷിതരാജ്ഞി - കുറുമ്പനാടം, അമലോത്ഭവനാഥ - കുറുമ്പനാടം, റോസറിമാതാ - പൂമറ്റം എന്നീ പ്രസീദിയങ്ങൾ സ്വർലോകരാജ്ഞി പ്രസീദിയം രാജമറ്റം തോട്ടയ്ക്കാട് വെച്ച് സെപ്റ്റംബർ 14 ന് 10:00 a.m. ന് നടത്തപ്പെടും.

**2.** അതിരമ്പുഴ കൂരിയായുടെ കീഴിലുള്ള എല്ലാ പ്രസീദിയങ്ങളും ഒരുമിച്ച് സെപ്റ്റംബർ 29-ന് 2:00 p.m. ന് അതിരമ്പുഴ ഫൊറോനാപള്ളിയിൽവെച്ച് അവരുടെ സെപ്റ്റംബർ സമ്മേളനം നടത്തും. കൂത്രപ്പള്ളി കൂരിയാ എല്ലാ പ്രസീദിയങ്ങളും കൂത്രപ്പള്ളി ഇടവകദൈവാലയത്തിൽ വെച്ച് സെപ്റ്റംബർ 29-ന് 3:00 p.m. ന് നടത്തും.

**3.** കർമ്മലനാഥ - ചാഞ്ഞോടി, ഫാത്തിമമാതാ - ഫാത്തിമാപുരം, സ്വർഗ്ഗാരോപിതരാജ്ഞി - ഫാത്തിമാപുരം, ഉഷകാലരാജ്ഞി - പായിപ്പാട് എന്നീ പ്രസീദിയങ്ങൾ ഒരുമിച്ച് തൃക്കൊടിത്താനം രക്ഷകന്റെ മാതാവ് പ്രസീദിയം സെന്റ് സേവ്യേഴ്സ് ചർച്ച് തൃക്കൊടിത്താനത്തുവെച്ച് സെപ്റ്റംബർ 23-ന് 2:00 p.m. ന് നടത്തും.

4. റോസാമിസ്റ്റിക്കാ – ചീരഞ്ചിറ, അമലോത്ഭനാഥാ–കൊടിനാട്ടുകുന്ന് എന്നീ പ്രസീദിയങ്ങൾ ഒരുമിച്ച് വേരൂർ ഉഷകാലനക്ഷത്രം വേരൂർ സെന്റ് ജോസഫ് ചർച്ചിൽ വെച്ച് സെപ്റ്റംബർ 21–ന് 2:45 p.m. ന് നടത്തപ്പെടും.

5. സ്വർഗ്ഗീയരാജ്ഞി – ളായിക്കാട്, സകലവിശുദ്ധർ – തുരുത്തി എന്നീ പ്രസീദിയങ്ങൾ ഒരുമിച്ച് സമാധാനത്തിന്റെ രാജ്ഞി ഗദ്സേമനി വാഴപ്പള്ളിയിൽ വെച്ച് സെപ്റ്റംബർ 15–ന് 2:30 p.m. ന് നടത്തപ്പെടും.

6. അനുഗ്രഹമാതാ – പാറേൽ, അമലോത്ഭനാഥ – പാറേൽ, വരപ്രസാദരാജ്ഞി – പാറേൽ, കർമ്മലമാതാ – പാറേൽ എന്നീ പ്രസീദിയങ്ങൾ സെപ്റ്റംബർ 14 ന് 3:00 p.m. ന് പാറേൽ സെന്റ് മേരീസ് ചർച്ച് തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെടും.

7. തിരുഹൃദയനാഥ – ചെത്തിപ്പുഴ, അമലോത്ഭവനാഥ – ചെത്തിപ്പുഴ, ജപമാല രാജ്ഞി – കുന്നന്താനം, അത്ഭുതമാതാ – വടക്കേക്കര എന്നീ പ്രസീദിയങ്ങൾ ഒരുമിച്ച് ചെത്തിപ്പുഴ തിരുഹൃദയദൈവാലയത്തിൽവെച്ച് സെപ്റ്റംബർ 15 ന് 2:00 p.m. ന് നടത്തപ്പെടും.

ഒക്ടോബർ 27–ന് ഉച്ചകഴിഞ്ഞ് ജപമാലറാലി കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിൽ നിന്ന് ഉച്ചകഴിഞ്ഞ് 2:15 ന് പാറേൽ തീർത്ഥാടനകേന്ദ്രത്തിലേയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ചെറിയൊരു ചായസൽക്കാരത്തിനുശേഷം സമാപനപ്രാർത്ഥനയും ദൈവദാസൻ ഫ്രാങ്ക്ഡഫിനെ വിശുദ്ധനാക്കുന്നതിനുള്ള ജപവും ചൊല്ലി സ്പിരിചൽ ഡയറക്ടർ റവ. ഫാ. ജോജോ പുതുവേലിന്റെ അനുഗ്രഹആശീർവാദവും സ്വീകരിച്ച് സൈനികർ സ്വഭവനങ്ങളിലേയ്ക്ക് പോയി.

**ഫാ. ജോജോ പുതുവേലിൽ** — **സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
ആദ്ധ്യാത്മീക നിയന്താവ് — (സെക്രട്ടറി)

***കത്തോലിക്കാ കോൺഗ്രസ് 54–ാം പേജ് തുടർച്ച....***

കാഞ്ഞിരപ്പള്ളി എസ് ഡി കോളേജ് പ്രൊഫസർ റോണി കെ. ബേബി ക്ലാസ്സ് നയിച്ചു. 31/08/2019 –ൽ അതിരൂപതാ എക്സിക്യൂട്ടിവും 7/09/2019–ൽ അതിരൂപതാ എക്സിക്യൂട്ടിവ്, ഗ്ലോബൽ സമിതി അംഗങ്ങൾ, ഫൊറോനാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, ട്രഷറർ എന്നിവരുടെ സംയുക്ത യോഗവും ചേർന്നു.

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കുട്ടനാടിന്റെ വികസനം ആവശ്യപ്പെട്ടുകൊണ്ട് ചമ്പക്കുളം, എടത്വ, പുളിങ്കുന്ന് എന്നീ ഫൊറോനാകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 2019 സെപ്റ്റംബർ 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് ''കുട്ടനാട് വികസന അതോറിറ്റി'' രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ സമരപ്രഖ്യാപന കൺവെൻഷൻ പള്ളിക്കൂട്ടമ്മ പള്ളി പാരീഷ് ഹാളിൽ നടക്കുന്നു.

**വർഗീസ് ആന്റണി** (പ്രസിഡന്റ്) — **ഫാ. ജോസ് മുകളേൽ** (ഡയറക്ടർ) — **രാജേഷ് ജോൺ എൻ** (ജനറൽ സെക്രട്ടറി)

*(Secular Franciscan Order - SFO)*
**''സമാധാനം - സൗഭാഗ്യം''**

പ്രിയ സഹോദരരേ,

''കർത്താവേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമെ'' ഫ്രാൻസിസ്ക്കൻ ദർശനത്തിന്റെ ഒരു മാനിഫെസ്റ്റോയാണ് 'സമാധാന പ്രാർത്ഥന'. അഴിമതിയും, ചൂഷണവും, മൂല്യച്യുതിയും മൂലം കീറിമുറിഞ്ഞ ലോകത്തിൽ ജീവന്റെ സന്ദേശം പകരുന്ന ഒരു സങ്കീർത്തനമായി അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ ജീവിതവും, വിശുദ്ധിയും, വിശ്വസാഹോദര്യവും, ജനകീയ വൽക്കരിക്കപ്പെട്ടിട്ടുണ്ട്. അനവദ്യസുന്ദരമായ ആ കാവ്യശില്പം ഫ്രാൻസിസ്കൻ ചൈതന്യത്തിന്റെ ഗിരിപ്രഭാഷണമത്രെ. അതിന്റെ ഏറ്റവും സുന്ദരമായ ഈ രൂപരേഖ ഫ്രാൻസിസ്കൻ ജീവിത ശൈലിയുടെ ജീവത്തായ ആവിഷ്ക്കരണമാണ്.

വി. ഫ്രാൻസിസിനെ സ്മരിക്കുകയും പ്രാർത്ഥിക്കുകയും, തിരുനാൾ ആചരിക്കുകയും ചെയ്യുന്ന ദിവസങ്ങളാണല്ലോ കടന്നുവരുന്നത്. തിരുനാൾ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ഏവർക്കും ആശംസിക്കുന്നതോടൊപ്പം നൊവേന പ്രാർത്ഥനയുടെ ഒരുക്കത്തിൽ എല്ലാ ഭ്രാതൃത്വങ്ങളിലും തിരുനാൾ വിപുലമായി ഇടവക സമൂഹത്തോടൊപ്പം ആഘോഷിച്ചു എന്നു കരുതുന്നു. ഫ്രാൻസിസ്ക്കൻ മൂന്നാം സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒക്ടോബർ, നവംബർ മാസങ്ങൾ സുപ്രധാനങ്ങളാണല്ലോ. SFO അതിരൂപതാ വാർഷീകവും, തിരുനാളും, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 111-ാം ചരമവാർഷികാചരണം, SFO അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് എന്നിവയുടെ നടത്തിപ്പിന്റെ തീയതികൾ നിശ്ചയിച്ച് അറിയിക്കുന്നതായിരിക്കും. പ്രളയ പ്രകൃതി ദുരന്താനന്തരമുള്ള ആഘോഷങ്ങളായതുകൊണ്ട് ഇവയെല്ലാം വളരെ ലളിതമായും എന്നാൽ പ്രാർത്ഥനാ ചൈതന്യത്തിലും നടത്തുവാനാണ് തീരുമാനം. അതിനാൽ നമ്മുടെ എല്ലാ ആഘോഷങ്ങളും പ്രവർത്തനങ്ങളും ഈശോയുടെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഫ്രാൻസിസ്ക്കൻ ചൈതന്യത്തിൽ എളിമയിലും, സാഹോദര്യത്തിലും നടത്തുവാൻ നമുക്ക് ഒത്തൊരുമയോടെ പരിശ്രമിക്കാം.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ്സ് മത്സരം

SFO ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ്സ് മത്സരം 2019 ഒക്ടോബർ 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 മുതൽ 11:30 വരെ വാഴപ്പള്ളി ഗെത്സെമനി ആശ്രമ സോഷ്യൽ സെന്ററിൽ വെച്ച് നടത്തുന്നു.

വിഷയങ്ങൾ:- നിയമാവർത്തനം അദ്ധ്യായം 14 മുതൽ 18 വരെ, പ്രഭാഷകൻ 12 മുതൽ 15 വരെ, മത്തായി 24 മുതൽ 28 വരെ, വെളിപാട് 17 മുതൽ 21

വരെ. അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ ജീവചരിത്രം (ഫാ. ലിയോ കീപ്രത്തിന്റെ പുസ്തകം) അദ്ധ്യായം 34 മുതൽ 41 വരെ, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവചരിത്രം (പ്രൊഫ. ജെയിംസ് സെബാസ്റ്റ്യൻ എഴുതിയ ''സുവിശേഷ ഭാഗ്യങ്ങളുടെ മനുഷ്യൻ'') എന്ന പുസ്തകത്തിൽ നിന്നും മുഴുവനായും ബൈബിളിൽനിന്നും 60%, മറ്റു പുസ്തകങ്ങളിൽനിന്നും 40% ചോദ്യങ്ങൾ ഉണ്ടായിരിക്കും. മത്സര വിജയികൾക്ക് ഒന്നാം സമ്മാനം 5000 രൂപയും എവർ റോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം 3000 രൂപയും എവർ റോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം 2000 രൂപയും എവർ റോളിംഗ് ട്രോഫിയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനവും നൽകുന്നു. ഒരു ഭ്രാതൃത്വത്തിൽ നിന്നും 2 പേരടങ്ങുന്ന രണ്ടു ടീമുകൾക്കുവരെ മത്സരത്തിൽ പങ്കെടുക്കാം. ചങ്ങനാശേരി അതിരൂപതയിലെയും മറ്റു രൂപതകളിലെ SFO അംഗങ്ങൾക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളു. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 100 രൂപാ മാത്രം. 2019 ഒക്ടോബർ 7–ാം തീയതി വൈകുന്നേരം 5 മണിവരെ മാത്രമേ രജിസ്ട്രേഷൻ സ്വീകരിക്കുകയുള്ളൂ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ടീമുകൾ താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. 9061076261, സിബിച്ചൻ സ്രാങ്കൻ 9447322927, എൽസമ്മ സെബാസ്റ്റ്യൻ 0481–2473222, 9400944733. ക്വിസ്സ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും. മത്സരസഹായ പഠനഗ്രന്ഥങ്ങൾ വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ ലഭ്യമാണ്. നമ്മുടെ SFO ഭ്രാതൃത്വങ്ങളിൽനിന്നും നിർബന്ധമായും ഒരു ടീമെങ്കിലും പങ്കെടുക്കണം. അതിനായി SFO റീജണൽ പ്രസിഡന്റുമാർ തങ്ങളുടെ ഭ്രാതൃത്വങ്ങളെ അറിയിച്ച് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് നൽകണമെന്ന് അറിയിക്കുന്നു. മത്സരങ്ങൾ നിയന്ത്രിക്കുന്നതിനായി സൂപ്പർവൈസർമാരായി ഭ്രാതൃത്വങ്ങളിൽനിന്നും മൂന്നു നാലു സഹോദരങ്ങൾ അന്നേദിവസം എത്തണമെന്നും അറിയിക്കുന്നു.

## നിര്യാതയായി

നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വത്തിലെ സജീവാംഗമായിരുന്ന മരിയാഭവനത്തിൽ മരിയ (66) നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേതയുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും ഒപ്പീസ് പ്രാർത്ഥന ചൊല്ലുകയും മൃതസംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുക.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖില കേരളാ ക്വിസ്സ് മത്സരം, അതിരൂപതാ വാർഷികവും തിരുനാളും, SFO അതിരൂപതാ തെരഞ്ഞെടുപ്പ്, തൊമ്മച്ചന്റെ 111–ാം ചരമവാർഷികാചരണം എന്നീ പരിപാടികൾ ഓർമ്മയായിരിക്കട്ടെ. ഒരിക്കൽ കൂടി തിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

'ദൈവത്തിന്റെ നിയോഗവും വിളിയുമനുസരിച്ച് ഓരോരുത്തരും ജീവിതം നയിക്കട്ടെ' (1 കൊറി. 7:17). ഈ അവസരത്തിൽ നിത്യജീവൻ നല്കുന്ന ദൈവവചനമായ ബൈബിളിനെക്കുറിച്ച് നാം കൂടുതൽ ചിന്തിക്കണം. കാരണം അത് മനുഷ്യന്റെ വാക്കുകളിൽ എഴുതപ്പെട്ട ദൈവത്തിന്റെ വചനമാണ്. നമ്മുടെ നിത്യഭവനമായ സ്വർഗ്ഗത്തിൽ എത്തുന്നതിന് സഹായകമായ ഒന്നാണത്. പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു സംസാരിക്കുന്നതുപോലെ, ബൈബിൾ വായിക്കുന്നതുവഴി ദൈവം നമ്മോടു സംസാരിക്കുകയാണ്. ഈ ബോധ്യത്തിൽ അനുദിനം ബൈബിൾ വായനയ്ക്കായി അല്പസമയമെങ്കിലും മാറ്റിവയ്ക്കണം. വിശുദ്ധഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത തന്നെയാണ്.

ബൈബിൾ പഠനംവഴി നാം ജീവകാരുണ്യപ്രവർത്തികൾ ചെയ്യുവാൻ കൂടുതൽ ഔത്സുകരായിത്തീരുന്നു. കഴിഞ്ഞവർഷത്തെക്കുറിച്ചു ചിന്തിച്ചാൽ നാം വലിയൊരു അതിജീവനത്തിന്റെ പാതയിലൂടെയാണ് കടന്നുപോയത്. നൂറ്റാണ്ടിലെ പ്രളയം എന്നു വിശേഷിപ്പിക്കപ്പെട്ട മഹാമാരിയും ജലപ്രളയവും ഇന്നും നമ്മുടെ മനസ്സിൽ തങ്ങിനില്ക്കുന്നു. അതിൽനിന്നും പൂർണ്ണമായും മോചനം ലഭിക്കുന്നതിന് മുമ്പ് നമുക്ക് വേറൊരു പ്രളയത്തെകൂടി നേരിടേണ്ടിവന്നു. വടക്കൻ കേരളത്തെ മൊത്തമായി ഇളക്കിമറിച്ച ഈവർഷത്തെ പ്രളയത്തെ അതിജീവിക്കുവാനും വിൻസെൻഷ്യൻ പ്രവർത്തകരായ നമ്മുടെ ഒത്തൊരുമ ആവശ്യമാണ്. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഇടപെടാത്ത ഒറ്റ വിൻസെൻഷ്യൻ പ്രവർത്തകരും ഉണ്ടായിരിക്കുകയില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. വ്യക്തിപരമായും, കോൺഫ്രൻസ്, എ.സി., സി.സി., നാഷണൽ എന്നീ എല്ലാ തലങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് കൈകോർത്ത് പ്രവർത്തിച്ചുകൊണ്ടുതന്നെയാണിരിക്കുന്നത്.

ഇവിടെ വി. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം 40-ാം വാക്യം ഏറെ പ്രസക്തമാണ്. അതായത് സത്യമായി ഞാൻ നിന്നോടുപറയുന്നു എന്റെ ഏറ്റം എളിയ ഈ സഹോദരങ്ങളിൽ ഒരുവനു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തതെന്നത്. ഈ ആശയമാണ് യുവത്വത്തിന്റെ സമ്പന്നതയിൽ 1833-ൽ നമ്മുടെ സൊസൈറ്റിക്ക് രൂപംനല്കുവാൻ സാധിച്ചതും. വിശ്വസിച്ചതുകൊണ്ടോ വിശ്വാസം സംരക്ഷിച്ചതുകൊണ്ടോ മാത്രം മതിയാകുന്നതല്ല ജീവിതം. സുവിശേഷത്തിലെ ദൈവത്തെ ആരാധിക്കുക മാത്രമല്ല അനുകരിക്കുക കൂടി ചെയ്യുന്നതാണ് മനുഷ്യധർമ്മം. അതുവഴി നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുവാനും സേവിക്കുവാനും കഴിയണം. നമ്മുടെ സംരംഭങ്ങൾ ലാഘവബുദ്ധിയോടെ ഏറ്റെടുക്കുവാൻ സാധിക്കുന്നതല്ല, മറിച്ച് ഉചിതമായ

സമയത്ത്, ഉചിതമായ തീരുമാനത്തിലൂടെ, അർപ്പണബോധത്തോടെ, കാര്യ ഗൗരവത്തിന് അല്പംപോലും പിമ്പോട്ടുപോകാതെ ഉറച്ച നിലപാട് സ്വീകരിച്ച് അതു പൂർത്തീകരിക്കുന്നതിലൂടെയാണ്. ഇവിടെ യുവാക്കളുടെ സാന്നിധ്യം അത്യന്താപേക്ഷിതമാണെന്ന് സൊസൈറ്റിയുടെ ആരംഭകാലപ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ മനസിലാക്കാവുന്നതാണ്.

വിശുദ്ധ മാർട്ടിൻ തന്റെ പുറംകുപ്പായത്തിന്റെ പകുതി ഒരു ഭിക്ഷക്കാരന് നല്കിയത്. ക്രിസ്തുവിനാണ് നല്കിയതെന്ന് പിന്നീട് മനസ്സിലാക്കിയപ്പോഴത്തെ സന്തോഷം വിവരിക്കാനാകാത്തതാണെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ, തന്റെ 'പേഴ്സ്' എടുക്കുവാൻ മറന്ന് യാത്രചെയ്ത വാഴ്ത്തപ്പെട്ട ജോർദ്ദാനോട് സഹായം അഭ്യർത്ഥിച്ച ആൾക്ക് തന്റെ 'ബെൽറ്റ്' ഊരിക്കൊടുത്തതും ക്രിസ്തുവിന് തന്നെയായിരുന്നുവെന്ന് മനസിലാക്കിയതിനെക്കുറിച്ചും ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽനിന്നെല്ലാം നാം മനസിലാക്കേണ്ടത് ആവശ്യത്തിലിരിക്കുന്നവർക്ക് സഹായിക്കുന്നതുവഴി നാം ദൈവത്തിന് തന്നെയാണ് സഹായം നല്കുന്നതെന്ന യാഥാർത്ഥ്യവുമാണ്.

വ്യക്തിബന്ധങ്ങളുടെ അടിസ്ഥാനത്തിലും നീതിയിലും അരൂപിയിലും ദരിദ്രരെ സഹായിച്ചുകൊണ്ട്, ക്രിസ്തീയ വിശ്വാസം പ്രായോഗികമാക്കുന്ന പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന കത്തോലിക്കാ അത്മായരുടെ അന്തർദേശീയ അത്മായ സംഘടനയായ നമ്മുടെ സൊസൈറ്റിയെ ദൈവത്തിന്റെ കാരുണ്യത്താൽ കൂടുതൽ ഫലദായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

വിവിധ ഒസാപ് കേന്ദ്രങ്ങളുടെ രക്ഷാധികാരികൾ, കോർഡിനേറ്റർമാർ എന്നിവരുടെ സമ്മേളനം സെപ്റ്റംബർ 24 ചൊവ്വാഴ്ച 3:30 ന് അതിരൂപതാ കേന്ദ്രത്തിൽ നടന്നു. കഴിഞ്ഞ മെയ്മാസം മുതൽ ജൂലൈ വരെ കൈനകരി, ചങ്ങനാശേരി, മണിമല, ചെറിയ വെളിനല്ലൂർ (ആയൂർ) എന്നീ കേന്ദ്രങ്ങളിലായി ആരംഭിച്ച ഒസാപ് പരിശീലനപദ്ധതിയുടെ വിലയിരുത്തൽ നടത്തി. 4 കേന്ദ്ര ങ്ങളിൽ 8 ലെവലുകളിലായി 32 ക്ലാസുകൾ നടത്തപ്പെട്ടു. ക്ലാസുകളെക്കുറിച്ച് മികച്ച അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചത്. വിവിധ കേന്ദ്രങ്ങളുടെ പ്രവർത്തനം, പ്രായോഗിക ബുദ്ധിമുട്ടുകൾ, കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ എന്നിവ ചർച്ചക്ക് വിഷയമായിരുന്നു.

സമ്മേളനത്തിൽ പെ. ബഹു. ഡോ. ഫിലിപ്സ് വടക്കേക്കളം അദ്ധ്യക്ഷനായി രുന്നു. ഡോ. പി.സി. അനിയൻകുഞ്ഞ് സമ്മേളനത്തിന് ആമുഖം നൽകിക്കൊണ്ട് സ്വാഗതം ആശംസിച്ചു. റവ. സി. പ്രീമാ സി.എം.സി. ആമുഖപ്രാർത്ഥന നടത്തി. ശ്രീ. മാത്തുക്കുട്ടി ജോസഫ്, കുമാരി ശാരോൺ എലിസബത്ത് ജയിംസ്, ശ്രീ. പി.ജെ. ചാക്കോ, ശ്രീ. ജോസ് വർഗീസ് എന്നീ കോർഡിനേറ്റർമാർ സംക്ഷി പ്ത റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ടോംസ് ആന്റണി ഫാക്കൽറ്റി പ്രതിനിധി യായി സംസാരിച്ചു. ഡോ. ജിജി ജോസഫ് കൂട്ടുമ്മേൽ ചർച്ച ഉപസംഹരിച്ച് നന്ദി പ്രകാശിപ്പിച്ചു. പെ. ബഹു. കുര്യൻ പുത്തൻപുര, പെ. ബഹു. ജോർജ് കൊച്ചുപറമ്പിൽ, പെ. ബഹു. എബ്രഹാം കരിപ്പിങ്ങാംപുറം, ഡോ. രാജൻ കെ. അമ്പൂരി, സി. സാങ്റ്റാ സി.എം.സി., ശ്രീ. അഭിജിത്ത് ടി.എസ്., ശ്രീ. റോബിൻ രാജു എന്നിവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു.

**ഡോ. പി. സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)

**ഡോ. ജിജി. ജോസഫ്**
**പ്രൊഫ. ജോസഫ് ടിറ്റോ**
**ഡോ. രാജൻ കെ. അമ്പൂരി**
(ജനറൽ കോർഡിനേറ്റേഴ്സ്)

# റവ. ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ
# 21-ാം അഖില കേരള ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരം

**2019 നവംബർ 3 ഞായറാഴ്ച രാവിലെ 11-ന്**
**സെന്റ് തോമസ് ചർച്ച് വെള്ളാപ്പള്ളി പാരിഷ്ഹാൾ പുന്നത്തുറ**

ബഹുമാന്യരേ,

പുണ്യചരിതനും, പുന്നത്തുറ വെള്ളാപ്പള്ളി പള്ളിയുടെയും അനുബന്ധസ്ഥാപനങ്ങളുടെയും സ്ഥാപകനുമായ ബഹു. പൊറ്റേടത്തിൽ ജോണച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി പുന്നത്തുറ സൺഡേസ്കൂൾ, കേരളത്തിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി 2019 നവംബർമാസം 3-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് അഖില കേരളാ ബൈബിൾ സഭാചരിത്ര ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഈ സംരംഭത്തിലേയ്ക്ക് അങ്ങയുടെ എല്ലാ സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

എന്ന്, മത്സരകമ്മറ്റിക്കുവേണ്ടി

**റവ. ഡോ. ടോം പുത്തൻകളം**
(ഡയറക്ടർ)

**ബിനു ജോൺ കുന്നത്തേട്ട്**
(സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ)

**ശ്രീ. തോമസ് ജോസഫ് തോപ്പിൽ**
(പ്രസിഡന്റ് പൊറ്റേടം കുടുംബയോഗം)

**ശ്രീ. ജോണി കുര്യൻ എടേട്ട്**
(സെക്രട്ടറി, പൊറ്റേടം കുടുംബയോഗം)

**മത്സരവിഷയങ്ങൾ**

1. വി. മത്തായി ശ്ലീഹായുടെ സുവിശേഷം (19 മുതൽ 28 വരെ അദ്ധ്യായങ്ങൾ)
2. നിയമാവർത്തനം (12 മുതൽ 21 വരെ അദ്ധ്യായങ്ങൾ) } 30%
3. ഭാരത കത്തോലിക്കാസഭ ഇന്നലെയും ഇന്നും - പോൾ പള്ളത്ത് - (അദ്ധ്യായം 1) ........ 40%
4. ഫാ. ജോൺ പൊറ്റേടം ജീവചരിത്രം ........ 30%
(പ്രൊഫ. റ്റി.വി. തോമസ് തോപ്പിൽ)

*(പൊറ്റേടത്തിലച്ചന്റെ ജീവചരിത്രം ആവശ്യപ്പെട്ടാൽ എത്തിച്ചുതരുന്നതാണ്.)*

**രജിസ്ട്രേഷൻ**

1. റവ. സി. ലിസ് എസ്.എച്ച്., ഫോൺ : 8281687854
2. ശ്രീ. റോബി വർഗീസ് മുളമറ്റത്തിൽ, കൺവീനർ : 9446120842
3. ശ്രീ. ജോമോൻ സിറിയക്ക് പാലേറ്റിൽ, ജോ. കൺവീനർ : 0481 - 2543009

**രാവിലെ 9:30 ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.**
**(മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.)**

**റൂട്ട് : കോട്ടയം → മണർകാട്പള്ളി → അയർക്കുന്നം → കിടങ്ങൂർ → പാലാ റൂട്ടിൽ → പുന്നത്തുറ കുരിശുപള്ളി കവലയിൽ ഇറങ്ങുക.**

**മത്സരനിബന്ധനകൾ**

1. ഒരു സൺഡേസ്കൂളിൽനിന്ന് ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം - ഒരു ടീമിൽ 2 അംഗങ്ങൾ (ഹയർ കോഴ്സ് ഉൾപ്പെടെ).
2. രജിസ്ട്രേഷൻ ഫീസ് ടീം ഒന്നിന് 200 രൂപ.
3. സൺഡേസ്കൂൾ ഡയറക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
4. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ 2019 ഒക്ടോബർ 31 ന് മുൻപ് രജിസ്റ്റർ ചെയ്യേണ്ടതാണ്.
5. മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

**സമ്മാനങ്ങൾ**

1. **ഒന്നാം സമ്മാനം 7000 രൂപാ & എവർറോളിംഗ് ട്രോഫി**
2. **രണ്ടാം സമ്മാനം 5000 രൂപാ & എവർറോളിംഗ് ട്രോഫി**
3. **മൂന്നാം സമ്മാനം 3500 രൂപാ & എവർറോളിംഗ് ട്രോഫി**
4. **നാലാം സമ്മാനം 2500 രൂപാ**
5. **അഞ്ചാം സമ്മാനം 1500 രൂപാ**
6. **മാർക്കിന്റെ അടിസ്ഥാനത്തിൽ 6 മുതൽ 10 വരെ സ്ഥാനക്കാർക്ക് ക്യാഷ് അവാർഡുകൾ നൽകുന്നു.**

## 1. ചേപ്പാടിന്റെ കാരുണ്യം: 21.15 ലക്ഷം

'പണമില്ലാത്തതിന്റെ പേരിൽ ഒരു ജീവനും നഷ്ടപ്പെടരുതെന്ന' സന്ദേശവുമായി ചങ്ങനാശേരി പ്രത്യാശയും ചേപ്പാട് പഞ്ചായത്തും കൈകോർത്തു. 2019 സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ 2 വരെയായിരുന്നു ധനശേഖരണം. വൃക്ക രോഗികളായ രഞ്ചുവിനും, ജയകൃഷ്ണനും വേണ്ടിയായിരുന്നു നാട് കൈകോർത്തത്. 5 മണിക്കൂർ കൊണ്ട് 21.15 ലക്ഷം രൂപ സമാഹരിച്ചു. 2000-ത്തോളം ആളുകൾ സമാഹരണത്തിൽ പങ്കുചേർന്നു.

## 2. മണർകാട് ബിന്ദുകുമാറിനു വേണ്ടി 18 ലക്ഷം സമാഹരിച്ചു.

മണർകാട് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ താമസിക്കുന്ന ഇരു വൃക്കകളും തകരാറിലായ 47 കാരനായ ബിന്ദുകുമാറിനു വേണ്ടി ജനം കൈകോർത്തു. പഞ്ചായത്തുകളിലെ 7 വാർഡുകളിൽ നിന്നായി 5 മണിക്കൂർ കൊണ്ട് സമാഹരിച്ചത് 18 ലക്ഷത്തോളം രൂപ. 1500-ഓളം ആളുകൾ ജാതി-മത-സാമുദായിക വ്യത്യാസമില്ലാതെ ഒരേ മനസ്സോടെ ജീവൻരക്ഷാ പ്രവർത്തനത്തിൽ പങ്കുചേർന്നു.

## 3. ജോജിയുടെ ജീവൻ രക്ഷിക്കുവാൻ ചീരഞ്ചിറ ഗ്രാമം ഒന്നിച്ചു.

ജിമ്മി പടനിലം സെന്ററിന്റെ അടുത്തു താമസിക്കുന്ന ഓട്ടോറിക്ഷാ തൊഴിലാളിയായ 43 വയസ്സുള്ള ജോജി പുതുപ്പറമ്പിലിന്റെ വൃക്കരോഗ ചികിത്സയ്ക്കായി ജനം ഒരുമിച്ചു. വാഴപ്പള്ളി പഞ്ചായത്തിലെ 12,13 വാർഡുകളിൽ മാത്രം സമാഹരണം നടത്തി. 4.25 ലക്ഷം രൂപ സമാഹരിച്ചു നല്കി.

## 4. ആശാഭവന് പുതിയ മുഖം: സംയുക്ത ഓണാഘോഷം

ചങ്ങനാശേരി അതിരൂപതയുടെ മാനസിക ഭിന്നശേഷിക്കാർക്കായി കഴിഞ്ഞ 47 വർഷങ്ങളായി പ്രവർത്തിക്കുന്ന ആശാഭവനിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തി വെഞ്ചരിച്ചു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ കാർമ്മികത്വത്തിലാണ് വെഞ്ചരിപ്പു കർമ്മം നടത്തിയത്. 100-ഓളം കുട്ടികൾ പരിശീലിക്കുന്ന സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ കീഴിലുള്ള ജിമ്മി പടനിലം സെന്റർ നേതൃത്വം കൊടുത്തു. സെപ്റ്റംബർ 6-ാം തീയതി ആശാഭവനും ജിമ്മി പടനിലം സെന്ററും സംയുക്തമായി ഇത്തിത്താനം ആശാഭവനിൽ ഓണാഘോഷം സംഘടിപ്പിച്ചു. മാർ തോമസ് തറയിൽ, മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ മോൺ. ഫിലിപ്പ് വടക്കേക്കളം, ഫാ. ചെറിയാൻ കാരിക്കൊമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു. ഓണസദ്യയ്ക്കുള്ള സാമ്പത്തിക സഹായം നല്കി എസ്.ബി.കോളേജ് സ്റ്റാഫ് അസോസിയേഷൻ ഒപ്പം ചേർന്നു. ഭിന്നശേഷിക്കാരായ കുട്ടികൾ, അവരുടെ മാതാപിതാക്കൾ, ഉപകാരികൾ, അഭ്യുദയകാംഷികൾ അങ്ങനെ 400 ഓളം ആളുകൾ ഓണ സദ്യയിൽ പങ്കുചേർന്നു. രാവിലെ 10 മുതൽ 12 വരെ ഓണ മത്സരങ്ങൾ സംഘടിപ്പിച്ചു.

## 5. 5000 ആളുകൾ 5 മണിക്കൂർ കൊണ്ട് മുട്ടാർ ക്ലീൻ ചെയ്യുന്നു

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി 5000 ആളുകൾ 5 മണിക്കൂർ കൊണ്ട് മുട്ടാർ ഗ്രാമ പഞ്ചായത്ത് ക്ലീനാക്കുന്നു. 'മെഗാ ക്ലീനിംങ് ഡേ' എന്നു പേരിട്ടിരിക്കുന്ന പ്രസ്തുത പരിപാടിയുടെ ആപ്തവാക്യം 'ക്ലീൻ-മുട്ടാർ -ഗ്രീൻ മുട്ടാർ-ഹെൽത്തി മുട്ടാർ' എന്നാണ്. ചങ്ങനാശേരി ചാരിറ്റി വേൾഡ് ട്രസ്റ്റും കൺസേൺ ഇന്ത്യ ഫൗണ്ടേഷനും സംയുക്തമായി മുട്ടാർ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ പഞ്ചായത്തിൽ നടപ്പാക്കുന്ന ആരോഗ്യഗ്രാമം പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രസ്തുത മെഗാ ക്ലീനിംങ് നടത്തുക. 2500 ഓളം ഗ്രാമ പഞ്ചായത്തിലെ ജനങ്ങളും 1500 ഓളം കുട്ടനാട് ക്ലസ്റ്ററിലെയും, എസ്.ബി. കോളേജിലെയും എൻ.എസ്.എസ്. വോളന്റിയേഴ്സും അണിചേരും.

## 6. ചെത്തിപ്പുഴ ആശുപത്രിയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ്

'ആരോഗ്യഗ്രാമം' പദ്ധതിയുടെ ഭാഗമായി ആഗസ്റ്റ് 23-ന് ചാരിറ്റി വേൾഡിന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ ആശുപത്രിയുടെ സഹായത്തോടെ മുട്ടാർ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. രാവിലെ 9.30 മുതൽ 4.30 വരെ മുട്ടാർ മേഖലയിലും, മിത്രക്കരി മേഖലയിലുമായിട്ടാണ് ക്യാമ്പ് നടത്തപ്പെട്ടത്. ചെത്തിപ്പുഴ ആശുപത്രി അധികാരികൾക്ക് പ്രത്യേകം നന്ദി.

## 7. നേത്ര പരിശോധനയും സൗജന്യ കണ്ണട വിതരണവും

ചാരിറ്റി വേൾഡിന്റെ നേതൃത്വത്തിൽ ഇടിമണ്ണിക്കൽ ഒപ്റ്റിക്കൽസിന്റെ സഹകരണത്തോടെ മുട്ടാർ ഗ്രാമപഞ്ചായത്തിൽ നേത്ര പരിശോധന ക്യാമ്പും സൗജന്യ കണ്ണടവിതരണവും നടത്തി. 13 വാർഡുകളുള്ള മുട്ടാർ ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലാണ് ക്യാമ്പ് നടന്നത്. ബാക്കി 12 വാർഡിലും പ്രസ്തുത ക്യാമ്പ് സംഘടിപ്പിക്കുന്നതാണ്.

## 8. പട്ടിണി രഹിത ചങ്ങനാശേരി താലൂക്ക്

പട്ടിണിരഹിത ചങ്ങനാശേരിയുടെ ഭാഗമായി താലൂക്കിലെ 100 കുടുംബങ്ങൾക്ക് മാസംതോറും കൊടുക്കുന്ന ഭക്ഷണകിറ്റുകളുടെ വിതരണം സെപ്റ്റംബർ 9-ാം തീയതി നടത്തപ്പെട്ടു. ഓണം പട്ടിണിയിൽ ആഘോഷിക്കുവാതിരിക്കാനാണ് കിറ്റുകൾ മുൻകൂറായി നൽകിയത്. ഇതിനായി സഹായം നൽകുന്ന തുരുത്തി ആലഞ്ചേരിൽ മറിയാമ്മ & ഫിലിപ്പോസ് ഫൗണ്ടേഷനെ നന്ദിയോടെ ഓർക്കുന്നു.

## 9. ഒക്ടോബർ 6-ന് വെളിയനാട് മെഡിക്കൽ ക്യാമ്പ്

ചാരിറ്റിവേൾഡും, കൺസേൺഇന്ത്യാ ഫൗണ്ടേഷനും വെളിയനാട് നടപ്പാക്കുന്ന 'ആരോഗ്യഗ്രാമം' പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പ് നടത്തപ്പെടുന്നു. തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ നടത്തപ്പെടുന്ന ക്യാമ്പ് ഒക്ടോബർ 6-ാം തീയതി രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 4.30 ന് സമാപിക്കും. പഞ്ചായത്തിലെ 13 വാർഡിലെയും ജനങ്ങൾക്ക് പ്രസ്തുത ക്യാമ്പ് പ്രയോജനപ്പെടുത്താവുന്നതാണ്.

*ശേഷം പേജ് 83 ൽ........*

‘‘കൂട്ടായ്മയുടെ ആത്മീയത (Spirituality of Communion) എന്നാൽ സഹോദരീ സഹോദരന്മാർ തമ്മിൽ പരസ്പരം ഹൃദയത്തിൽ ഇടം നൽകിക്കൊണ്ടും പരസ്പരം ഭാരം വഹിച്ചുകൊണ്ടും മുന്നേറുക എന്നാണ് അർത്ഥമാക്കുന്നത്. നമ്മിൽ വസിക്കുന്ന ത്രിത്വത്തെക്കുറിച്ചുള്ള ഹൃദയത്തിന്റെ ധ്യാനവും ത്രിത്വത്തിന്റെ പ്രകാശം മറ്റുള്ളവരുടെ മുഖത്ത് ദർശിക്കുവാനുള്ള ഉൾക്കാഴ്ചയും അതിൽ അടങ്ങിയിരിക്കുന്നു.’’ (വി. ജോൺ പോൾ II - Novo Millennio Ineunte, No. 43).

## കരിസ്മാറ്റിക് കൺവെൻഷൻ 2019

നവംബർ മാസം 28, 29, 30 തീയതികളിൽ കാർമൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ചങ്ങനാശേരി കരിസ്മാറ്റിക് സോണൽ കൺവെൻഷന്റെ നടത്തിപ്പിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ മൂന്നു മീറ്റിംഗുകൾ ഇതുവരെയും നടത്തപ്പെട്ടു. വിവിധ സബ്കമ്മറ്റികൾക്ക് രൂപം നൽകുകയും പ്രാർത്ഥനാ കാർഡ്, ബാനർ, നോട്ടീസ് മുതലായവ ഡിസൈൻ ചെയ്തു പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുകയും ചെയ്യുന്നു. അടുത്ത കമ്മിറ്റി മീറ്റിംഗ് പാസ്റ്ററൽ സെന്റർ ചാപ്പലിൽ വെച്ച് ഒക്ടോബർമാസം രണ്ടാംതീയതി കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്.

## സബ് സോണൽ പുനഃസംഘടന

KCBC കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശപ്രകാരം കേരളമൊട്ടാകെ നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന കരിസ്മാറ്റിക് സോണൽ / സബ് സോണൽ പുനഃസംഘടനയുടെ ഭാഗമായി ചങ്ങനാശേരി സോണിലും സബ് സോണൽ പുനഃസംഘടനാപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതിന്റെ ഭാഗമായി ചെത്തിപ്പുഴ സബ്സോണിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ നാലാം തീയതി വാഴപ്പള്ളി ഗത്സമേൻ ദൈവാലയത്തിൽവെച്ച് ഒരു അർദ്ധദിന കൺവെൻഷൻ സംഘടിപ്പിക്കുകയും അതോടനുബന്ധിച്ച് പ്രാർത്ഥനയോടെ ചങ്ങനാശേരി സോണൽ സർവ്വീസ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ പുതിയ സബ് സോണൽ സർവീസ് ടീമിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെടുകയും ചെയ്തു. അർദ്ധദിന കൺവെൻഷനിൽ ആത്മീയസന്ദേശം നൽകുവാനായി കൈനകരി ചവറ ഭവന്റെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് ഇരുമ്പുകുത്തി സി.എം.ഐ. എത്തിയത് തികച്ചും അനുഗ്രഹപ്രദമായി. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ചെത്തിപ്പുഴ സബ്സോണൽ സർവീസ് ടീം അംഗങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. റോയി വർഗീസ് (കോർഡിനേറ്റർ) – 9497451785
2. ലില്ലിക്കുട്ടി തോമസ് (സെക്രട്ടറി) – 9400567878
3. ലാലിച്ചൻ പാലാത്ര (ട്രഷറർ) – 9447195154
4. ഡൊമിനിക് മറ്റപ്പറമ്പിൽ – 9447227289
5. സണ്ണിച്ചൻ ഇടിമണ്ണിക്കൽ – 9447704875
6. തോമസ് എ.എം. – 9446196339
7. എ.കെ. ജോസഫ് – 9400195825

8. മോനമ്മ ചേന്നാട്ടുശ്ശേരി - 8281973997
9. വത്സമ്മ സെബാസ്റ്റ്യൻ പരുവാമൂട്ടിൽ - 9446713514

മറ്റു സ്ഥലങ്ങളിൽ സബ് സോണൽ അർദ്ധദിന കൺവെൻഷനുകൾ നടത്തപ്പെടുന്ന തീയതികൾ :

**കുറുമ്പനാടം സബ് സോൺ -** സെപ്റ്റംബർ 28th ശനിയാഴ്ച രാവിലെ 10 മുതൽ 3 വരെ മാമ്മൂട് ലൂർദ്ദ് മാതാ ദൈവാലയത്തിൽ

**മണിമല സബ് സോൺ -** ഒക്ടോബർ 5th ശനിയാഴ്ച 2 മണി മുതൽ 6 മണി വരെ വള്ളംചിറ സെന്റ് മേരീസ് ദൈവാലയത്തിൽ

**പുളിങ്കുന്ന് സബ് സോൺ -** ഒക്ടോബർ 18th ശനിയാഴ്ച 9 മണി മുതൽ 1 മണി വരെ പള്ളിക്കൂട്ടുമ്മ ഫാത്തിമാ മാതാ ദൈവാലയത്തിൽ

**എടത്വാ സബ് സോൺ -** ഒക്ടോബർ 25th ശനിയാഴ്ച 9 മണി മുതൽ 1 മണി വരെ എടത്വാ / പച്ച ലൂർദ്ദ് മാതാ ദൈവാലയത്തിൽ

## രണ്ടാം ശനിയാഴ്ച്ച കൂട്ടായ്മ

പതിവുപോലെ സെപ്റ്റംബർ പതിനാലാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ അഞ്ചുമണി വരെ സോണിലെ എല്ലാ സബ് സോണുകളേയും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ കത്തീഡ്രൽ കബറിടദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും പ്രാർത്ഥിക്കുകയും ചെയ്തു. 'ജീവന്റെ മൂല്യവും സഭയുടെ / സഭാംഗങ്ങളുടെ കടമകളും' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. റോബർട്ട് ചവറനാനിക്കൽ വി സി അച്ചൻ ക്ലാസ് നയിച്ചു. അഞ്ചുമണിയോടെ ബഹു. വൈദികന്റെ ആശീർവ്വാദത്തോടും പ്രാർത്ഥനയോടും കൂടെ കൂട്ടായ്മ പര്യവസാനിച്ചു.

## Revive 2019

CHARIS International-ന്റെയും നാഷണൽ കരിസ്മാറ്റിക് സർവീസ് ടീമിന്റെയും (NCCRS) നേതൃത്വത്തിൽ ഒക്ടോബർ മാസം 4 മുതൽ 8 വരെ കോട്ടയം / കളത്തിപ്പടി ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ വെച്ച് "Revive - 2019" എന്ന പേരിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രവാചകമദ്ധ്യസ്ഥപ്രാർത്ഥനാധ്യാനം നടത്തപ്പെടുന്നു. മാറി വരുന്ന കാലഘട്ടത്തിൽ ആഗോളസഭയിലുടനീളം മധ്യസ്ഥപ്രാർത്ഥനയുടെ അനിവാര്യതയും പ്രസക്തിയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ധ്യാനശുശ്രൂഷ അനേകരെ ഹൃദയപരമാർത്ഥതയോടെ കർത്തൃസന്നിധിയിൽ മുട്ടുകുത്തുവാനും പഴയനിയമത്തിലെ നെഹമിയയെപ്പോലെ സഭയ്ക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിക്കുവാനും പ്രചോദിപ്പിക്കുന്നു.

## സോണൽ സർവീസ് ടീം മീറ്റിംഗ്

സെപ്റ്റംബർ മാസത്തിലെ സോണൽ സർവീസ് ടീം മീറ്റിംഗ് തോട്ടയ്ക്കാട്ടുള്ള സെക്രട്ടറി മഞ്ചു മാത്തൂരിന്റെ ഭവനത്തിൽവെച്ച് പതിനേഴാം തീയതി രാവിലെ പത്തുമണി മുതൽ 3 മണിവരെ സോണൽ ആനിമേറ്ററച്ചന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. ഈ യോഗത്തിൽവെച്ച് 2019 നവംബർമാസം 28-30 തീയതികളിൽ നടക്കാനിരിക്കുന്ന ചങ്ങനാശേരി കരിസ്മാറ്റിക് പ്രാർത്ഥനാ കൂ

ട്ടായ്മകളെല്ലാം ഇടവകയിൽ ഇഴുകിചേർന്ന് പ്രവർത്തിക്കുന്ന ശൈലി സ്വീകരിക്കുവാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കണമെന്ന് ബഹു. താന്നിയത്ത് അച്ചൻ ആഹ്വാനംചെയ്തു. സബ് സോണൽ പുനഃസംഘടനകളുടെ ത്വരിതപ്പെടുത്തൽ ആവശ്യമാണെന്നും എത്രയുംവേഗം തീയതി നിശ്ചയിക്കാത്ത സബ് സോണുകളിൽ അർദ്ധദിന കൺവെൻഷനുകളുടെ തീയതി നിശ്ചയിക്കണമെന്നും ബഹു. അച്ചൻ ഓർമ്മപ്പെടുത്തി.

മൂന്നുമണിക്ക് പ്രാർത്ഥനയോടെ മീറ്റിംഗ് പര്യവസാനിച്ചു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
ഫോൺ: 9446903631

**ടോമിച്ചൻ പുല്ലങ്കാവുങ്കൽ**
(കോ-ഓർഡിനേറ്റർ)
ഫോൺ: 9061954230

*ചാരിറ്റി വേൾഡ് ട്രസ്റ്റ് 80-ാം പേജ് തുടർച്ച....*

## 10. ബോധവത്ക്കരണ ക്ലാസ്സുകൾ

സെപ്റ്റംബർ 16-ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കു വേണ്ടി ബോധവത്ക്കരണ ക്ലാസ്സ് ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിൽ നടത്തപ്പെട്ടു. ശ്രീമതി കെ.റ്റി. ത്രേസ്യാക്കുട്ടിയാണ് ക്ലാസ്സ് നയിച്ചത്. ആശാഭവനിലേയും ജെ.പി.സിയിലെയും കുട്ടികളുടെ മാതാപിതാക്കൾ പ്രസ്തുത ബോധവത്ക്കരണ ക്ലാസ്സിൽ പങ്കെടുത്തു.

സെപ്റ്റംബർ 17-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3 മണി വരെ മൃഗസംരക്ഷണത്തെക്കുറിച്ച് ഡോ. ജേക്കബ് തോമസ് സാറും 18-ാം തീയതി 2 മണി മുതൽ 3 മണി വരെ പേപ്പർ ബാഗ് നിർമ്മാണത്തെപ്പറ്റിയും ജെ.പി.സിയിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

## 11. മൊബൈൽ ലാബ് ഗ്രാമപഞ്ചായത്തിലൂടെ

സൗജന്യ രോഗ നിർണ്ണയത്തിനായുള്ള ചാരിറ്റി വേൾഡിന്റെ മൊബൈൽ ലാബ് മുട്ടാർ, രാമങ്കരി, വെളിയനാട് പഞ്ചായത്തിലെ ഗ്രാമങ്ങളിലൂടെ സഞ്ചരിക്കുന്നു. ഇതിനോടകം മൂന്നു പഞ്ചായത്തുകളിലായി 19 സൗജന്യ രോഗ നിർണ്ണയ ക്യാമ്പുകളാണ് നടത്തപ്പെട്ടത്. 2500 ഓളം ആളുകൾക്ക് ഇതിനോടകം മൊബൈൽ ലാബിന്റെ സേവനം ഉപകാരപ്രദമായി.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ
9447564836

ആർച്ച്ബിഷപ്പ് മാർ മാത്യു കാവുകാട്ട് സ്കോളർഷിപ്പ് പദ്ധതി പ്രകാരം, തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്ദ് മാതാ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കീഴിലുള്ള ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് & ടെക്നോളജിയിലേക്കും ലൂർദ്ദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിലേക്കും സംഭാവന നൽകിയ ഇടവകകളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(21/09/2019 വരെ)

| SL. NO | RECEIPT NO | NAME | AMOUNT |
|---|---|---|---|
| 1 | 1601 | ST. ANTONY'S FORANE CHURCH, KURUMPANADAM | 500000.00 |
| 2 | 1602 | MAR SLEEVA FORANE CHURCH, ALAPPUZHA | 200000.00 |
| 3 | 1603 | ST. MARY'S FORANE CHURH, KUDAMALOOR | 160000.00 |
| 4 | 1605 | REV. FR. JOSEPH KALAYIL | 50000.00 |
| 5 | 1606 | REV. FR. MATHEW VETTITHANAM | 1000.00 |
| 6 | 1539 | ST. GREGORIOS CHURCH, MANNARKUNNU | 80000.00 |
| 7 | 1538 | ST. SEBASTIANS CHURCH,CHANJODY | 40000.00 |
| 8 | 1537 | REV. FR. THOMAS THAIKKATTUSSERY | 10000.00 |
| 9 | 1905 | REV. FR. XAVIER PUTHENKALAM | 100000.00 |
| 10 | 1902 | SACRED HEART CHURCH, CHETHIPUZHA | 80000.00 |
| 11 | 1607 | HOLY FAMILY CHURCH, PULLANGADY | 25000.00 |
| 12 | 1608 | REV. FR . TOMY PADINJAREVEETIL | 100000.00 |
| 13 | 1609 | REV. FR. SONY MUNDUNADACKAL(AWARD FROM GOVERNOR AS A PROMINENT PERSONALITY IN THE FIELD OF CHARITABLE ACTIVITIES ) | 50000.00 |
| 14 | 1610 | MR. MANOJ JACOB OZHAKAL , ERNAKULAM | 100000.00 |
| 15 | 1903 | MARTH MARIAM CHURCH, CHEPPUMPARA | 40000.00 |
| 16 | 1904 | ST. THOMAS CHURCH, NALUKODI | 100000.00 |
| 17 | 1550 | ST. MARY'S CHURCH, PAREL | 40000.00 |
| 18 | 1551 | ST. GEORGE FORANE CHURCH, EDATHUA | 600000.00 |
| 19 | 1906 | ST. GEORGE CHURCH, AIKKARACHIRA | 40000.00 |
| 20 | 1907 | MR. THOMAS MATHEW (BINOY) (C/O NALUKODY) | 25000.00 |
| 21 | 1908 | MR. KURIAN KUZHIMANNIL (C/O NALUKODY) | 25000.00 |
| 22 | 1909 | ST. GEORGE FORANE CHURCH, AMBOORI | 80000.00 |
| 23 | 1910 | REV.FR. SAM KOCHUKIZHAKKEKADAVIL | 100000.00 |
| 24 | 1552 | CHRIST THE KING FORANE CHURCH , AYOOR | 40000.00 |
| 25 | 1911 | ST. XAVIERS' CHURCH, MITHRAKARI | 40000.00 |
| 26 | 1912 | NAVA NAZARETH CHURCH, KUMARAKOM | 40000.00 |
| 27 | 1913 | ST. ATHANASIUS, MALLAPPALLY | 40000.00 |
| 28 | 1914 | LOURDES MATHA CHURCH, PACHA - CHEKKIDIKADU | 40000.00 |
| | | **TOTAL** | **2746000.00** |

പദ്ധതി തുടരുന്നു..............





മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

146

# പുരോഹിതൻ: മിശിഹായുടെ ശുശ്രൂഷകൻ

(തിരുവചനഭാഗം: ശ്ലീഹ 21,1-40)

എഫേസോസിലെ സഭാനേതാക്കന്മാരോടു വിട പറഞ്ഞതിനുശേഷം പൗലോസ്ശ്ലീഹാ തന്റെ പ്രേഷിതപ്രവർത്തനങ്ങൾ അവസാനിപ്പിച്ച് തന്റെ ജീവിതാന്ത്യഘട്ടത്തിലേക്കു നീങ്ങുകയാണ്. ഇനിയുള്ള ഭാഗത്ത് ജറുസലേമിലേക്കും അതേത്തുടർന്ന് റോമായിലേക്കുമുള്ള ശ്ലീഹായുടെ യാത്രയും, അവിടെ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ട് അദ്ദേഹം തന്റെ ജീവിതാവസാനത്തിലെത്തിച്ചേരുകയും ചെയ്യുന്നതിന്റെ വിവരണമാണുള്ളത്. മിശിഹായുടെ ശുശ്രൂഷകൻ എന്ന നിലയിൽ പുരോഹിതന്റെ ആദ്ധ്യാത്മികത മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകമാണ്. 21-ാം അദ്ധ്യായം ഇപ്രകാരം വിഭജിക്കാം:

1. ടയറിൽ ശിഷ്യരോടൊപ്പം (21,1-6)
2. സിറിയായിൽ പീലിപ്പോസിന്റെ വീട്ടിൽ (21,7-16)
3. ജറുസലേമിലും ദൈവാലയത്തിലും (21,17-26)
4. പൗലോസ് ബന്ധിതനായി പാളയത്തിലേക്കു കൊണ്ടുപോകപ്പെടുന്നു (21,27-36)
5. പൗലോസ് സഹസ്രാധിപന്റെ മുമ്പിൽ (21,37-40)

## 1. പുരോഹിതൻ: സഭാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കേണ്ടവൻ

*''ശിഷ്യന്മാരെ കണ്ടുപിടിച്ച് ഞങ്ങൾ ഏഴു ദിവസം അവിടെ താമസിച്ചു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി അവർ പൗലോസിനോടു ജറുസലേമിലേക്കു പോകരുതെന്നു പറഞ്ഞു. അവിടുത്തെ താമസം കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. സ്ത്രീകളും കുട്ടികളുമുൾപ്പെടെ അവരെല്ലാവരും നഗരത്തിനു വെളിയിൽവരെ ഞങ്ങളെ അനുയാത്ര ചെയ്തു. സമുദ്രതീരത്തു മുട്ടുകുത്തി ഞങ്ങൾ പ്രാർത്ഥിക്കുകയും വിടവാങ്ങുകയും ചെയ്തു''* (21,4-5).

സോറിലെ അഥവാ ടയറിലെ വിശ്വാസികളുടെ സമൂഹവുമായി പൗലോസിനു നേരത്തെ പരിചയമുള്ളതായി തോന്നുന്നില്ല. പൗലോസിന്റെ പ്രേഷിതപ്രവർത്തനത്തിലൂടെ രൂപംകൊണ്ട സമൂഹമായിരുന്നില്ല ടയറിലെ ക്രൈസ്തവസമൂഹം. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തെത്തുടർന്ന് ജറുസലേമിൽനിന്നും പലായനം ചെയ്ത ഗ്രീക്കുകാരായ ക്രിസ്ത്യാനികളായിരിക്കാം അവിടെ സുവിശേഷ

പ്രഘോഷണം നടത്തി ക്രിസ്തീയസമൂഹത്തിനു രൂപംകൊടുത്തത്. പൗലോസ് ജറുസലേം കൗൺസിലിനുമുമ്പ് ബർണബാസുമൊത്ത് അവരെ സന്ദർശിച്ചതായി ഒരു സൂചനയുണ്ട് (ശ്ലീഹ 15,3). ഏതായാലും ശ്ലീഹാ അവിടെയുള്ള സഭാസമൂഹത്തെ തേടിപ്പിടിച്ച് അവരോടൊന്നിച്ച് ജീവിക്കുന്നതായിട്ടാണ് ഇവിടെ എടുത്തുപറയുന്നത് (21,4). സഭാകൂട്ടായ്മയിൽ ജീവിക്കുവാനുള്ള പൗലോസിന്റെ താല്പര്യം ഇവിടെ വ്യക്തമാണ്. ക്രിസ്തീയജീവിതം അവശ്യം സഭാകൂട്ടായ്മാജീവിതമാണെന്ന് ഇതു വ്യക്തമാക്കുന്നു.

പരിശുദ്ധാത്മാവാൽ പ്രേരിതരായി അവർ പൗലോസിനോട് ജറുസലേമിലേക്കു പോകരുതെന്നു പറഞ്ഞു (21,4). അവരുടെയിടയിലുണ്ടായിരുന്ന കുടുംബാരൂപിയുടെയും ക്രിസ്തീയസാഹോദര്യത്തിന്റെയും ഒരു വ്യക്തമായ അടയാളമായി ഇതിനെ കാണാവുന്നതാണ്. ജറുസലേമിൽ പൗലോസിനു സംഭവിക്കാൻപോകുന്ന വിപത്തിനെ മുൻകൂട്ടി മനസ്സിലാക്കി അക്കാര്യം അദ്ദേഹത്തെ അറിയിക്കുവാനും, അപ്രകാരമുള്ള അപകടസാഹചര്യങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കി അദ്ദേഹത്തെ അതിൽനിന്നും രക്ഷിക്കുവാനുമുള്ള സഭാസമൂഹത്തിന്റെ താല്പര്യമാണ് ഇവിടെ പ്രകടമാകുന്നത്. മാത്രമല്ല, അതു പരിഗണിക്കാതെ പൗലോസ് ജറുസലേമിലേക്കു യാത്രയാകുമ്പോൾ സ്ത്രീകളും കുട്ടികളുമുൾപ്പെടെ എല്ലാവരും പൗലോസിനെ അനുയാത്ര ചെയ്യുന്നതും മുട്ടുകുത്തി പ്രാർത്ഥിച്ച് വിടവാങ്ങുന്നതും ആ സഭാസമൂഹത്തിന്റെ കുടുംബാരൂപിയുടെ അടയാളങ്ങളാണ്. സഭയെ പലപ്പോഴും ഒരു സ്ഥാപനമായും മതമായുമൊക്കെയാണ് നാം കാണുന്നത്. അത് സഭയുടെ സ്വഭാവത്തിനു ചേർന്നതല്ല. ഇപ്രകാരം സഭാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കേണ്ടവനാണ് പുരോഹിതൻ.

## 2. പുരോഹിതൻ: ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെടേണ്ടവൻ

*''കുറെദിവസം കഴിഞ്ഞപ്പോൾ അഗാബോസ് എന്നു പേരുള്ള ഒരു പ്രവാചകൻ യൂദയായിൽനിന്ന് അവിടെയെത്തി. അവൻ ഞങ്ങളുടെ അടുത്തുവന്ന് പൗലോസിന്റെ അരപ്പട്ട എടുത്ത് അതുകൊണ്ടു സ്വന്തം കൈകാലുകൾ ബന്ധിച്ചിട്ട് ഇപ്രകാരം പ്രസ്താവിച്ചു. പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു, ജറുസലേമിൽവച്ച് യഹൂദന്മാർ ഈ അരപ്പട്ടയുടെ ഉടമസ്ഥനെ ഇതുപോലെ ബന്ധിക്കുകയും വിജാതീയർക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യും. ഇതു കേട്ടപ്പോൾ ഞങ്ങളും അവിടെയുണ്ടായിരുന്ന ജനങ്ങളും പൗലോസിനോടു ജറുസലേമിലേക്കു പോകരുതെന്ന് അഭ്യർത്ഥിച്ചു. അപ്പോൾ അവൻ പറഞ്ഞു: നിങ്ങളെന്താണ് ഈ ചെയ്യുന്നത്? നിലവിളിച്ചുകൊണ്ട് എന്റെ ഹൃദയത്തെ ദുർബലമാക്കുകയാണോ? ജറുസലേമിൽവച്ച് കർത്താവായ ഈശോയുടെ നാമത്തെപ്രതി ബന്ധനം മാത്രമല്ല മരണംപോലും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്''* (21,10-13).

പിറ്റേദിവസം യാത്ര പുറപ്പെട്ട് പൗലോസ് കേസറിയായിലെത്തി. പൗലോസിന്റെ ജീവിതത്തിൽ കേസറിയായ്ക്ക് ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നു. പൗലോസും സഹകാരികളും അവിടെയെത്തി പീലിപ്പോസിന്റെകൂടെ താമസമുറപ്പിച്ചു. പീലിപ്പോസ് ഏഴു ഡീക്കന്മാരിലൊരാളാണ് (6,5). സമറിയായിൽ സുവിശേഷം പ്രസംഗിച്ചയാളും മന്ത്രവാദി ശിമയോനെ മാനസാന്തരപ്പെടുത്തിയവനുമാണ് (8,4-13). എത്യോപ്യാക്കാരൻ ഷണ്ഡനു മാമ്മോദീസാ നല്കിയതും ഈ പീലിപ്പോസാണ് (8,26 മുതൽ). പീലിപ്പോസിന് കന്യകമാരും പ്രവചനവരം ലഭിച്ചവരുമായ നാലു

പുത്രിമാർ ഉണ്ടായിരുന്നു (21,9). പൗലോസ് അവിടെ താമസിക്കുമ്പോൾ യൂദയായിൽനിന്നും അഗാബോസ് എന്ന പ്രവാചകൻ അവിടെ വരികയും പൗലോസിന് ജറുസലേമിലുണ്ടാകുവാനിടയുള്ള വൈഷമ്യങ്ങൾ, പഴയനിയമത്തിലെ പ്രവാചകന്മാരെ അനുകരിച്ച് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അഗാബോസ് പൗലോസിനെപ്പറ്റി പറയുന്നത് യഹൂദന്മാർ അവനെ പിടിച്ചുകെട്ടി വിജാതീയരെ ഏല്പിക്കും എന്നാണ്. ഈശോ തന്റെ കുരിശുമരണത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള പ്രവചനത്തോട് ഇതിനു സാദൃശ്യമുണ്ട് (മർക്കോ 10,33).

ആദിമസഭയിൽ പ്രവാചകർക്ക് ശ്ലീഹന്മാരോടൊപ്പം സ്ഥാനമുണ്ടായിരുന്നു. ''ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ'' (എഫേ 2,20) എന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ടല്ലോ. ഇന്നും ദൈവശാസ്ത്രജ്ഞന്മാർ, ആത്മീയഗുരുക്കന്മാർ തുടങ്ങിയവരിലൂടെ ഈ പ്രവാചകസാന്നിദ്ധ്യം സഭയിലുണ്ട്. പൗലോസ് ജറുസലേമിൽ പോകുന്നതിനെ അഗാബോസ് വിലക്കുന്നില്ലെങ്കിലും, ശ്ലീഹായുടെ സഹകാരികൾ അതു ചെയ്യുന്നുണ്ട്. അവർക്കു പൗലോസ് നല്കുന്ന മറുപടി ശ്രദ്ധേയമാണ്: ''കർത്താവായ ഈശോയുടെ നാമത്തെപ്രതി ബന്ധനം മാത്രമല്ല മരണംപോലും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്'' (21,13). എല്ലാ ക്രൈസ്തവരും പ്രത്യേകിച്ച് പുരോഹിതരും അവലംബിക്കേണ്ട ത്യാഗാത്മകമായ അനുസരണത്തിന്റെ മാർഗ്ഗമാണ് ഇതു വ്യക്തമാക്കുന്നത്. ശ്ലൈഹികശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കുന്ന അധികാരികളോട് അനുസരണം വാഗ്ദാനം ചെയ്തുകൊണ്ടാണല്ലോ പുരോഹിതാഭിഷേക കർമ്മം ആരംഭിക്കുന്നത്.

## 3. പുരോഹിതൻ: എല്ലാം സഭാസമൂഹവുമായി പങ്കിട്ടനുഭവിക്കുന്നവൻ

*''അവരെ അഭിവാദനം ചെയ്തതിനുശേഷം പൗലോസ് തന്റെ ശുശ്രൂഷവഴി വിജാതീയരുടെയിടയിൽ ദൈവം ചെയ്ത കാര്യങ്ങൾ ഓരോന്നായി വിശദീകരിച്ചു. അവർ അതുകേട്ട് ദൈവത്തെ സ്തുതിച്ചു. അവർ അവനോടു പറഞ്ഞു: സഹോദരാ, വിശ്വാസം സ്വീകരിച്ചവരിൽ എത്രയായിരം യഹൂദരുണ്ടെന്നു നോക്കൂ. അവരെല്ലാം നിയമം പാലിക്കുന്നതിൽ വലിയ നിഷ്ഠയുള്ളവരുമാണ്. ... അതിനാൽ, ഞങ്ങൾ പറയുന്നതുപോലെ നീ പ്രവർത്തിക്കുക. വ്രതമെടുത്ത നാലുപേർ ഞങ്ങളുടെ കൂടെയുണ്ട്. അവരോടൊപ്പം പോയി നീയും നിന്നെത്തന്നെ ശുദ്ധീകരിക്കുക. അവരുടെ ശിരോമുണ്ഡനത്തിനുള്ള ചെലവും നീ വഹിക്കുക. അങ്ങനെ, നീ തന്നെ നിയമമനുസരിച്ചു ജീവിക്കുന്നുവെന്നും നിന്നെക്കുറിച്ച് അവർ കേട്ടിരിക്കുന്ന വാർത്തയിൽ കഴമ്പില്ലെന്നും സകലരും അറിഞ്ഞുകൊള്ളും''* (21,19-20.23-24).

പൗലോസും സഹകാരികളും ജറുസലേമിലെത്തിയപ്പോൾ സഭയുടെ 'തൂണുകളായി' കരുതപ്പെട്ടിരുന്ന യാക്കോബ്, പത്രോസ്, യോഹന്നാൻ (ഗലാ 2,9) എന്നിവരിൽ യാക്കോബ് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. യാക്കോബും ജറുസലേം സഭയിലെ ശ്രേഷ്ഠന്മാരും പൗലോസിനും കൂട്ടർക്കും ഹാർദ്ദമായ സ്വീകരണം നല്കി. പൗലോസ് തന്റെ ശുശ്രൂഷവഴി വിജാതീയരുടെയിടയിൽ ദൈവം ചെയ്ത കാര്യങ്ങൾ ഓരോന്നായി വിശദീകരിച്ചു. അവർ അതുകേട്ട് ദൈവത്തെ സ്തുതിച്ചു (21,19-20). പൗലോസാണ് ശുശ്രൂഷ ചെയ്തതെങ്കിലും ദൈവമാണ് അതു ചെയ്തതെന്ന് പ്രത്യേകം എടുത്തുപറയുന്നു. സഭയിൽ

ശുശ്രൂഷകരുടെ സ്ഥാനത്തെപ്പറ്റി ഇവിടെ പറയുന്നത് വളരെ പ്രസക്തമാണ്. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ സഭാശുശ്രൂഷകരുടെ സ്ഥാനത്തെപ്പറ്റി പറയുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ശുശ്രൂഷകർ ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്. ''ഞാൻ നട്ടു; അപ്പോളോസ് നനച്ചു' എന്നാൽ ദൈവമാണ് വളർത്തിയത്. അതുകൊണ്ട് നടുന്നവനോ നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണു പ്രാധാന്യം'' (1 കൊറി 3,6-7). അതുകൊണ്ടു സഭാശുശ്രൂഷകരായ പുരോഹിതർ തങ്ങളുടെ ശുശ്രൂഷ ദൈവത്തിന്റെ ജോലിയായി കരുതുകയും ദൈവത്തിന്റെ സാന്നിദ്ധ്യത്തോടും പ്രവർത്തനത്തോടും ആഭിമുഖ്യം പുലർത്തുകയും വേണം.

അതുപോലെതന്നെ സഭാശുശ്രൂഷകർ തങ്ങളിലൂടെ ദൈവം ചെയ്യുന്ന പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് അവ പരസ്പരം പങ്കുവയ്ക്കണം. ഈ പങ്കുവയ്ക്കൽ സഭാശുശ്രൂഷകരുടെയിടയിൽമാത്രം ഒതുങ്ങരുത്. സഭാസമൂഹം മുഴുവൻ എല്ലാം പരസ്പരം പങ്കുവയ്ക്കുന്ന സമൂഹമാകണം. പൗലോസും സഹപ്രവർത്തകരും ജറുസലേം സഭയ്ക്കുവേണ്ടി സമാഹരിച്ച തുക ജറുസലേം സഭാനേതൃത്വത്തെ ഏല്പിച്ച കാര്യം എടുത്തുപറയുന്നില്ലെങ്കിലും അതു ചെയ്തുകാണണം. എല്ലാ അനുഭവങ്ങളും പങ്കിട്ടനുഭവിക്കുന്ന ഒരു കൂട്ടായ്മയാകുമ്പോഴാണ് സഭ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കപ്പെടുന്നത്. വ്യത്യസ്തമായ നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്തും സഭാകുടുംബക്കൂട്ടായ്മ നിലനിർത്തണമെന്നും ഇവിടെ സൂചനയുണ്ട്. യഹൂദ യാഥാസ്ഥികരുടെ അമർഷത്തിൽനിന്നും പൗലോസിനെ രക്ഷിക്കാൻ യഹൂദാചാരവിധിക്കനുസൃതമായി നാസീർവ്രതക്കാരോടൊപ്പം ദൈവാലയത്തിൽ പോകണമെന്ന നിർദ്ദേശം പൗലോസ് അംഗീകരിക്കുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്തു (21,26). ബോദ്ധ്യങ്ങൾ നിലനിർത്തുന്നതോടൊപ്പം സമാധാനവും കുടുംബാരൂപിയും സഭയിൽ നിലനിർത്തുവാൻ സാദ്ധ്യമായ വിട്ടുവീഴ്ചകൾ ചെയ്യണമെന്നും ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു.

## 4. പുരോഹിതൻ: വിശ്വാസത്തെപ്രതി പീഡ സഹിക്കേണ്ടവൻ

*''ഏഴു ദിവസം തികയാറായപ്പോൾ ഏഷ്യയിൽനിന്നുള്ള യഹൂദർ അവനെ ദൈവാലയത്തിൽ കണ്ടു. അവർ ജനക്കൂട്ടത്തെ ഇളക്കുകയും അവനെ പിടികൂടുകയും ചെയ്തു. അവർ വിളിച്ചുപറഞ്ഞു: ഇസ്രായേൽ ജനമേ, സഹായിക്കുവിൻ. ജനത്തിനും നിയമത്തിനും ഈ സ്ഥലത്തിനുമെതിരായി എല്ലായിടത്തും ആളുകളെ പഠിപ്പിക്കുന്നവൻ ഇവൻ തന്നെ. മാത്രമല്ല, ഇവൻ ഗ്രീക്കുകാരെ ദൈവാലയത്തിൽ കൊണ്ടുവന്ന് ഈ പരിശുദ്ധ സ്ഥലം അശുദ്ധമാക്കുകയും ചെയ്തിരിക്കുന്നു. എന്തെന്നാൽ, നഗരത്തിൽവച്ചു നേരത്തെ അവനോടൊപ്പം ഏഫേസോസുകാരനായ ത്രോഫിമോസിനെയും അവർ കണ്ടിരുന്നു. പൗലോസ് അവനെയും ദൈവാലയത്തിൽ കൊണ്ടുവന്നിരിക്കും എന്ന് അവർ വിചാരിച്ചു''* (21,27-29).

ഒരാഴ്ച നീണ്ടുനില്ക്കുന്നതായിരുന്നു യാക്കോബിന്റെ നിർദ്ദേശാനുസരണം പൗലോസ് ഏറ്റെടുത്ത ശുദ്ധീകരണകർമ്മം. ഇതേപ്പറ്റി സംഖ്യാപുസ്തകം 6-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട് (സംഖ്യ 6,1-21). യഹൂദരെ പ്രീതിപ്പെടുത്തുവാനായി യാക്കോബ് നിർദ്ദേശിച്ച മാർഗ്ഗം വിപരീതഫലമാണ് ഉളവാക്കിയത്. ഏഴാം ദിവസം ബലിയർപ്പണത്തിനുള്ള ഒരുക്കവുമായി ദൈവാലയത്തിൽ ചെന്ന പൗലോ

സിനെ യഹൂദർ തിരിച്ചറിഞ്ഞു. അതിനു കാരണമായത് എഫേസോസിൽനിന്നും വന്നിരുന്ന യഹൂദരാണ്. അതു പന്തക്കുസ്താ പെരുന്നാളിന്റെ കാലമായിരുന്നതിനാൽ, പെരുന്നാളിൽ സംബന്ധിക്കുവാൻ വിവിധ ദേശങ്ങളിൽ ചിതറിപ്പാർത്തിരുന്ന യഹൂദന്മാരിൽ ഒരു നല്ല പങ്കും ജറുസലേമിൽ സമ്മേളിച്ചിരുന്നു. അങ്ങനെ, പൗലോസ് മൂന്നു വർഷക്കാലം താമസിച്ചു സുവിശേഷപ്രഘോഷണം നിർവഹിച്ച എഫേസോസിൽനിന്നും ആളുകൾ അവിടെ എത്തിയിരുന്നു. അവർക്കു പൗലോസിനെ തിരിച്ചറിയാൻ പ്രയാസമുണ്ടായില്ല. എഫേസോസിൽവച്ച് പൗലോസിനെതിരായി അവർക്കുളവാക്കാൻ സാധിക്കാത്ത പ്രക്ഷോഭണം ജറുസലേമിൽ വച്ചുയർത്തുവാൻ അവർ മുതിർന്നു.

ത്രോഫിമോസിന്റെ ആവിർഭാവം ബഹളത്തിന്റെ ആക്കം വർദ്ധിപ്പിച്ചു. ജറുസലേം ദൈവാലയത്തിൽ യഹൂദവിശ്വാസികൾ കൂടുന്ന സ്ഥലത്ത് യഹൂദരല്ലാത്തവർക്കു പ്രവേശനമില്ലായിരുന്നു. ആരെങ്കിലും പ്രവേശിച്ചാൽ അയാളെ കൊല്ലുവാൻ യഹൂദർ നല്കിയിരുന്ന വിധി റോമൻ ഭരണാധികാരികൾ തന്നെ മാനിച്ചിരുന്നു. വിജാതീയർക്കു പ്രവേശനാനുമതിയുള്ള സ്ഥലത്തുമാത്രമേ അവർക്കു കടക്കാമായിരുന്നുള്ളു. ഈ വ്യവസ്ഥ അതിലംഘിച്ച് പൗലോസ് ത്രോഫിമോസിനെ യഹൂദവിശ്വാസികളുടെ സ്ഥലത്തു പ്രവേശിപ്പിച്ചു എന്നതാണ് ആരോപണം. സുവിശേഷങ്ങളിൽ ഈശോയ്ക്കെതിരായും (മർക്കോ 14,58) നടപടിഗ്രന്ഥത്തിൽ സ്തേഫാനോസിനെതിരായും (ശ്ലീഹ 6,11-14) നടത്തിയ ആരോപണങ്ങൾക്ക് സദൃശ്യമായ ആരോപണങ്ങളാണ് ഇവിടെ പൗലോസിനെതിരായും അവർ നടത്തിയത്. ക്രിസ്തീയവിശ്വാസം അവശ്യം പീഡ സഹിക്കേണ്ടിവരുന്ന ഒന്നാണെന്നും, സഭാസമൂഹം അത് എവിടെയും പ്രതീക്ഷിക്കണമെന്നും ഇതു സൂചിപ്പിക്കുന്നു. ഈ യാഥാർത്ഥ്യം പുരോഹിതൻ മനസ്സിലാക്കിയിരിക്കണം; അതിനെ നേരിടുവാൻ സഭാസമൂഹത്തെ സജ്ജമാക്കുകയും വേണം.

## 5. പുരോഹിതൻ: സഹനത്തെ ശാന്തതയോടെ നേരിടേണ്ടവൻ

''പാളയത്തിലെത്താറായപ്പോൾ പൗലോസ് സഹസ്രാധിപനോടു പറഞ്ഞു: ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. അവൻ ചോദിച്ചു: നിനക്ക് ഗ്രീക്കുഭാഷ അറിയാം, അല്ലേ? അപ്പോൾ, അടുത്ത കാലത്ത് കലാപമുണ്ടാക്കുകയും നാലായിരം ഭീകരപ്രവർത്തകരെ മരുഭൂമിയിലേക്കു നയിക്കുകയും ചെയ്ത ഈജിപ്തുകാരനല്ലേ നീ? പൗലോസ് പറഞ്ഞു: കിലിക്യായിലെ താർസോസിൽനിന്നുള്ള ഒരു യഹൂദനാണു ഞാൻ - അപ്രധാനമല്ലാത്ത ഒരു നഗരത്തിലെ പൗരൻ. ജനത്തോടു സംസാരിക്കാൻ എന്നെ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അനുവാദം കിട്ടിയപ്പോൾ പൗലോസ് നടയിൽ നിന്നുകൊണ്ട് ജനത്തോട് ആംഗ്യം കാണിച്ചു.അവർ പൂർണ്ണ നിശബ്ദരായി; ഹെബ്രായഭാഷയിൽ അവൻ പ്രസംഗം ആരംഭിച്ചു'' (21,37-40).

റോമൻ സഹസ്രാധിപൻ ഇടപെട്ടില്ലായിരുന്നെങ്കിൽ പൗലോസിനെ യഹൂദർ കൊല്ലുമായിരുന്നു. ജറുസലേം ദൈവാലയം എപ്പോഴും കലാപസാധ്യതയുള്ള സ്ഥലമായിരുന്നതിനാൽ റോമൻ സർക്കാർ ഒരു സഹസ്രാധിപന്റെ നേതൃത്വത്തിലുള്ള ഒരു പട്ടാളവിഭാഗത്തെ ദൈവാലയത്തിന്റെ ഒരു വശത്തായി പാർപ്പിച്ചിരുന്നു. അതിലൊരു വിഭാഗം അതിവേഗം സ്ഥലത്തെത്തി പൗലോസിനെ ബന്ധിച്ച് പാളയത്തിലേക്കു കൊണ്ടുപോയി. കലാപകാരണം എന്താണെന്നു മനസ്സിലാക്കാൻ

സഹസ്രാധിപനു കഴിഞ്ഞില്ല. അപ്പോൾ അയാളുടെ ഓർമ്മയിൽ വന്നതാണ് ഈജിപ്തുകാരന്റെ കഥ. ഏകദേശം മൂന്നു കൊല്ലങ്ങൾക്കുമുമ്പ് ഒരു പ്രവാചകനായി ഭാവിച്ച് അയാൾ ജറുസലേമിൽവന്നു. ഒരു വലിയകൂട്ടം ആളുകളെ സംഘടിപ്പിച്ച് പട്ടണത്തിനു സമീപമുള്ള മലയിൽ നിർത്തി അവരോട്, താൻ ആജ്ഞാപിക്കുമ്പോൾ നഗരത്തിനു ചുറ്റുമുള്ള കോട്ടകൾ നിലംപതിക്കുമെന്നും, ആ അവസരം നോക്കി നഗരത്തെ കീഴടക്കണമെന്നും നിർദ്ദേശം കൊടുത്തിരുന്നു. അങ്ങനെ റോമിന്റെ ഭരണത്തിൽനിന്നു ജറുസലേമിനെ മോചിപ്പിക്കാമെന്നായിരുന്നു പ്രതീക്ഷ. അതൊന്നും നടന്നില്ല. റോമൻപട്ടാളം ഒലിവുമലയിൽ കൂടിയിരുന്ന ഒരു വലിയ വിഭാഗത്തെ കൊന്നൊടുക്കി. ബാക്കിയുള്ളവരെ പിടിച്ച് കാരാഗൃഹത്തിലടച്ചു. ഈജിപ്തുകാരൻ ഓടി രക്ഷപെടുകയും ചെയ്തു. ഇതിന്റെ ഫലമായി ജനങ്ങൾക്ക് അയാളുടെ നേരെ ശക്തിയായ വെറുപ്പുണ്ടായി. പൗലോസ് അയാളായിരിക്കുമെന്നാണ് സഹസ്രാധിപൻ ചിന്തിച്ചത്.

എന്നാൽ പൗലോസ് സ്വയം പരിചയപ്പെടുത്തുകയാണ്. ഒരു യഹൂദനും, അപ്രധാനമല്ലാത്ത താർസോസ് നഗരത്തിലെ പൗരനുമായി സ്വയം പരിചയപ്പെടുത്തുന്നു. ജനങ്ങളോടു സംസാരിക്കാൻ അനുവാദം ചോദിക്കുന്നു. തന്നെ കൊല്ലുവാൻ ശ്രമിച്ച ജനങ്ങളോടു സംസാരിക്കുവാനാണ് പൗലോസ് അനുവാദം ചോദിച്ചത്. അവരിൽനിന്നും രക്ഷപെടുവാൻ ശ്രമിക്കാതെ അവരെ മിശിഹായ്ക്കുവേണ്ടി നേടുവാനാണ് പൗലോസ് ശ്രമിക്കുന്നത്. ഇതു സുവിശേഷം നല്കുന്ന ആന്തരികശക്തിയാണ്. വിശുദ്ധ ജോൺ ക്രിസോസ്റ്റോം ഇതേപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: ''അനേകം പാപികളെക്കാൾ ബലഹീനമായിട്ടൊന്നുമില്ല; ദൈവത്തിന്റെ നിയമം പാലിക്കുന്നവനെക്കാൾ ശക്തമായി മറ്റൊന്നുമില്ല'' (നടപടിപ്പുസ്തകവ്യാഖ്യാനം). പൗലോസ് തന്റെ ശത്രുക്കളെ കുറ്റപ്പെടുത്തുവാനല്ല ശ്രമിക്കുന്നത്. സുവിശേഷം പ്രസംഗിക്കപ്പെടേണ്ടത് വാളുകളാലും കുന്തങ്ങളാലുമല്ല; പ്രത്യുത ഉപദേശങ്ങളാലും ബോദ്ധ്യങ്ങളാലുമാണെന്നുള്ള വിശുദ്ധ അത്തനാസിയൂസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ശുശ്രൂഷാരംഗങ്ങളിൽ എതിർപ്പുകളും പീഡനങ്ങളുമുണ്ടാകുമ്പോൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവയെ ശാന്തമായി നേരിടാൻ നമുക്കു കഴിയണം.

## ജീവിതസൂചിക

1. സഭാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെയെല്ലാം പരിശ്രമിക്കുന്നു?
2. ത്യാഗാത്മകമായ അനുസരണത്തിന്റെ മാർഗ്ഗമാണോ ഞാൻ എന്റെ അജപാലനശുശ്രൂഷയിൽ സ്വീകരിക്കുന്നത്?
3. സഭാശുശ്രൂഷകരും സഭാസമൂഹവുമായി എല്ലാം പങ്കിട്ടനുഭവിക്കുന്ന ശൈലിയാണോ എനിക്കുള്ളത്?
4. വിശ്വാസത്തെപ്രതി പീഡ സഹിക്കേണ്ടി വരുമ്പോൾ ഞാൻ എപ്രകാരമാണ് അതിനെ നേരിടുന്നത്?
5. സഹനത്തെ ശാന്തതയോടെയും ദൈവാശ്രയത്വത്തോടെയും നേരിടാൻ എനിക്കു കഴിയുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി



## മാർ ജോസഫ് പെരുന്തോട്ടം

**ആഗസ്റ്റ് 2019**

31 രാവിലെ പാസ്റ്ററൽ സെന്ററിൽ മാതൃവേദിയുടെ റൂബിജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച കലാമത്സരം ഉദ്ഘാടനം ചെയ്തു. നാലുകോടി സെന്റ് തോമസ് ഇടവകാംഗമായ ശ്രീമതി ക്ലാരമ്മ തോമസിന്റെ നിര്യാണത്തെതുടർന്ന് ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പറമ്പത്ത് ബഹു. കുര്യാക്കോസച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സി. ജസ്റ്റിൻ എഫ്.സി.സി.യുടെ മൃതസംസ്കാര ശുശ്രൂഷകളുടെ ആമുഖ കർമ്മങ്ങൾക്ക് കുറുമ്പനാടം മഠം ചാപ്പലിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ അജപാലനമന്ദിരം ആശീർവദിക്കുകയും ഇടവകയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

**സെപ്റ്റംബർ 2019**

1 രാവിലെ തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും നവീകരിച്ച മോണ്ടളം ആശീർവദിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കുറവിലങ്ങാട് മർത്ത് മറിയം ദൈവാലയത്തിൽ സംഘടിപ്പിച്ച നസ്രാണി സംഗമത്തിൽ പങ്കെടുത്തു.

02 രാവിലെ കുന്നന്താനം എൽ.എസ്.ഡി.പി. മഠം ചാപ്പലിൽ വി. കുർബാന അർപ്പിക്കുകയും സിനാക്സിസ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഭാരത സന്ദർശനത്തിനെത്തിയ ആംഗ്ലിക്കൻ ആർച്ച്ബിഷപ് മോസ്റ്റ്. റവ. ജസ്റ്റിൻ വെൽബിയുമായി സി.എം.എസ്.കോളജിൽ കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

03 രാവിലെ സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാന അർപ്പിക്കുകയും വാർഷികധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരെ വ്യക്തിപരമായി കാണുകയും ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ വൊക്കേഷൻ പ്രമോട്ടേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിന്റെ മാനേജിംഗ് ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

04 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. വൈകുന്നേരം റീജൻസിക്കാരുടെ മാസധ്യാനത്തോടനുബന്ധിച്ച് ക്ലാസ് എടുത്തു.

05 ഉച്ചകഴിഞ്ഞ് തുരുത്തി സെന്റ് മേരീസ് ഇടവാകാംഗമായ ശ്രീ. തോമ്മാച്ചൻ നേര്യംപറമ്പിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം കുരിശുമ്മൂട് മീഡിയ വില്ലേജിൽ പുതിയ റിക്കോർഡിംഗ് സ്റ്റുഡിയോ ആശീർവദിക്കുകയും ദേശീയ അവാർഡ് നേടിയതിനോടനുബന്ധിച്ചുള്ള അനുമോദനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

06 രാവിലെ അമല തിയോളജിക്കൽ കോളജിലെ വിദ്യാർത്ഥികളെ സന്ദർശിക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. വൈകുന്നേരം നിരണം സെന്റ് തോമസ് സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ് നയിച്ചു.

07 രാവിലെ അംസപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ നടന്ന സന്യസ്ത സംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

08 രാജമറ്റം തിരുഹൃദയ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ആർച്ച് ബിഷപ് ജോസഫ് പവ്വത്തിൽ നവതി സ്മാരകസമുച്ചയം ആശീർവദിച്ചു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പുതുതായി നിർമ്മിച്ച മതബോധന ഹാൾ ആശീർവദിച്ചു.

09 രാവിലെ കൂരോപ്പട മാർ സ്ലീവാ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ വി. കുർബാനസ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. നിരണം സെന്റ് തോമസ് സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

10 രാവിലെ നസ്രത്ത് സെന്റ് ജെറോം ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും അതിരൂപതയിൽനിന്നും ഇടവകാംഗത്തിന് നിർമ്മിച്ചുനൽകിയ ഭവനത്തിന്റെ ആശീർവാദ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

11 യൂറോപ്പിൽ സേവനം അനുഷ്ഠിക്കുന്ന വൈദികരെ സന്ദർശിക്കാനും 'ആദ് ലിമിനാ' വിസിറ്റിനുമായി പുറപ്പെട്ടു.

## മാർ തോമസ് തറയിൽ

**ആഗസ്റ്റ് 2019**

31 രാവിലെ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവക പറമ്പത്ത് പെരിയ ബഹു. കുര്യാക്കോസ് അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നല്കി. തുടർന്ന് നിരണം സെമിനാരിയിൽ ക്ലാസ് നയിച്ചു. വൈകുന്നേരം എസ്.ബി. കോളേജ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജൂബിലിയാഘോഷത്തിൽ സംബന്ധിച്ചു. ശേഷം മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ഫൊറോനാ കൂട്ടായ്മാലീഡേഴ്സ് സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

## സെപ്റ്റംബർ 2019

01 വാവോട് തിരുഹൃദയദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തുകയും സന്ന്യസ്തരുടെയും കിടപ്പുരോഗികളുടെയും ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. വൈകുന്നേരം നെടുമങ്ങാട് മദർ തെരേസാ വൃദ്ധമന്ദിരം സന്ദർശിച്ചു. തുടർന്ന് കുറ്റിച്ചൽ ലൂർദ്ദ്മാതാ എഞ്ചിനീയറിംഗ് കോളേജിൽ എട്ടുനോമ്പിനൊരുക്കമായ വിദ്യാർത്ഥികളുടെ ജപമാലപ്രാർത്ഥനയിൽ പങ്കെടുത്തു.

02 പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ് നയിച്ചു. വൈകുന്നേരം മഹേന്ദ്രപുരം സെയിന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

03 രാവിലെ നിരണം മാർതോമ്മാ ശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും വൈദികവിദ്യാർത്ഥികളോടൊപ്പം സമയം ചിലവിടുകയും ചെയ്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അയർക്കുന്നം സെയിന്റ് സെബാസ്റ്റ്യൻസ് ഇടവക കൊങ്ങാണ്ടുചാലക്കൽ ശ്രീമതി ഏലിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നല്കി. തുടർന്ന് കോട്ടയ്ക്കപ്പുറം സെയിന്റ് മാത്യൂസ് ഇടവകാംഗം ശ്രീ. സജോ കരുവേലിയുടെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സഹൃദയഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

04 അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ സംബന്ധിച്ചു. വൈകുന്നേരം കുറവിലങ്ങാട് മർത്തമറിയം തീർത്ഥാടനദൈവലയത്തിൽ മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

05 അതിരൂപതാകേന്ദ്രത്തിൽ റീജൻസി വിദ്യാർത്ഥികളുടെ മാസധ്യാനത്തിൽ സന്ദേശം നല്കി. തുടർന്ന് പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ് നയിച്ചു. വൈകുന്നേരം കുമാരപുരം സെയിന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

06 രാവിലെ കോട്ടയം മെഡിക്കൽ കോളേജിൽ പുന്നത്തുറ സെയിന്റ് തോമസ് ഇടവകയുടെ അന്നദാനശുശ്രൂഷയുടെ നാലാംവാർഷികത്തിൽ ഉച്ചഭക്ഷണം വിതരണം ചെയ്തു. തുടർന്ന് ഇത്തിത്താനം ആശാഭവനിൽ ഓണാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും നവീകരിച്ച കെട്ടിടങ്ങളുടെ വെഞ്ചരിപ്പ്കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ശേഷം തെള്ളകം പുഷ്പഗിരി സെയിന്റ് ജോസഫ് ദൈവാലയത്തിൽ വി. മദർ തെരേസായുടെ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും പുതുതായി നിർമ്മിച്ച കാരുണ്യഭവനം ആശീർവ്വദിക്കുകയും ചെയ്തു.

07 മുട്ടാർ ഇമ്മാക്കുലേറ്റ് CMI കൊവേന്തയിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും നവീകരിച്ച സിമിത്തേരിയും കുരിശിന്റെ വഴിയിലെ പതിനാല് സ്ഥലങ്ങളും ആശീർവ്വദിക്കുകയും ചെയ്തു. തുടർന്ന് എടത്വാ മഹാജൂബിലി ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. ശേഷം കൊടിനാട്ടുകുന്ന് സെയിന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം പാണ്ടിശ്ശേരിൽ ശ്രീമതി ഗ്രേസിക്കുട്ടി ആന്റണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെയിന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. പുതുശ്ശേരി സെയിന്റ് ജോസഫ്സ് ബോയ്സ് ഹോമിൽ ഓണാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

08 ഹൈദരാബാദ് സുചിത്ര സെയിന്റ് മേരീസ് ദൈവാലയത്തിൽ പരി. മാതാവിന്റെ പിറവിത്തിരുനാളിൽ പരി. റാസകുർബാനയർപ്പിച്ച് സന്ദേശം നല്കി.

09 വടക്കേ അമിച്ചകരി സെയിന്റ് ജോർജ് ഇടവക നാൽപ്പതിൽച്ചിറ ശ്രീ. തോമസ് ജോർജിന്റെ മകൻ എബിൻ തോമസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 രാവിലെ എടത്വാ ആരാധനാമഠാംഗമായ സി. മേരി റെയ്മണ്ടിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ ഓണാഘോഷപരിപാടികളിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ഫാത്തിമാപുരം ഇടവക മണലോടിപ്പറമ്പിൽ പ്രൊഫ. സിറിൾ മാത്യുവിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ സംബന്ധിച്ചു.

11 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

12 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ഇത്തിത്താനം ജോസഫൈൻ സന്യാസഭവനം സന്ദർശിച്ചു.

13 രാവിലെ എടത്വാ സെയിന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ കുടുംബകൂട്ടായ്മാലീഡേഴ്സ് സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് സെയിന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ ഫൊറോനാ കൗൺസിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ലൂർദ്ദ്മാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും പുതിയ പാരിഷ് ഹാളിന് കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ശേഷം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ മതബോധനകേന്ദ്രം സംഘടിപ്പിച്ച പ്ലസ് വൺ വിദ്യാർത്ഥികളുടെ ക്യാമ്പിൽ സംസാരിച്ചു.

14 ആർപ്പൂക്കര ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ മിഷൻലീഗ് സ്ഥാപകൻ ഫാ. മാലിപ്പറമ്പിൽ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്യുകയും പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് തെള്ളകം പുഷ്പഗിരി സെയിന്റ് ജോസഫ്സ് ദൈവാലയത്തിൽ വിവാഹം ആശീർവ്വ

ദിച്ചു. ഉച്ചകഴിഞ്ഞ് തുരുത്തി ഇടവക മംഗലത്ത് ശ്രീ. തോമസ് ജോണിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നല്കി. തുടർന്ന് കൂരോപ്പട മാർ സ്ലീവാ ദൈവാലയത്തിൽ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും പുതിയ ഭവനങ്ങളുടെ ശില ആശീർവ്വദിക്കുകയുംചെയ്തു.

15 കുളത്തൂപ്പുഴ സെയിന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ഇടവകസന്ദർശനം നടത്തുകയും കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് മീൻകുളം ലൂർദ്ദ്മാതാ ദൈവാലയത്തിൽ കൊല്ലം - ആയൂർ ഫൊറോനാ യുവജനങ്ങളുമായി സംവദിച്ചു. വൈകുന്നേരം ക്നാനായ നീലംപേരൂർ വലിയപള്ളിയിൽ സൺഡേസ്കൂൾ ശതാബ്ദി സമാപനസമ്മേളനത്തിൽ സന്ദേശം നല്കി. ശേഷം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ബഹു. വൈദികരുടെ മൂന്നാം വാർഷികധ്യാനത്തിൽ ആമുഖസന്ദേശം നൽകി.

16 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ബഹു. വൈദികരെ നേരിൽക്കണ്ട് സംസാരിച്ചു.

17 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ബഹു. അച്ചന്മാരെ നേരിൽക്കണ്ട് സംസാരിക്കുകയും ചെയ്തു.

18 കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിൽ സുവർണ്ണജൂബിലി സമാപനവേളയിൽ കൃതജ്ഞതാബലിയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് പൊതുസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ദർശനം ന്യൂസ് സംഘാടകസമ്മേളനത്തിൽ സംബന്ധിച്ചു. സായാഹ്നത്തിൽ കുറിച്ചി സെയിന്റ് തോമസ് മൈനർ സെമിനാരിയിൽ ആദ്യവർഷ വൈദികവിദ്യാർത്ഥികൾക്കായി ക്ലാസ് നയിച്ചു.

19 കോട്ടയം ഗിരിദീപം ക്യാമ്പസിൽ മലങ്കര പുനരൈക്യ വാർഷിക സഭാസമ്മേളനത്തിൽ ക്ലാസ് നയിച്ചു. വൈകുന്നേരം പെരുംകാവ് മരിയദാസിമാരുടെ സന്യാസഭവനത്തിന്റെ ചാപ്പൽ കൂദാശ ചെയ്ത് പരി. കുർബാനയർപ്പിച്ചു. തുടർന്ന് പാറേൽ എസ്.എച്ച്. സന്യാസഭവനത്തിൽ സി. മേരി ആഗ്നസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 ഇരിങ്ങാലക്കുട രൂപത കണ്ണൂക്കാടൻ ബഹു. പോളി അച്ചന്റെ പിതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പഴയിടം സെയിന്റ് മൈക്കിൾസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് വടവാതൂർ CSsR സെന്ററിൽ കോട്ടയം ഫൊറോനാ യുവജനങ്ങളുമായി സംവദിച്ചു.






# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2019 OCTOBER

| | | |
|---|---|---|
| 23 | | Return from Rome |
| 24 | **02:00 p.m.** | Snehagiri Convent Blessing & Foundation Stone Laying of Old Age Home @ Meenkulam |
| | **05:00 p.m.** | Madbhaha Qudhasha @ St. Mother Teresa Church Kannammoola |
| 25 | **09:30 a.m.** | Ecumenical Seminar @ MOC Manganam |
| | **06:00 p.m.** | Pastoral Council Members Camp @ Zehion Retreat Centre Kunnamthanam |
| 26 | **06:30 p.m.** | Parish Day @ St. Mary's Church Punnamada |
| 28- November 5 | | Visit to Etawah & Jaipur Missions |





# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2019 OCTOBER

| | | |
|---|---|---|
| Oct 1-18 | | *Ad Limina* Visit @ Rome |
| 19 | **07:00 a.m.** | Sacraments of Initiation @ Mallapally |
| | **02:30-03:30 p.m.** | **Visitors' Time** |
| | **05:00 p.m.** | Message & Eucharistic Procession @ Champakulam |
| 20 | **12:00 p.m.** | Engagement @ Podimattam |
| | **03:00 p.m.** | Chapel Blessing @ Snehabhavan, Edathua |
| | **04:30 p.m.** | Thiruvalla Bible Convention @ St. Johns Cathedral |
| 21 | **06:30 a.m.** | Requiem *Qurbana* @ Rajamattam |
| | | Engaged |
| | **05:00 p.m.** | Keynote Address, CSI Madhya Kerala Diocesan Clergy Retreat |
| 22 | **06:30 a.m.** | *Qurbana* @ Priest Home |
| | **09:30 a.m.** | Batch Gathering 2008-'09 @ Archbishop House |
| | **02:30-4:00 p.m.** | **Visitors' Time** |
| | **05:30 p.m.** | Batch Gathering 2009-'10 @ Archbishop House |
| 23 | **06:30 a.m.** | *Qurbana* @ Kurichy Seminary |
| | **08:30 a.m.** | Curia |
| | **05:30 p.m.** | Batch Gathering 2008 @ Archbishop House |
| 24 | **06:30 a.m.** | *Qurbana* @ Palamattam |
| | **03:00 p.m.** | Convent Blessing @ Meenkulam |
| 25-26 | | Pastoral Council Camp @ Kunnamthanam |
| 26 | **10:30 a.m.** | Jubilee *Qurbana* @ S.D. Convent Choottuvely |
| | **06:00 p.m.** | Class @ Pastoral Council |

| | | |
|---|---|---|
| 27 | **05:30 a.m.** | *Qurbana* @ Kodinattumkunnu |
| | **11:00 a.m.** | KLM Leaders Camp @ Pastoral Centre |
| | **02:30 p.m.** | DCMS Family Meet @ Kavukattu Hall, S.B. College |
| | **06:30 p.m.** | Interaction with Youth @ Champakara |
| 28 | **06:30 a.m.** | Jubilee *Qurbana* @ DST Pala |
| | | Engaged |
| 29 | **09:30 a.m.** | Science Conference @ SB School |
| | **03:00 p.m.** | Media Seminar @ AKCC, Changanacherry |
| | **07:00 p.m.** | Class @ Minor Seminary Kurichy |
| 30 | **08:30 a.m.** | Curia |
| | **02:30-04:00 p.m.** | **Visitors' Time** |
| 31 | **10:30 a.m.** | Jubilee *Qurbana* @ MSJ, Kothamangalam |
| | **07:00 p.m.** | Class @ Niranam Seminary |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468